കേരള സർക്കാർ
മത്സ്യബന്ധന വകുപ്പ്

# മത്സ്യകേരളം

A Publication for promoting Fisheries & Aquaculture in Kerala

ത്രൈമാസിക | ജനുവരി 2024



**MAIN COLUMN 08**

## തീരദേശത്തിന് കരുതലും കൈത്താങ്ങും




12
മത്സ്യത്തൊഴിലാളി മനസ്സറിഞ്ഞ് തീരസദസ്സ്





23
മത്സ്യമേഖല ഭാവി പ്രവർത്തനങ്ങൾ ഒറ്റനോട്ടത്തിൽ.





25
കേരളത്തിലെ ജലകൃഷി വികസനം ഒരു അവലോകനം



കേരള സർക്കാർ




# സന്ദേശം

ഉപജീവനത്തിനായി കടലിനേയും ജലാശയങ്ങളേയും ആശ്രയിക്കുന്നവരും പ്രകൃതിയുമായി മല്ലടിച്ചു കഴിയുന്നവരുമായ മത്സ്യത്തൊഴിലാളികളുടെ ജീവനും സ്വത്തിനും തൊഴിലിനും സംരക്ഷണത്തിനും മുന്തിയ പരിഗണനയാണ് സർക്കാർ നൽകുന്നത്. അതോടൊപ്പം രാജ്യാന്തര തലത്തിൽ കഴിഞ്ഞ രണ്ട് ദശാബ്ദക്കാലമായി വന്ന മാറ്റങ്ങൾക്കനുസൃതമായി മത്സ്യമേഖലയെ ശാക്തീകരിക്കേണ്ടതുണ്ട്. കടൽ മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്നതിനുള്ള നടപടികളോടൊപ്പം ജനകീയ മത്സ്യകൃഷിയിലൂടെ ഉൾനാടൻ മത്സ്യമേഖലയെ ഉയർത്തുന്നതിനുള്ള നടപടികളും ഈ കാലയളവിൽ ശക്തിപ്പെട്ടിട്ടുണ്ട്.

മത്സ്യകൃഷി, മത്സ്യബന്ധന മേഖലകളിലെ പ്രവർത്തനങ്ങളുടേയും പദ്ധതികളുടേയും വിശദാംശങ്ങൾ ഉൾപ്പെടുത്തി വകുപ്പ് ഒരു ത്രൈമാസിക പ്രസിദ്ധീകരിക്കുന്നത് ഏറെ പ്രയോജനകരമാവുമെന്ന് കരുതുന്നു. എല്ലാവിധ ആശംസകളും നേരുന്നതോടൊപ്പം ഇതിനായി പ്രവർത്തിച്ച ഏവർക്കും അഭിനന്ദനങ്ങൾ.

**പിണറായി വിജയൻ**

മുഖ്യമന്ത്രി



കേരള സർക്കാർ



# സന്ദേശം

മത്സ്യബന്ധന മേഖലയ്ക്കും മത്സ്യകൃഷിയ്ക്കും തീരദേശ വികസനത്തിനും മുമ്പെങ്ങും ഇല്ലാത്തവിധം പിന്തുണ നല്കുന്ന ഒരു കാലഘട്ടമാണിത്. മത്സ്യത്തൊഴിലാളി ഉന്നമനത്തിനായി കാലോചിതവും മികവുറ്റതുമായ പദ്ധതികളും മത്സ്യകൃഷിയിൽ നൂതന കൃഷി മുറകൾ അവലംബിച്ച് ഉല്പാദനം വർദ്ധിപ്പിക്കുന്നതിനും അടിസ്ഥാന സൗകര്യ വികസനത്തിലൂടെ തീരദേശ മേഖലയുടെ സമഗ്ര വികസനത്തിനുമാണ് സർക്കാർ ഊന്നൽ നല്കുന്നത്. ഈ വികസന പ്രവർത്തനങ്ങൾ ജനസമക്ഷം എത്തിക്കുന്നതിന് സഹായകമാകുന്ന 'മത്സ്യകേരളം' എന്ന ത്രൈമാസികയുടെ ആദ്യ പതിപ്പ് പ്രസിദ്ധീകരിക്കുവാൻ വകുപ്പിന് കഴിഞ്ഞത് അഭിനന്ദനാർഹമാണ്.

'മത്സ്യകേരളം' പ്രസിദ്ധീകരിക്കുന്നതിന് അഹോരാത്രം പണിയെടുത്ത മുഴുവൻ പേർക്കും അഭിനന്ദനങ്ങൾ. വകുപ്പിന്റെ പ്രവർത്തനങ്ങൾ ജനങ്ങളിലേക്ക് എത്തിക്കുന്നതിനുള്ള മുഖപത്രം ആയി 'മത്സ്യകേരളം' ത്രൈമാസിക മാറട്ടെ എന്നാശംസിക്കുന്നു.


**സജി ചെറിയാൻ**
മത്സ്യബന്ധനം, സാംസ്കാരികം,
യുവജനകാര്യ വകുപ്പ് മന്ത്രി

കേരള സർക്കാർ

# ആശംസ

ഫിഷറീസ് വകുപ്പിന്റെ
പ്രവർത്തനങ്ങളിലും ദൗത്യങ്ങളിലും
ജനപങ്കാളിത്തം ഉറപ്പാക്കുന്നതിനും
മത്സ്യമേഖലയിലെ നൂതന
പ്രവണതകൾ, സമ്പ്രദായങ്ങൾ എന്നിവ
മത്സ്യത്തൊഴിലാളികൾ, കർഷകർ,
ഉദ്യോഗസ്ഥർ എന്നിവരുമായി
പങ്കുവയ്ക്കുന്നതിനും ലക്ഷ്യമിട്ട്
ഫിഷറീസ് വകുപ്പ് മത്സ്യകേരളം എന്ന
പേരിൽ ത്രൈമാസിക
പുറത്തിറക്കുകയാണ്.
കേരളത്തിന്റെ മത്സ്യമേഖലയിൽ
പ്രവർത്തിക്കുന്ന എല്ലാവരിലേക്കും
വകുപ്പിന്റെ പ്രവർത്തനങ്ങളും
ദൗത്യങ്ങളും എത്തിക്കുന്നതിന്
ഉപകാരപ്രദമാകട്ടെ എന്ന്
ആശംസിക്കുന്നു.

**കെ. എസ്. ശ്രീനിവാസ് IAS**
പ്രിൻസിപ്പൽ സെക്രട്ടറി



മത്സ്യകേരളം

# CONTENTS

ത്രൈമാസിക
മത്സ്യബന്ധന വകുപ്പ് പ്രസിദ്ധീകരണം
കേരള സർക്കാർ
ജനുവരി 2024 പുസ്തകം 1 ലക്കം 1



14 കേരളത്തിന്റെ മത്സ്യമേഖല വികസനം ഒരു കാഴ്ചപ്പാട്


16 ഓഖി സമാനതകളില്ലാത്ത പുനരധിവാസം


18 പുനർഗേഹം


21 സമുദ്രമത്സ്യബന്ധന മേഖലയുടെ ഉന്നമനത്തിൽ കേരളത്തിന്റെ പങ്ക്.


28 മത്സ്യ വിഭവ പരിപാലനം


30 ജനകീയ മത്സ്യകൃഷി പദ്ധതി


32 സാഫിലൂടെ സേഫ് ആണ് കടലിന്റെ മക്കൾ



34 അന്യമാകുന്ന മത്സ്യ സമ്പത്ത് പുനരുജ്ജീവനത്തിന് കൃത്രിമപാരുകൾ


36 മത്സ്യത്തൊഴിലാളി ക്ഷേമം ഉറപ്പാക്കി ക്ഷേമനിധി ബോർഡ് മുന്നോട്ട്


37 മത്സ്യ തൊഴിലാളികളെ സഹകാരികളാക്കി മത്സ്യഫെഡ്


38 തീരദേശ വികസനം യാഥാർത്ഥ്യമാക്കി തീരദേശ വികസന കോർപ്പറേഷൻ


40 കാലത്തിനൊപ്പം വർണ്ണാഭമായി കാവിൽ (KAVIL)


41 ഹാച്ചറികളും ഫാമുകളും ഉയർത്തെഴുന്നേൽപ്പിന്റെ പാതയിൽ


42 തീരത്ത് നിന്നു പ്രോഫഷണലുകളെ വാർത്തെടുത്ത് വിദ്യാതീരം


43 അലങ്കാര മത്സ്യ കൃഷിയിൽ കേരളത്തിന്റെ അനന്ത സാധ്യതകൾ


45 സുസ്ഥിര മത്സ്യസമ്പത്ത് അപകടരഹിത മത്സ്യബന്ധനം


47 മത്സ്യബന്ധന സാമൂഹിക സാമ്പത്തിക സെൻസസ് 2023



48 പായലേറും ജലാശയങ്ങൾ മത്സ്യ സമൃദ്ധിയിലേക്ക്.


50 കേരളവും മത്സ്യ വിപണനത്തിൽ ലോകോത്തര നിലവാരത്തിലേക്ക്

51 അറിയിപ്പുകൾ

# സംസ്ഥാന മത്സ്യബന്ധന വകുപ്പ്
# പിടിച്ചെടുക്കാവുന്ന മത്സ്യത്തിന്റെ നിയമാനുസൃതമായ കുറഞ്ഞ വലിപ്പം

G.O (P) No. 45/2023/F&PD Dated: 25/08/2023




TL : Total Length
FL : Fork Length
SL : Standard Length
DW : Disc Width
CW : Carapace Width
DML : Dorsal Mantle Length
APM : Anterior Posterior Measurement
g : gram

പ്രസിദ്ധീകരിക്കുന്നത്
ഫിഷറീസ് ഡയറക്ടർ, ഫിഷറീസ് വകുപ്പ്
Photos : CMFRI, Kochi & Directorate of Fisheries

# മത്സ്യകേരളം





ചീഫ് എഡിറ്റർ
**അബ്ദുൾ നാസർ ബി, ഐ.എ.എസ്**
ഫിഷറീസ് ഡയറക്ടർ

ഡെപ്യൂട്ടി ചീഫ് എഡിറ്റർ
**സ്മിത ആർ നായർ**
അഡീഷണൽ ഡയറക്ടർ (I/C)
**സലിം എച്ച്**
ജോയിന്റ് ഡയറക്ടർ (Aqua)

എഡിറ്റർ
**എസ്. സന്തോഷ് കുമാർ**
ഡെപ്യൂട്ടി ഡയറക്ടർ (PME)

കോ ഓർഡിനേറ്റർ
**മാജ ജോസ്. പി**
ഡെപ്യൂട്ടി ഡയറക്ടർ

അസോസിയേറ്റ് എഡിറ്റർ
**ഡോ. നീത സൂസൻ ഡേവിഡ്**
അസിസ്റ്റന്റ് ഡയറക്ടർ
**മനോജ്. കെ. ആർ.**
അസിസ്റ്റന്റ് ഡയറക്ടർ

അസിസ്റ്റന്റ് എഡിറ്റർ
**ബീന ബെൻ**
ജൂനിയർ സൂപ്രണ്ട്
**ശ്യാംകുമാർ. എസ്**
അസി. ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ

സർക്കുലേഷൻ മാനേജർ
**മനുലാൽ. ആർ**
ജൂനിയർ സൂപ്രണ്ട്

ഡിസൈൻ
**സിനാരിയോ**

ഓഫീസ്
**ഫിഷറീസ് ഡയറക്ടറേറ്റ്,**
വികാസ് ഭവൻ, തിരുവനന്തപുരം 695 033
0471 2304348
matsyakeralam24@gmail.com


## മുഖരേഖ

കേരളത്തിന്റെ സാമ്പത്തിക സാമൂഹിക വളർച്ചയിൽ നിർണ്ണായക സംഭാവന നല്കിയിട്ടുള്ള പ്രധാനപ്പെട്ട ഒരു തൊഴിൽ മേഖലയാണ് മത്സ്യബന്ധന മേഖല. പാർശ്വവത്കരിക്കപ്പെട്ട കഠിനാധ്വാനികളായ മത്സ്യത്തൊഴിലാളി സമൂഹത്തെ മുഖ്യധാരയിലേക്ക് കൊണ്ട് വന്ന് അവരുടെ ഉപജീവന സുരക്ഷയും വിദ്യാഭ്യാസ ഉന്നതിയും സാമ്പത്തിക വളർച്ചയും ഉറപ്പാക്കുന്നതിന് ഉതകുന്ന പദ്ധതികളാണ് വകുപ്പ് ഇക്കാലയളവിൽ മുഖ്യപരിഗണന നൽകി നടപ്പാക്കി പോരുന്നത്. ഇതോടൊപ്പം മത്സ്യസമ്പത്തിന്റെ സംരക്ഷണവും നൂതന കൃഷിമുറകൾ അവലംബിച്ച് മത്സ്യകൃഷിയിലൂടെയുള്ള മത്സ്യ ഉല്പാദന വർദ്ധനവും ഗുണനിലവാരം ഉറപ്പാക്കി മത്സ്യം ഉപഭോക്താക്കളിൽ എത്തിക്കുന്നതിനും ലക്ഷ്യമിടുന്നു. ഒൻപതാം പഞ്ചവത്സര പദ്ധതിക്കാലത്ത് വകുപ്പിന്റെ പ്രവർത്തനങ്ങൾ പ്രാദേശിക തലത്തിൽ എത്തിക്കുന്നതിനും ഒരു കുടക്കീഴിൽ കൊണ്ട് വരുന്നതിനും ലക്ഷ്യമിട്ട് വിഭാവനം ചെയ്ത മത്സ്യഭവനുകൾ ഇന്നും പൂർണ്ണാർത്ഥത്തിൽ യാഥാർത്ഥ്യമാകാത്തത് വകുപ്പിന്റെ പ്രവർത്തനങ്ങൾ പ്രാദേശിക ജനവിഭാഗങ്ങൾക്ക് അനുഭവവേദ്യമാക്കുന്നതിന് വിഘാതമായി നില്ക്കുന്നു. പരാതി പരിഹാരത്തിനായി കാൾ സെന്ററും, രക്ഷാപ്രവർത്തന ഏകോപനത്തിനായി മാസ്റ്റർ കൺട്രോൾ റൂമും സേവനങ്ങൾ ഓൺലൈൻ ആക്കിയും ഇ-ഓഫീസ് സംവിധാനം യാഥാർത്ഥ്യമാക്കിയും നമുക്ക് മുന്നേറാൻ കഴിഞ്ഞെങ്കിലും ഇനിയും കടമ്പകളേറെയാണ്.

എല്ലാ മത്സ്യത്തൊഴിലാളികളേയും സഹകാരികളാക്കി ഇടനിലക്കാരുടെ ചൂഷണത്തിൽ നിന്നും മോചനം നൽകി മത്സ്യബന്ധന യാനങ്ങളുടെ ഉടമകളാക്കുവാൻ കഴിയണം. മത്സ്യകൃഷിയിൽ നൂതന സാങ്കേതിക വിദ്യകളും നിർമ്മിത ബുദ്ധിയും റോബോട്ടിക്സും പ്രയോജനപ്പെടുത്തി ഉല്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനും ഉല്പാദന ചെലവ് കുറയ്ക്കുന്നതിനും കഴിയണം. വിജ്ഞാന വ്യാപന പ്രവർത്തനങ്ങളുടെ പരിമിതിയും പദ്ധതികളെക്കുറിച്ചുള്ള മതിയായ അറിവില്ലായ്മയും പലപ്പോഴും യഥാർത്ഥ ഗുണഭോക്താക്കൾക്ക് സഹായങ്ങൾ നിഷേധിക്കപ്പെടുന്ന അവസ്ഥയ്ക്ക് കാരണമാകുന്നു. ഈ പോരായ്മകൾ പരിഹരിക്കപ്പെടണമെങ്കിൽ പദ്ധതികളെ കുറിച്ചുള്ള ലഘുലേഖകളും, പോസ്റ്ററുകളും, കൈപ്പുസ്തകങ്ങളും, മാസികകളും ഒക്കെ ജനങ്ങളിലേക്ക് എത്തണം. വകുപ്പിന്റെ പ്രവർത്തനവും ദൗത്യങ്ങളും വിജയഗാഥകളും വിശദീകരിക്കുന്നതിന് ഉതകുന്ന തരത്തിൽ തയ്യാറാക്കപ്പെട്ടിട്ടുള്ള ഈ ത്രൈമാസിക വകുപ്പിന്റെ വിജ്ഞാന വ്യാപന പ്രവർത്തനങ്ങൾക്ക് ഒരു മുതൽക്കൂട്ടാകട്ടെ.

**അബ്ദുൾ നാസർ ബി, ഐ.എ.എസ്**
ഫിഷറീസ് ഡയറക്ടർ

# തീരദേശത്തിന് കരുതലും കൈത്താങ്ങും



സജി ചെറിയാൻ

ലോകത്തിലെത്തന്നെ അതികഠിനമായ തൊഴിൽ മേഖലയിലൊന്നാണ് മത്സ്യബന്ധനം. ഉപജീവനത്തിനായി കടലിനെ ആശ്രയിക്കുകയും തൊഴിൽപരമായി കടലോരത്ത് ജീവിക്കുകയും ചെയ്യുന്നവരാണ് മത്സ്യത്തൊഴിലാളികൾ. കേരളത്തിന്റെ സാമൂഹിക സാമ്പത്തിക തൊഴിൽമേഖലകളിൽ ഏറ്റവുമധികം സംഭാവന നൽകുന്ന മത്സ്യത്തൊഴിലാളികളുടെ സുരക്ഷയ്ക്കും സാമൂഹികോന്നമനത്തിനും സഹായകമാകുന്ന പദ്ധതികളാണ് കേരള സർക്കാർ ആവിഷ്കരിച്ചിട്ടുള്ളത്. മത്സ്യത്തൊഴിലാളി വിഭാഗത്തെ സംരക്ഷിക്കുന്ന കാര്യത്തിലും സാമൂഹിക പരിരക്ഷ ഉറപ്പാക്കുന്ന കാര്യത്തിലും സർക്കാർ പ്രതിജ്ഞാബദ്ധമാണ്. അവരുടെ ജീവനും സ്വത്തിനും തൊഴിലിനും വിദ്യാഭ്യാസത്തിനും സംരക്ഷണം ഉറപ്പാക്കുന്ന പദ്ധതികളുമായാണ് സർക്കാർ മുന്നോട്ട് പോകുന്നത്. മത്സ്യത്തൊഴിലാളികളുടെ പുനരധിവാസ പദ്ധതിയായ 'പുനർഗേഹം' മുതൽ പ്രത്യേക പരിശീലനം നൽകി ആഴക്കടൽ മത്സ്യബന്ധനത്തിന് മത്സ്യത്തൊഴിലാളികളെ പ്രാപ്തരാക്കുന്ന പദ്ധതികൾവരെ ഇതിൽ ഉൾപ്പെടുന്നു.

നൂറ്റാണ്ടിലെ ഏറ്റവും വലിയ പ്രളയമുണ്ടായപ്പോൾ സ്വന്തം ജീവൻ പോലും നോക്കാതെ കേരള സമൂഹത്തിന്റെ ആകെ രക്ഷകരായി മുന്നിട്ടിറങ്ങിയവരാണ് ഇവർ. സമാനതകളില്ലാത്ത പ്രവൃത്തിയിലൂടെ നാടിന്റെ സേനയായവരെ എല്ലാ രീതികളിലും സംരക്ഷിക്കുക എന്നതാണ് സർക്കാരിന്റെ ലക്ഷ്യം.




മത്സ്യമേഖലയിൽ നിന്നുള്ള ആഭ്യന്തരോല്പാദനം സംസ്ഥാനത്തിന്റെ മൊത്തം ആഭ്യന്തരോല്പാദനത്തിന്റെ 1.76 ശതമാനവും പ്രാഥമികമേഖലയുടെ 15.19 ശതമാനവുമാണ്. എന്നാൽ സംസ്ഥാനത്തെ മത്സ്യത്തൊഴിലാളികളുടെ വാർഷിക ആളോഹരി വരുമാനം പൊതുവിഭാഗത്തിന്റെ വാർഷിക ആളോഹരി വരുമാനത്തിന്റെ പകുതിയോട് അടുത്ത് മാത്രമാണ്. ആയതിനാൽ മത്സ്യമേഖലയുടെ ആഭ്യന്തര ഉല്പാദന വളർച്ചാ തോത് വർധിപ്പിക്കുന്നതിനും മത്സ്യത്തൊഴിലാളി സമൂഹത്തിന്റെ സാമ്പത്തിക പിന്നാക്കാവസ്ഥ പരിഹരിക്കുന്നതിനും ഉതകുന്ന പദ്ധതികളാണ് കഴിഞ്ഞ ഏഴു വർഷക്കാലമായി സർക്കാർ നടപ്പാക്കി വരുന്നത്. കഴിഞ്ഞ ഏഴു വർഷക്കാലയളവിലായി 3074 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തുകയും 2745 കോടി രൂപ മത്സ്യമേഖലയിൽ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. ഇതിനെല്ലാം പുറമേ കിഫ്ബി, ഓഖി പാക്കേജ്, ലൈഫ് മിഷൻ, മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, ജല സേചന വകുപ്പ്, ആർ. കെ. ഐ, തൊഴിൽ വകുപ്പ് എന്നിവയെല്ലാംകൂടി തീരസംരക്ഷണ മടക്കമുള്ള മത്സ്യമേഖലയിലെ വികസനത്തിനായി 11000 കോടിയിലധികം രൂപ ചെലവഴിച്ചു വരുന്നു.

**സമാനതകളില്ലാത്ത പ്രവൃത്തിയിലൂടെ നാടിന്റെ സേനയായവരെ എല്ലാ രീതികളിലും സംരക്ഷിക്കുക എന്നതാണ് സർക്കാരിന്റെ ലക്ഷ്യം.**





## എല്ലാവർക്കും അടച്ചുറപ്പുള്ള വീട്

അടച്ചുറപ്പുള്ള വീട് എന്നത് മത്സ്യത്തൊഴിലാളിമേഖലയിലെ വലിയൊരു സ്വപ്നമായിരുന്നു. അത് തിരിച്ചറിഞ്ഞാണ് കടലാക്രമണത്തിൽ വീടും ഭൂമിയും നഷ്ടപ്പെട്ടവരേയും വേലിയേറ്റ രേഖയിൽ നിന്നും 50 മീറ്ററിനുള്ളിൽ അധിവസിക്കുന്നവരേയും പുനരധിവസിപ്പിക്കാൻ 2450 കോടി രൂപയുടെ 'പുനർഗേഹം' പദ്ധതി നടപ്പിലാക്കി വരുന്നത്. പദ്ധതി പ്രകാരം സുരക്ഷിതമേഖലയിലേക്കു മാറിതാമസിക്കുവാൻ സന്നദ്ധത അറിയിച്ചിട്ടുള്ള മുഴുവൻ പേരെയും മാറ്റിപാർപ്പിക്കുകയാണ് സർക്കാർ ലക്ഷ്യം. കാരോട്, ബീമാ പള്ളി, കൊല്ലം QSS കോളനി, പൊന്നാനി എന്നിവിടങ്ങളിലായി 390 കുടുംബങ്ങളെ ഭവന സമുച്ചയമൊരുക്കി പുനരധിവസിപ്പിച്ച് കഴിഞ്ഞു. മണ്ണുംപുറം, നിറമരുതൂർ, മുട്ടത്തറ, വെസ്റ്റ്ഹിൽ, കോയിപ്പാടി, പൊന്നാനി എന്നിവിടങ്ങളിൽ ഭവനസമുച്ചയ നിർമ്മാണം ആരംഭിച്ചു കഴിഞ്ഞു. 2016 മുതൽ നാളിതു വരെ 12558 കുടുംബങ്ങൾക്ക് വിവിധ പുനരധിവാസ പദ്ധതികളിലും ഭവന നിർമ്മാണ പദ്ധതികളിലും ഉൾപ്പെടുത്തി ആനുകൂല്യം അനുവദിച്ചിട്ടുണ്ട്.

## മത്സ്യത്തൊഴിലാളി ഭവനനിർമ്മാണത്തിന് ലൈഫ് പദ്ധതിയിൽ മുന്തിയ പരിഗണന

'എല്ലാവർക്കും പാർപ്പിടം' എന്ന ലക്ഷ്യത്തോടെ പ്രവർത്തിക്കുന്ന ലൈഫ് പദ്ധതി മുഖേന എല്ലാ മത്സ്യത്തൊഴിലാളികൾക്കും ഭവനമെന്ന സ്വപ്നം സാക്ഷാത്കരിക്കുന്നതിന് മുന്തിയ പരിഗണനയാണ് നൽകിയിട്ടുള്ളത്. ഭൂമിയുള്ള ഭവനരഹിതരായ 5985 പേർക്ക് കഴിഞ്ഞ സർക്കാരിന്റെ കാലത്തും 3650 ഗുണഭോക്താക്കൾക്ക് ഈ സർക്കാരിന്റെ കാലത്തും ഭവനനിർമാണ സഹായം അനുവദിച്ചു നല്കിയിട്ടുണ്ട്. ഇതിനു പുറമേയാണ് തീരദേശ ജനതയ്ക്കായുള്ള പുനരധിവാസ പ്രവർത്തനങ്ങൾ.

## കേന്ദ്രനയങ്ങൾക്കെതിരെ ശക്തമായ ചെറുത്തുനില്പ്

മത്സ്യത്തൊഴിലാളികൾക്ക് പ്രതിലോമകരമായ ദേശീയ മത്സ്യബന്ധന നിയമത്തിലെ വ്യവസ്ഥകൾ ഒഴിവാക്കാൻ സംസ്ഥാന സർക്കാർ ശക്തമായ ചെറുത്തുനില്പാണ് നടത്തിയത്. ഇതിന്റെ ഭാഗമായി സംസ്ഥാന സർക്കാർ സമർപ്പിച്ച നാല്പത്തിരണ്ടിലധികം നിർദേശങ്ങൾ കേന്ദ്രം അംഗീകരിച്ച് വേണ്ട തിരുത്തലുകൾ വരുത്തിയെന്നതുതന്നെ കേരളത്തിന്റെ നേട്ടമാണ്. കൂടാതെ ബ്ലൂ എക്കണോമിയിലും ധാതു മണൽ ഖനനത്തിലും കേന്ദ്രത്തിന്റെ നയങ്ങൾക്കെതിരായ അഭിപ്രായം സംസ്ഥാന സർക്കാർ അറിയിച്ചിട്ടുണ്ട്. പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ ജീവനോപാധിയായ മത്സ്യബന്ധനം തുടരുന്നതിന് കുറഞ്ഞ വിലയ്ക്ക് ഇന്ധനം ലഭ്യമാക്കണമെന്നതും കേന്ദ്രത്തോട് നിരവധി തവണ കേരളം ആവശ്യപ്പെട്ടിട്ടുണ്ട്. മത്സ്യത്തൊഴിലാളികളുടെകൂടി പങ്കാളിത്തം ഉറപ്പാക്കിയുള്ള സമുദ്രമത്സ്യ സമ്പത്ത് പരിപാലനമാണ് കേരളം ആഗ്രഹിക്കുന്നത്. ഇതിനായി കേരളം തെന്നിന്ത്യൻ സംസ്ഥാനത്തെ ഫിഷറീസ് മന്ത്രിമാരുടെ യോഗവും സംഘടിപ്പിച്ചിരുന്നു.

## അപകട ഇൻഷുറൻസ് ആനുകൂല്യം നാലിരട്ടി

മത്സ്യത്തൊഴിലാളികൾ മത്സ്യബന്ധനത്തിനിടയിൽ അപകടത്തിൽപ്പെട്ട് മരണമടഞ്ഞാൽ ലഭിക്കുന്ന ഇൻഷുറൻസ് ആനുകൂല്യം 2016 ൽ 5 ലക്ഷം ആയിരുന്നത് 20 ലക്ഷം രൂപയായി ഉയർത്തി നടപ്പാക്കി വരുന്നു. മത്സ്യബോർഡ് വഴി 10 ലക്ഷം രൂപയുടെ പോളിസിയും മത്സ്യഫെഡ് വഴി 10 ലക്ഷം രൂപയുടെ പോളിസിയും ഉൾപ്പെടെയാണ് 20 ലക്ഷം. മത്സ്യബോർഡ് വഴി നടപ്പാക്കുന്ന ഇൻഷുറൻസ് പദ്ധതിയുടെ പ്രീമിയം പൂർണമായും സർക്കാരാണ് വഹിക്കുന്നത്. മത്സ്യത്തൊഴിലാളി അനുബന്ധ തൊഴിലാളി എന്ന വേർതിരിവ് ഇല്ലാതെയാണ് ഇൻഷുറൻസ് പദ്ധതി നടപ്പാക്കി വരുന്നത്.

## സുരക്ഷിതയാനങ്ങളും ഇൻഷുറൻസ് പരിരക്ഷയും

പരമ്പരാഗത മത്സ്യത്തൊഴിലാളികൾ ഏറിയപങ്കും മത്സ്യബന്ധനത്തിനായി ഉപയോഗിച്ചിരുന്നത് സുരക്ഷിതമല്ലാത്ത പ്ലൈവുഡ് യാനങ്ങളായിരുന്നു. ഇതിന് പലപ്പോഴും ചെറിയ തരത്തിലുള്ള അപകടങ്ങളെ പോലും അതിജീവിക്കാൻ കഴിയാതെ വരുന്നതിനാൽ മത്സ്യബന്ധനത്തിനിടയിലെ അപകട സാധ്യത വർദ്ധിക്കുന്നു. ഈ സാഹചര്യത്തിലാണ് മത്സ്യബന്ധനത്തിന് സുരക്ഷിതയാനങ്ങൾ ഏർപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ പ്ലൈവുഡ് യാനങ്ങൾക്കു പകരമായി കൂടുതൽ സുരക്ഷിതമായ എഫ്. ആർ. പി. യാനങ്ങൾ അനുവദിക്കുന്നതിന് പ്രത്യേക പദ്ധതി ആവിഷ്കരിച്ചു നടപ്പാക്കിയത്. കൂടാതെ മത്സ്യഫെഡ് വഴി കൂടുതൽ സുരക്ഷിതമായ എഫ്. ആർ. പി. യാനങ്ങൾ സ്വന്തമാക്കുന്നതിന് മത്സ്യത്തൊഴിലാളികൾക്ക് വായ്പയും അനുവദിച്ചു. പലപ്പോഴും അപകടത്തിൽപ്പെട്ട് യാനത്തിനും എഞ്ചിനും നാശം സംഭവിച്ചാൽ അവ പുതുക്കി പണിയുന്നതിന് മത്സ്യത്തൊഴിലാളികൾ ഏറെ ബുദ്ധിമുട്ടുന്ന സാഹചര്യമാണ് മുൻപ് ഉണ്ടായിരുന്നത്. ഇത് പരിഹരിക്കുന്നതിനായി എല്ലാ പരമ്പരാഗത മത്സ്യബന്ധനയാനങ്ങൾക്കും ഇൻഷുറൻസ് ഏർപ്പെടുത്തുകയും പ്രീമിയം തുകയുടെ 90 ശതമാനവും സർക്കാർ വഹിക്കുകയുമുണ്ടായി.

## വിദ്യാതീരം പദ്ധതിയിലൂടെ തീരദേശത്തു നിന്നും ഡോക്ടർമാർ

മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് പഠനത്തിനായി വിദ്യാഭ്യാസാനുകൂല്യങ്ങൾ സമയബന്ധിതമായി ലഭ്യമാക്കുന്നതിന് ഇ-ഗ്രാന്റ്സ് പദ്ധതി നടപ്പിലാക്കുകയും ആനുകൂല്യങ്ങൾ DBT മുഖാന്തിരം ബാങ്ക് അക്കൗണ്ടിലേക്ക് അനുവദിക്കുകയും ചെയ്തു വരുന്നു. ഇതിനു പുറമേ മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് യു. പി. എസ്. സി, പി. എസ്. സി, ബാങ്ക് ടെസ്റ്റ് തുടങ്ങിയ മത്സരപരീക്ഷകൾക്ക് പരിശീലനം നൽകുകയും ചെയ്യുന്നുണ്ട്. വിദ്യാതീരം പദ്ധതിയിൽ ഉൾപ്പെടുത്തി മെഡിക്കൽ എൻട്രൻസിന് പരിശീലനം നൽകിയതിന്റെ ഭാഗമായി തീരദേശത്തുനിന്നും 84 വിദ്യാർത്ഥികൾക്ക് എം.ബി.ബി.എസിന് പ്രവേശനം ലഭിച്ചു വെന്നത് തീരദേശത്തെ വിദ്യാഭ്യാസമേഖലയിലെ വകുപ്പിന്റെ ഇടപെടലിന് ഉത്തമോദാഹരണമാണ്. കൂടാതെ വിദ്യാതീരം പദ്ധതിയിലൂടെ നൂറിലധികം പേർക്ക് വിവിധ പ്രൊഫഷണൽ കോഴ്സുകൾക്കും അഡ്മിഷൻ നേടാൻ കഴിഞ്ഞിട്ടുണ്ട്.

## എല്ലാ നിയോജക മണ്ഡലങ്ങളിലും മത്സ്യഫെഡ് ഫിഷ് മാർട്ടുകൾ

മത്സ്യവിപണന ശൃംഖല ശക്തിപ്പെടുത്തി ഗുണനിലവാരം ഉറപ്പാക്കിയ മത്സ്യം ഉപഭോക്താക്കൾക്ക് ലഭ്യമാക്കുന്നതിലേയ്ക്കായി മത്സ്യഫെഡ് മുഖേന ഫിഷ് മാർട്ടുകളും, സഹകരണ ബാങ്കുകളുടെ കീഴിൽ ഫ്രാഞ്ചൈസി മാർട്ടുകളും പ്രവർത്തനം നടത്തി വരുന്നു. ഇതുവരെ 121 ഫിഷ് മാർട്ടുകൾ ആരംഭിച്ചിട്ടുണ്ട്. എല്ലാ നിയോജക മണ്ഡലങ്ങളിലും ഒരു മാർട്ടെങ്കിലും ആരംഭിക്കുകയാണ് ലക്ഷ്യം.





## 'സമുദ്ര' ബസ്സ് വനിതാ മത്സ്യവിപണന തൊഴിലാളികൾക്കായി സൗജന്യ ബസ് സർവ്വീസ്

വനിതാ മത്സ്യവിപണന തൊഴിലാളികൾക്കായി സംസ്ഥാന ഫിഷറീസ് വകുപ്പിന്റെയും കെ. എസ്. ആർ. ടി. സിയുടെയും സംയുക്ത സംരംഭമായി സൗജന്യ ബസ് സർവ്വീസ് 'സമുദ്ര' ആരംഭിച്ചു. മത്സ്യത്തൊഴിലാളി സ്ത്രീകൾ മത്സ്യവിപണനത്തിന് പോകുന്ന വേളയിൽ അഭിമുഖീകരിക്കുന്ന യാത്രാദുരിതത്തിനും പൊതു ഗതാഗത സംവിധാനത്തിൽ അവർ നേരിടുന്ന ബുദ്ധിമുട്ടുകൾക്കും പരിഹാരമാണിത്. പ്രത്യേകമായി തയ്യാറാക്കിയ 3 ലോ ഫ്ളോർ ബസ്സാണ് ഇതിനായി ഉപയോഗിക്കുന്നത്. ഫിഷിംഗ് ഹാർബറുകളിൽ നിന്നും മുൻകൂട്ടി തീരുമാനിച്ചിട്ടുള്ള റൂട്ടിൽ തിരുവനന്തപുരം ജില്ലയിലെ വിവിധ കച്ചവട കേന്ദ്രങ്ങളിലേക്ക് രാവിലെ 6 മണി മുതൽ രാത്രി 10 മണിവരെയുള്ള സമയങ്ങളിൽ ദിവസം കുറഞ്ഞത് 2 സർവ്വീസുകളാണ് ക്രമീകരിച്ചിട്ടുള്ളത്.

## തീരദേശ ആരോഗ്യ കേന്ദ്രങ്ങൾക്ക് പുതിയ മുഖം

തീരദേശത്തെ എല്ലാ ആരോഗ്യ കേന്ദ്രങ്ങളെയും കുടുംബാരോഗ്യ കേന്ദ്രങ്ങളായി ഉയർത്തി. തീരദേശത്തെ ആരോഗ്യ കേന്ദ്രങ്ങളിലും ആശുപത്രികളിലും അടിസ്ഥാന സൗകര്യ വികസനത്തിന് 30 കോടി രൂപ ഫിഷറീസ് വകുപ്പിൽ നിന്നും അനുവദിച്ചു.

## തീരദേശത്തെ സ്കൂളുകൾ ഹൈടെക്

തീരദേശത്തെ സ്കൂളുകളുടെ അടിസ്ഥാന സൗകര്യം വർദ്ധിപ്പിക്കുന്നതിന് സംസ്ഥാന പദ്ധതി വിഹിതത്തിൽ നിന്നും 36 സ്കൂളുകൾക്ക് 70 കോടി രൂപയും കിഫ്ബിയിൽ നിന്നും 57 സ്കൂളുകൾക്ക് 66 കോടി രൂപയും ഉൾപ്പെടെ 136 കോടി രൂപ അനുവദിച്ചു. ഇതിൽ 69 സ്കൂളുകളിലെ നിർമ്മാണം പൂർത്തീകരിച്ച് കൈമാറി കഴിഞ്ഞു.

## സാന്ത്വന തീരം

മത്സ്യത്തൊഴിലാളികൾക്കും അനുബന്ധ തൊഴിലാളികൾക്കും വൃക്ക, കരൾ സംബന്ധമായ മാരകരോഗങ്ങൾ, കാൻസർ, പക്ഷാഘാതം എന്നിവയ്ക്ക് തുടർ ചികിത്സ ഉറപ്പാക്കുന്നതിന് പ്രത്യേക ധനസഹായം അനുവദിക്കുന്ന സാന്ത്വന തീരം പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കി.

## തൊഴിൽ നഷ്ടത്തിന് പ്രത്യേക സഹായം

കാലാവസ്ഥാ മുന്നറിയിപ്പ് മൂലം തൊഴിൽ നഷ്ടമാകുന്ന ദിവസങ്ങൾക്ക് മത്സ്യത്തൊഴിലാളികൾക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും പ്രത്യേക ധനസഹായം അനുവദിച്ച് വരുന്നു. ഇത്തരത്തിൽ 188.32 കോടി രൂപ അനുവദിച്ചിട്ടുണ്ട്. 165000 ത്തോളം മത്സ്യ തൊഴിലാളി കുടുംബങ്ങൾക്ക് പ്രയോജനം ലഭിച്ചിട്ടുണ്ട്

## എവിടെല്ലാം ജലാശയം അവിടെല്ലാം മത്സ്യകൃഷി

മത്സ്യകൃഷിയിൽ നൂതന സാങ്കേതിക വിദ്യകൾ പ്രയോജനപ്പെടുത്തിയും കൃഷിയിലും ഇനത്തിലും വൈവിധ്യവൽക്കരണം സാധ്യമാക്കിയും വിജ്ഞാന വ്യാപനം കാര്യക്ഷമമാക്കിയും ഉത്പാദനവും ഉത്പാദനക്ഷമതയും വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതികളാണ് ഒരുക്കിയിട്ടുള്ളത്.



## മത്സ്യ മാർക്കറ്റുകൾക്ക് പുതിയ മുഖം

കിഫ്ബി പദ്ധതിയിലൂടെയും സംസ്ഥാന കേന്ദ്ര പദ്ധതികളിലൂടെയും 55 മത്സ്യ മാർക്കറ്റുകൾ നവീകരിക്കുന്നതിന് പദ്ധതി ആവിഷ്കരിച്ചു. മത്സ്യം സൂക്ഷിക്കുന്നതിന് ചിൽ റൂം സ്ത്രീ വിപണന തൊഴിലാളികൾക്ക് വിശ്രമത്തിനും വസ്ത്രം മാറുന്നതിനും സൗകര്യമുള്ള ശുചിമുറികളും ഉണ്ടാകും. കോഴിക്കോടും ആലുവയിലും 50 കോടി രൂപ വീതം മാർക്കറ്റ് നവീകരണത്തിന് അനുവദിച്ച് 2 ആധുനിക മാർക്കറ്റുകൾ നിർമ്മിക്കുന്നതിന് അനുമതിയായി കഴിഞ്ഞു

## തീരദേശ സ്ത്രീ കൂട്ടായ്മയുടെ വിജയഗാഥയുമായി സാഫ്

സാഫ് മുഖേന 3000 ത്തോളം ചെറുകിട തൊഴിൽ സംരംഭം വഴി എണ്ണായിരത്തോളം മത്സ്യത്തൊഴിലാളി വനിതകൾക്കും അവരുടെ കുടുംബങ്ങൾക്കും സുസ്ഥിരമായ വരുമാനം ഉറപ്പു വരുത്തുവാനും അവരുടെ ജീവിത നിലവാരം ഉയർത്തുവാനും കഴിഞ്ഞു. സാഫിന്റെ വിറ്റു വരവ് 2022-23 വർഷം 100 കോടി കവിഞ്ഞു. മത്സ്യത്തൊഴിലാളി വനിതകളെ ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പുകളാക്കി ഗ്രൂപ്പൊന്നിന് 50,000 രൂപ വരെ പലിശ രഹിതവായ്പ അനുവദിച്ചു വരുന്നു.

## സമ്പാദ്യ സമാശ്വാസ പദ്ധതി സഹായം

മത്സ്യത്തൊഴിലാളികൾക്ക് ക്ഷാമം അനുഭവിക്കുന്ന മാസങ്ങളിൽ അനുവദിച്ചിരുന്ന സമ്പാദ്യ സമാശ്വാസ പദ്ധതി ധനസഹായം 2700 രൂപയായിരുന്നത് 4500 രൂപയായി വർദ്ധിപ്പിക്കുകയും യഥാസമയം കേന്ദ്രവിഹിതം ലഭിക്കാതിരുന്നിട്ടും വിതരണം നടത്തുകയും ചെയ്തു.

## പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് ആഴക്കടൽ മത്സ്യബന്ധനത്തിന് ഒന്നരക്കോടിയുടെ ബോട്ട്

പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് പ്രത്യേക പരിശീലനം നൽകി അവരെ ആഴക്കടൽ മത്സ്യബന്ധനത്തിന് പ്രാപ്തരാക്കുന്നതിന് പൈലറ്റ് അടിസ്ഥാനത്തിൽ ഒന്നരക്കോടി രൂപ ചെലവ് വരുന്ന ബോട്ട് 10 ഗ്രൂപ്പുകൾക്ക് നല്കാൻ പദ്ധതി ആവിഷ്കരിച്ചു. 156 ലക്ഷം രൂപയാണ് ഒരു യൂണിറ്റിന്റെ ചെലവ്. ഇതിൽ 48 ലക്ഷം രൂപ സബ്സിഡിയും 30.6 ലക്ഷം രൂപ സംസ്ഥാന സർക്കാരിന്റെ പ്രത്യേക ധനസഹായവും 77.4 ലക്ഷം രൂപ ഗുണഭോക്തൃ വിഹിതവും ബാങ്ക് വായ്പയും ആണ്. കൊച്ചിൻ ഷിപ്പ് യാർഡാണ് അത്യാധുനിക നിലവാരമുള്ള ബോട്ടുകൾ നിർമിച്ചത്.

## തീരദേശ റോഡുകളുടെ നവീകരണത്തിന് 1000 കോടി രൂപ

കഴിഞ്ഞ 7 വർഷക്കാലത്ത് 2000 ത്തിലധികം തീരദേശ റോഡുകളുടെ നവീകരണത്തിനായി 1000 കോടി രൂപ ചെലവഴിക്കുകയും 850 റോഡുകളുടേയും പാലങ്ങളുടെയും നിർമാണം പൂർത്തീകരിക്കുകയും ചെയ്തു.

## മണ്ണെണ്ണ എഞ്ചിനുകൾ ഘട്ടം ഘട്ടമായി പെട്രോൾ, എൽ.പി.ജി. എഞ്ചിനുകളിലേക്ക് മാറ്റുവാൻ ധനസഹായം

മണ്ണെണ്ണയുടെ വിപണി വില ക്രമാതീതമായി വർദ്ധിക്കുകയും കേന്ദ്രത്തിൽനിന്ന് ആവശ്യാനുസരണം മണ്ണെണ്ണ ലഭിക്കാതാവുകയും ചെയ്ത സാഹചര്യത്തിലും മണ്ണെണ്ണ മൂലമുണ്ടാകുന്ന അന്തരീക്ഷ മലിനീകരണം കുറയ്ക്കുന്നതിനും ലക്ഷ്യമിട്ടാണ് പെട്രോളും എൽ. പി. ജിയും ഉപയോഗിച്ച് പ്രവർത്തിക്കുന്ന ഒ. ബി. എം. എഞ്ചിനുകൾ പ്രോത്സാഹിപ്പിക്കുവാൻ സർക്കാർ തീരുമാനിച്ചത്. ഇതിലൂടെ പരമ്പരാഗത മത്സ്യബന്ധന മേഖലയുടെ ഇന്ധന ചെലവ് പകുതിയിലധികം കുറയ്ക്കുന്നതിനും പ്രകൃതി സൗഹൃദമാക്കുന്നതിനും കഴിയും. ഇതിനായി 8 കോടി രൂപയാണ് ഈ വർഷത്തെ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ളത്.

ഇത്തരത്തിലുള്ള അനേകം പദ്ധതികളിലൂടെ മത്സ്യമേഖലയിലെ സമഗ്രവികസനമാണ് കേരള സർക്കാർ ലക്ഷ്യം വയ്ക്കുന്നത്.



# മത്സ്യത്തൊഴിലാളി മനസ്സറിഞ്ഞ് തീരസദസ്സ്

**സന്തോഷ് കുമാർ. എസ്**

സംസ്ഥാന സർക്കാരിന്റെ രണ്ടാം വാർഷികാഘോഷത്തോടനുബന്ധിച്ച് തീരമേഖലയിലെ ജനങ്ങളുമായി സംവദിക്കാനും അവരുടെ പ്രശ്നങ്ങൾ നേരിൽ മനസ്സിലാക്കി പരിഹാര നടപടികൾ സ്വീകരിക്കുന്നതിനും സർക്കാരിന്റെ വികസന ക്ഷേമ പ്രവർത്തനങ്ങൾ തീരദേശ ജനങ്ങൾക്ക് അനുഭവവേദ്യമാക്കുന്നതിന് കഴിയും വിധം അവരിലേക്ക് എത്തിക്കുന്നതിനും ലക്ഷ്യമിട്ടാണ് തീരദേശത്തെ കേൾക്കാൻ ചേർത്ത് പിടിക്കാൻ എന്ന മുദ്രാവാക്യവുമായി തീരസദസ്സ് എന്ന പരിപാടി ഫിഷറീസ് വകുപ്പ് മുഖേന സംഘടിപ്പിച്ചത്. 2023 ഏപ്രിൽ 23 ന് തിരുവനന്തപുരം ജില്ലയിലെ നെയ്യാറ്റിൻകര മണ്ഡലത്തിലെ പൊഴിയൂരിൽ കേരള മുഖ്യമന്ത്രി ശ്രീ.പിണറായി വിജയൻ ഉദ്ഘാടനം ചെയ്ത് 2023 ജൂൺ 6 ന് 47 തീരദേശ മണ്ഡലങ്ങളിലും ഫിഷറീസ് വകുപ്പ് മന്ത്രി പങ്കെടുത്ത് തീരസദസ്സ് പൂർത്തീകരിക്കുകയും ചെയ്തു.

ഓരോ നിയോജക മണ്ഡലത്തിലും നടപ്പാക്കിയ വിവിധങ്ങളായ പദ്ധതികളുടെ ഗുണദോഷങ്ങളെകുറിച്ചും പാതിവഴിയിൽ ഉപേക്ഷിച്ച പദ്ധതികളെകുറിച്ചും ഇനി ഏറ്റെടുക്കേണ്ട പദ്ധതികളെകുറിച്ചുമെല്ലാം ജനപ്രതിനിധികളും മത്സ്യത്തൊഴിലാളികളും തീരസദസ്സിൽ വാചാലരാകുന്നതും കണ്ടു. നടപ്പാക്കിയ പദ്ധതികളിൽ അടിയന്തിര പരിഹാരം ആവശ്യമായവയെ കുറിച്ച് ഉദ്യോഗസ്ഥരുമായി അപ്പോൾ തന്നെ ചർച്ച നടത്തി സത്വര പരിഹാരം നിർദ്ദേശിക്കുകയും അവയെല്ലാം കൃത്യമായി രേഖപ്പെടുത്തുകയും ചെയ്തു. തീരസദസ്സുമായി ബന്ധപ്പെട്ട് ഓൺലൈൻ പോർട്ടൽ വഴി പരാതികൾ സമർപ്പിക്കുന്നതിനും മത്സ്യത്തൊഴിലാളികൾക്ക് അവസരം നൽകിയിരുന്നു. ഈ അവസരം പ്രയോജനപ്പെടുത്തി 25150 പരാതികൾ ലഭിക്കുകയുണ്ടായി. ഈ പരാതികളെല്ലാം കൃത്യമായി പരിശോധിക്കുകയും അവയ്ക്ക് സത്വര നടപടി കൈക്കൊള്ളുന്നതിന് ബന്ധപ്പെട്ട വകുപ്പുകൾക്കും ഓഫീസുകൾക്കും കൈമാറുകയും ചെയ്തു. ഇതിൽ 16934 പരാതികൾ പരിഹരിച്ചു കഴിഞ്ഞു.



**തീരദേശ ജനതയുടെ പ്രശ്നങ്ങൾ നേരിട്ട് കേൾക്കാനും പരിഹാര നടപടി കൈക്കൊള്ളാനും അവരെ കൈപിടിച്ച് ഉയർത്താനും ഒരു സർക്കാർ ഉണ്ടെന്ന വിശ്വാസം തീരദേശ ജനതയ്ക്ക് ആശ്വാസം പകർന്നു.**



മഹാത്മഗാന്ധി അദ്ദേഹത്തിന്റെ ഗ്രാമസ്വരാജിൽ സ്വപ്നം കണ്ടിരുന്ന മാതൃകയിൽ ഒരു പ്രദേശത്തിന്റെ വിവിധങ്ങളായ വികസന പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിനും അവയ്ക്ക് പരിഹാരം കണ്ടെത്തുന്നതിനും ഭരണ കർത്താക്കളും ഉദ്യോഗസ്ഥരും അവരുടെ യജമാനന്മാരായ ജനങ്ങളുടെ മുൻപിലേക്ക് എത്തുന്നത് തീരദേശ ജനതയക്ക് ആവേശം പകരുന്നതായിരുന്നു. റേഷൻകാർഡ്, കുടിവെള്ളം, ഭവനം തുടങ്ങിയ വ്യക്തിഗത പ്രശ്നങ്ങളും മത്സ്യം കരയ്ക്കടുപ്പിക്കൽ കേന്ദ്രങ്ങൾ, കടൽഭിത്തി നിർമ്മാണം തുടങ്ങിയ പ്രദേശത്തെ അടിസ്ഥാന സൗകര്യ വികസന പദ്ധതികളെ കുറിച്ചു തീരസദസ്സിന്റെ ഭാഗമായ ജനപ്രതിനിധികളുടെ യോഗത്തിൽ ചർച്ച ചെയ്യുകയുണ്ടായി. വിവിധ വകുപ്പുകളുടെ ഏകോപനമില്ലായ്മ മൂലം പരിഹരിക്കുവാൻ കഴിയാതിരുന്ന പല പ്രശ്നങ്ങൾക്കും പരിഹാരം ഉണ്ടാക്കുവാൻ കഴിഞ്ഞത് തീരസദസ്സിന്റെ അനുഭവ സാക്ഷ്യം ആയിരുന്നു.

## തീരമേഖലയിൽ ഇത് ആദ്യം

തീരദേശ ജനതയുടെ ഉന്നമനത്തിനും വികസനത്തിനുമായി സർക്കാരുകൾ വിവിധങ്ങളായ പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പാക്കിയിട്ടുണ്ടെങ്കിലും മേഖലയിൽ നടപ്പാക്കിയ പദ്ധതികളുടെ നേട്ട കോട്ടങ്ങളെക്കുറിച്ചും ആവിഷ്ക്കരിക്കേണ്ട പദ്ധതികളെക്കുറിച്ചും തീരദേശത്തെ ജനപ്രതിനിധികളുമായും സംഘടനാ നേതാക്കളുമായും പ്രാദേശികമായി ചർച്ച ചെയ്യുന്നത് ഇതാദ്യം. അതിനാൽ തന്നെ ജനപ്രതിനിധികളും ട്രേഡ് യൂണിയൻ നേതാക്കന്മാരും അവരുടെ പ്രദേശത്തെ വികസനത്തെ സംബന്ധിച്ചും ആരംഭിച്ച പദ്ധതികൾ പകുതിവഴിക്ക് നിലച്ച് പോയതിനെ സംബന്ധിച്ചും മത്സ്യമേഖലയിൽ നടപ്പാക്കേണ്ട നൂതന ആശയങ്ങളെ കുറിച്ചും നിരവധി നിർദ്ദേശങ്ങളാണ് മുന്നോട്ട് വച്ചത്. ഒരു കുടുംബത്തിൽ ഒരാൾക്ക് തൊഴിൽ കൊടുക്കാൻ കഴിയുന്ന പദ്ധതികളും, പഠനാവശ്യങ്ങളും CRZ നിയമം മൂലം ഭവന നിർമ്മാണം നടത്തുന്നതിന് കഴിയാത്ത അവസ്ഥയും ചുവപ്പ്



നാടയിൽ കുടുങ്ങിയ കുടിവെള്ള പദ്ധതികളെക്കുറിച്ചും കടൽ ഭിത്തി നിർമ്മാണത്തിന്റെ ആവശ്യകതയെക്കുറിച്ചും വ്യത്യസ്തങ്ങളായ നിർദ്ദേശങ്ങളാണ് അവർ ഫിഷറീസ് വകുപ്പ് മന്ത്രിക്ക് മുൻപിൽ അവതരിപ്പിച്ചത്.

ഓരോ മണ്ഡലത്തിലെയും തീരസദസ്സ് രണ്ട് ഭാഗങ്ങളായാണ് സംഘടിപ്പിച്ചത്. ആദ്യ ഒന്നര മണിക്കൂർ പ്രദേശത്തെ ജനപ്രതിനിധികൾ, രാഷ്ട്രീയ സാംസ്ക്കാരിക നേതാക്കൾ, ഉദ്യോഗസ്ഥർ എന്നിവരുമായി ചർച്ചയും തുടർന്ന് രണ്ട് മണിക്കൂർ മത്സ്യത്തൊഴിലാളികളുടെ സംഗമവും നടന്നു. മത്സ്യതൊഴിലാളി സംഗമത്തിൽ പ്രദേശത്തെ മത്സ്യതൊഴിലാളികളുടെ ആവശ്യങ്ങളെക്കുറിച്ചും അവ നടപ്പാക്കുന്നതിനെ കുറിച്ചും ഫിഷറീസ് മന്ത്രി വിശദമായി സംസാരിച്ചു. ജനപ്രതിനിധികളുടെ യോഗത്തിൽ ഉയർന്ന് വന്നിട്ടുള്ള വിവിധങ്ങളായ നിർദ്ദേശങ്ങളിൽ ഉടൻ നടപ്പാക്കാൻ കഴിയുന്നവയിൽ പ്രഖ്യാപനങ്ങളും വിവിധ വകുപ്പുകളുടെ ഏകോപനമില്ലായ്മ മൂലം പരിഹരിക്കാൻ കഴിയാതിരുന്ന പ്രശ്നങ്ങൾക്ക് പരിഹാരവും ഉണ്ടാകുന്ന കാഴ്ചയാണ് തീരസദസ്സിൽ കണ്ടത്.

മത്സ്യത്തൊഴിലാളി സംഗമത്തിൽ പ്രദേശത്തെ മത്സ്യത്തൊഴിലാളികളിൽ നിന്നുള്ള പ്രമുഖ വ്യക്തിത്വങ്ങളേയും പഠനത്തിലും കലാ കായിക രംഗങ്ങളിലും മികവ് തെളിയിച്ചവരെയും ആദരിക്കുകയും വിവിധ സഹായങ്ങൾ വിതരണവും നടന്നു. മത്സ്യബന്ധന രംഗത്ത് പരിണിത പ്രജ്ഞനായ 96 വയസ്സുള്ള ക്ലീറ്റസ് കക്കാരിനും മത്സ്യമേഖലയിൽ നിന്ന് പഠിച്ച് MBBS ബിരുദം നേടിയവർക്കും കലാ കായിക രംഗത്തെ മികവ് പൂർത്തിയായവർക്കും ലഭിച്ച ആദരവ് കരഘോഷത്തോടെയാണ് തീരദേശ ജനത ഏറ്റെടുത്തത്.

## നേട്ടങ്ങൾ സാധ്യതകൾ

തീരദേശത്തെ പ്രശ്നങ്ങളും പരാതികളും പരിഭവങ്ങളുമായി തിരുവനന്തപുരത്തേക്ക് എത്തിയിരുന്ന ജനപ്രതിനിധികൾക്കും മത്സ്യത്തൊഴിലാളികൾക്കും മന്ത്രിയുടെ സന്ദർശന പരിപാടിയും പരാതികൾ കേൾക്കലും വേറിട്ട അനുഭവമായിരുന്നു.

തീരസദസ്സ് സംഘടിപ്പിച്ചതിലൂടെ തീരദേശത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികൾക്ക് അവരുടെ പ്രാദേശിക പ്രശ്നങ്ങളും വികസന സാദ്ധ്യതകളും നേരിട്ട് മന്ത്രിയുടെയും വകുപ്പ് മേധാവികളുടേയും മുൻപാകെ എത്തിക്കുന്നതിന് കഴിഞ്ഞു.

മത്സ്യത്തൊഴിലാളികളും ജനപ്രതിനിധികളുമായി വകുപ്പ് മന്ത്രി നേരിട്ട് സംവദിച്ചതിലൂടെ തീരദേശത്തെ യഥാർത്ഥ പ്രശ്നങ്ങൾ മനസ്സിലാക്കുവാനും അവയുടെ പ്രാധാന്യം ഉൾക്കൊണ്ട് തുടർനടപടികൾ കൈക്കൊള്ളുന്നതിനും കഴിഞ്ഞിട്ടുണ്ട്.

വകുപ്പുകളുടെ ഏകോപനമില്ലായ്മ മൂലം ചുവപ്പ് നാടയിൽ കുടുങ്ങി കിടന്ന വികസന പദ്ധതികൾക്ക് ഉഭയകക്ഷി ചർച്ചയിലൂടെ പരിഹാരം കണ്ടെത്തുന്നതിനും അവ ത്വരിതഗതിയിൽ നടപ്പാക്കുന്നതിനും ഇടവന്നു.

തീരദേശ ജനതയുടെ പ്രശ്നങ്ങൾ നേരിട്ട് കേൾക്കാനും പരിഹാര നടപടി കൈക്കൊള്ളാനും അവരെ കൈപിടിച്ച് ഉയർത്താനും ഒരു സർക്കാർ ഉണ്ടെന്ന വിശ്വാസം തീരദേശ ജനതയ്ക്ക് ആശ്വാസം പകർന്നു.

ഇത്തരത്തിൽ പൊതുജനത്തിന്റെ ചെറുതും വലുതുമായ പ്രശ്നങ്ങളുടെ പരിഹാരത്തിന് ഭരണകർത്താക്കളും ജനപ്രതിനിധികളും ഉദ്യോഗസ്ഥരും ഒരുമിച്ച് എത്തി പരിഹാരം കാണുന്ന തീരസദസ്സ് പോലുള്ള ബഹുജന സമ്പർക്ക പരിപാടികൾക്ക് കിട്ടിയ ജനപിന്തുണ തന്നെയാണ് അതിന്റെ വിജയം കാണിക്കുന്നത് ഇത്തരത്തിൽ പൊതുജനത്തിന്റെ പരാതികളും ആവലാതികളും പരിഹരിക്കുന്നതിന് മന്ത്രിമാർ പങ്കെടുത്ത് നടത്തിയിട്ടുള്ള അദാലത്തുകളും തുടർന്നുള്ള നവകേരളസദസ്സും മാതൃകയാക്കി വർഷം തോറും ഇത്തരത്തിൽ ജില്ലകൾ തോറുമെങ്കിലും അദാലത്തുകളും പരാതി പരിഹാര സെക്ഷനുകളും സംഘടിപ്പിക്കുന്നത് ജനോപകാരപ്രദമായിരിക്കും.

### ലഭിച്ച പരാതിയും നടപടി പൂർത്തിയാക്കിയവയും സംബന്ധിച്ച ജില്ല തിരിച്ചുള്ള വിവരം

| ജില്ല | ആകെ അപേക്ഷകൾ | നടപടി പൂർത്തിയാക്കിയവ |
|---|---|---|
| തിരുവനന്തപുരം | 8661 | 8661 |
| കൊല്ലം | 2082 | 2082 |
| ആലപ്പുഴ | 4742 | 4742 |
| എറണാകുളം | 964 | 964 |
| തൃശ്ശൂർ | 874 | 874 |
| മലപ്പുറം | 2966 | 2808 |
| കോഴിക്കോട് | 1573 | 1551 |
| കണ്ണൂർ | 1261 | 1219 |
| കാസർഗോഡ് | 2027 | 1884 |
| **ആകെ** | **25150** | **24785** |



# കേരളത്തിന്റെ മത്സ്യമേഖല വികസനം - ഒരു കാഴ്ചപ്പാട്

എസ്.ശർമ്മ



കേരളത്തിന്റെ സമ്പദ് വ്യവസ്ഥയിൽ മത്സ്യമേഖല നിർണ്ണായക പങ്ക് വഹിക്കുന്നു. 590 കിലോമീറ്റർ ദൈർഘ്യമുള്ള കടൽത്തീരം, 39,136 ചതുരശ്ര കിലോമീറ്റർ വിസ്തീർണ്ണമുള്ള കോണ്ടിനെന്റൽ ഷെൽഫ്, 2,18,536 ചതുരശ്ര കിലോമീറ്റർ പ്രത്യേക സാമ്പത്തിക മേഖല, 53 കായലുകൾ, 44 നദികൾ, 35 ജല സംഭരണികൾ എന്നിവ ജൈവ വൈവിദ്ധ്യം കൊണ്ടും മത്സ്യ ഉല്പാദനം കൊണ്ടും സമ്പുഷ്ടമായിരുന്നു. കേരളത്തിന്റെ തീരക്കടൽ പ്രദേശം ലോകത്തിൽ തന്നെ ഏറ്റവും ഫലഭൂയിഷ്ഠമായതും ഉൽപ്പാദനക്ഷമവുമാണ്. കേരള തീരത്ത് കാണുന്ന ചാകര എന്ന അപൂർവ്വ പ്രതിഭാസത്തിന്റെ ഉല്പത്തിയെക്കുറിച്ച് ഇപ്പോഴും പഠനങ്ങൾ നടക്കുകയാണ്. ത്രിപുര കഴിഞ്ഞാൽ പ്രതിശീർഷ മത്സ്യ ഉപയോഗത്തിൽ കേരളത്തിന് രണ്ടാം സ്ഥാനമാണുള്ളത് (20 കിലോഗ്രാം). ഇതു ദേശീയ ശരാശരി ഉപഭോഗത്തിന്റെ മൂന്ന് മടങ്ങാണ്. കേരളത്തിലെ ഗ്രാമപ്രദേശങ്ങളിൽ പ്രതിശീർഷ മത്സ്യ ഉപയോഗം വാർഷികാടിസ്ഥാനത്തിൽ 2.262 കിലോഗ്രാം ആകുമ്പോൾ ദേശീയതലത്തിൽ ഇതു വെറും 266 ഗ്രാം മാത്രമാണ്. തീരപ്രദേശത്തെ പ്രധാന ഉപജീവന മേഖലയായ മത്സ്യബന്ധനം 222 കടലോര മത്സ്യ ഗ്രാമങ്ങളിലും, 113 ഉൾനാടൻ ഗ്രാമങ്ങളിലുമായി താമസിക്കുന്ന ഏകദേശം 10.69 ലക്ഷം ജനങ്ങളുടെ മുഖ്യ ഉപജീവനമാർഗ്ഗമാണ്. സംസ്ഥാന ജനസംഖ്യയുടെ 2.40% ജനത മത്സ്യമേഖലയെ ആശ്രയിച്ചു ഉപജീവനം നടത്തുന്നു. സംസ്ഥാനത്തെ 1.86 ലക്ഷം മത്സ്യത്തൊഴിലാളികൾക്കു പുറമെ ഒരു ലക്ഷം പേർ അനുബന്ധ മേഖലകളായ മത്സ്യ സംസ്കരണം, വിപണനം, വിതരണം എന്നിവിടങ്ങളിൽ പണിയെടുക്കുന്നു. പ്രതിവർഷം 9 ലക്ഷം ടണ്ണോളം മത്സ്യം ഉല്പാദിപ്പിക്കുന്ന കേരളം 2022 - 23 ൽ 6396 കോടി രൂപ വിദേശ നാണ്യം നേടി. എന്നിരുന്നാലും, മത്സ്യബന്ധന രംഗത്തെ കൂടുതൽ മത്സരവും യാന വർദ്ധനവും കാരണം തീരക്കടൽ പ്രദേശം അമിത മത്സ്യബന്ധന സമ്മർദ്ദത്തിന് വിധേയമാണ്. പ്രതിശീർഷ മത്സ്യലഭ്യതയിൽ കുറവ് നേരിടുകയും മത്സ്യ വിഭവങ്ങളുടെ സുസ്ഥിരത അപകടസ്ഥിതിയിലുമാണ്. ഉൾനാടൻ മത്സ്യോല്പാദനത്തിൽ കേരളം ഏഴാം സ്ഥാനത്ത് എന്നത് ഈ മേഖലയുടെ സാദ്ധ്യതകൾ പ്രയോജനപ്പെടുത്തുവാൻ ഇനിയും കഴിയുന്നില്ല എന്ന യാഥാർത്ഥ്യം നമ്മെ ഓർമ്മപ്പെടുത്തുന്നു. മറ്റു സംസ്ഥാനങ്ങളിൽ ഹെക്ടർ ഒന്നിന് 3000 കിലോഗ്രാം വരെ ഉല്പാദന ക്ഷമത കൈവരിച്ചപ്പോൾ കേരളത്തിൽ ഇത് വെറും 300 കിലോഗ്രാം മാത്രമാണ്. ദേശീയതലത്തിൽ മത്സ്യ ഉല്പാദനത്തിന്റെ 75% വരെ ഉൾനാടൻ മത്സ്യമേഖലയും മത്സ്യകൃഷിയും സംഭാവന ചെയ്യുമ്പോൾ കേരളത്തിൽ ഇത് വെറും 26% മാത്രമാണ്. മത്സ്യകൃഷി രംഗത്തെ പുത്തൻ സാങ്കേതികവിദ്യകളും ശാസ്ത്രീയ കൃഷിരീതികളും ഉപയോഗിച്ചു മത്സ്യോല്പാദനം വർദ്ധിപ്പിച്ചാൽ മാത്രമേ കേരളത്തിന്റെ മത്സ്യോല്പാദനം വർദ്ധിപ്പിക്കുന്നത് സാദ്ധ്യമാകു.

കേന്ദ്രസർക്കാർ നടപ്പിലാക്കുന്ന ആഗോളവൽക്കരണ നയങ്ങളുടെ ഭാഗമായി "Blue Economy" (നീല സമ്പദ് വ്യവസ്ഥ) പദ്ധതിയിൽ പ്രത്യേകിച്ചും മത്സ്യബന്ധനം, മത്സ്യകൃഷി എന്നീ മേഖലകളിൽ പങ്കാളികളാകാൻ യാതൊരു വ്യവസ്ഥയും ഉൾപ്പെടുത്തിയിട്ടില്ല. തീരദേശ ജനതയുടെ, പ്രത്യേകിച്ച് മത്സ്യത്തൊഴിലാളികളുടെ സാമൂഹിക, സാമ്പത്തിക ശാക്തീകരണം ലക്ഷ്യമെന്ന് പ്രഖ്യാപിച്ച പദ്ധതികളിൽ മത്സ്യത്തൊഴിലാളികൾ കാഴ്ചക്കാരായി നിൽക്കേണ്ട അവസ്ഥ. കടലിലെ ധാതുഖനനം, ആഴക്കടൽ മത്സ്യസമ്പത്ത് ചൂഷണം, കടൽ മത്സ്യകൃഷി എന്നീ മേഖലകളിൽ വിദേശകുത്തക കമ്പനികൾ ആധിപത്യം സ്ഥാപിച്ചു, ജൈവ അജൈവ സമ്പത്തിന്റെ പൂർണ്ണ നിയന്ത്രണം കൈക്കലാക്കുമ്പോൾ മത്സ്യത്തൊഴിലാളികളുടെ തൊഴിൽസുരക്ഷ, ഉപജീവന സുരക്ഷ, ഭക്ഷ്യസുരക്ഷ എന്നിവ നഷ്ടപ്പെടും. വിവിധ മേഖലകളിൽ നേരിട്ടുള്ള വിദേശനിക്ഷേപം (Foreign Direct Investment) അനുവദിച്ചതിനാൽ കടലും, കടൽത്തീരവും, ജൈവ അജൈവ സമ്പത്തുകൾ എല്ലാം തന്നെ കുത്തക കമ്പനികളുടെ നിയന്ത്രണത്തിലാകും. വിവിധ പദ്ധതികളുടെ ഭാഗമായി, തീരദേശം വ്യാപക നിർമ്മാണ പ്രവർത്തനങ്ങൾക്കും വ്യവസായവൽക്കരണത്തിനും വിധേയമാകും വഴി മത്സ്യത്തൊഴിലാളി കുടുംബങ്ങൾ തീരത്തു നിന്ന് പാലായനം ചെയ്യേണ്ട അവസ്ഥ സംജാതമാകും. മത്സ്യബന്ധന സബ്സിഡി രണ്ടു വർഷത്തിനുശേഷം നിർത്തലാക്കുന്ന ലോക വ്യവസായ സംഘടന (WTO) യുടെ തീരുമാനം കേരളത്തിലെ ആയിരക്കണക്കിന് തൊഴിലാളികൾ മത്സ്യബന്ധനം ഉപേക്ഷിക്കേണ്ട അവസ്ഥയിലേക്കു നയിക്കും. തീരദേശത്ത അശാന്തതയുടെ നാളുകൾ ഉണരുവാൻ സാദ്ധ്യത മുൻകൂട്ടി കാണേണ്ടതാണ്.

2006-2010 കാലയളവിൽ കേരളത്തിന്റെ മത്സ്യസമ്പത്തിന്റെ സുസ്ഥിരത നിലനിർത്തി മത്സ്യോല്പാദനം വർദ്ധിപ്പിക്കുക, മത്സ്യത്തൊഴിലാളികളുടെ ക്ഷേമം, മത്സ്യ സമുദ്രമേഖലയിലെ വിദ്യാഭ്യാസം – ഗവേഷണം എന്നിവ ലക്ഷ്യമിട്ടു 5 നിയമങ്ങൾ നിർമ്മിച്ചു ചരിത്ര സംഭവമാക്കി. മത്സ്യത്തൊഴിലാളി കടാശ്വാസം (2008), മത്സ്യത്തൊഴിലാളി – അനുബന്ധ മേഖല തൊഴിലാളികളുടെ ക്ഷേമം (2007), ഉൾനാടൻ മത്സ്യബന്ധനവും മത്സ്യകൃഷിയും (2010), കേരള വർഷകാല മത്സ്യബന്ധന (സമുദ്ര ഉപരിതലം) സംരക്ഷണം എന്നിവ മത്സ്യത്തൊഴിലാളികളുടെ സാമ്പത്തിക സാമൂഹിക ഉന്നമനത്തിനും കടക്കെണിയിൽ നിന്നും രക്ഷിക്കാനും ഉപകരിച്ചു. ഉൾനാടൻ മത്സ്യബന്ധനവും കൃഷിയും നിയന്ത്രിക്കാൻ നിയമ പരിരക്ഷ ഇല്ലാതിരുന്ന സാഹചര്യത്തിൽ 2010 ൽ നിയമം നിലവിൽ കൊണ്ടുവന്നു. 2010 ലെ കേരള ഫിഷറീസ് സമുദ്ര പഠന സർവ്വകലാശാല നിയമം വഴി രാജ്യത്തെ ആദ്യത്തെ ഫിഷറീസ് സമുദ്ര പഠന സർവ്വകലാശാല കൊച്ചിയിൽ സ്ഥാപിച്ചു. നൂതനമായി 30ൽപ്പരം ബിരുദാനന്തര പാഠ്യപദ്ധതികൾ ഈ സർവ്വകലാശാലയിൽ ആരംഭിക്കാൻ സാധിച്ചു. ഇതുവഴി ഫിഷറീസ് സമുദ്രപഠനത്തിന്റെ ഒരു പ്രധാന ഹബ്ബായി കൊച്ചി മാറി എന്നത് അഭിമാനകരമാണ്.

2011 ൽ പ്രവർത്തനം ആരംഭിച്ച ഫിഷറീസ് സമുദ്ര പഠന സർവ്വകലാശാലയിൽ സംസ്ഥാനത്തെ മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് എല്ലാ കോളേജുകളിലേക്കും നിലവിലുള്ള സംവരണ രീതിയെ ബാധിക്കാത്ത രീതിയിൽ 20% സംവരണം ഏർപ്പെടുത്തിയത് പാർശ്വവൽക്കരിക്കപ്പെട്ട മത്സ്യത്തൊഴിലാളി കുടുംബങ്ങളെ മുഖ്യധാരയിലേക്ക് കൊണ്ടുവരാൻ ഉതകുന്ന നടപടി ഒരു നാഴികക്കല്ലായി




## മത്സ്യ തൊഴിലാളികളുടെ ക്ഷേമം ഉറപ്പാകുന്നതിനുള്ള നിർദ്ദേശങ്ങൾ

- അമിതമായ മത്സ്യബന്ധന സമ്മർദ്ദവും, അശാസ്ത്രീയ മത്സ്യബന്ധന രീതികളും മൂലം കടലിന്റെ അടിത്തട്ടിലെ ആവാസവ്യവസ്ഥയുടെ ആരോഗ്യം അനുദിനം ക്ഷയിക്കുന്നു. ജൈവവൈവിധ്യ ശേഷി നശിക്കുന്നു. രാസ –ഭൗതികാഘാതങ്ങളിൽ വ്യത്യാസം വരുന്നു. സസ്യ –ജന്തുജീവികളുടെ ഉൽപാദനം ക്ഷയിക്കുന്നു. വിവിധതരം പാരിസ്ഥിതി പ്രശ്നങ്ങൾ നേരിടുന്നു. ഈ സാഹചര്യത്തിൽ സംസ്ഥാനത്തിന്റെ കോണ്ടിനെന്റൽ ഷെൽഫിന്റെ (39,139 ച. കി. മീറ്റർ) 4% സമുദ്രസംരക്ഷിത പ്രദേശമായി പ്രഖ്യാപിക്കണം. ഇതുമൂലം ജൈവവൈവിധ്യം വർദ്ധിപ്പിക്കാനും, മത്സ്യങ്ങൾക്കും ചെമ്മീനുകൾക്കും പ്രജനന മേഖലകളായി മാറുന്നതുമൂലം, മത്സ്യസമ്പത്തിന്റെ പുനർ ജീവനത്തിന് സഹായമാകുക വഴി, ശോഷണം നേരിടുന്ന മത്സ്യ സമ്പത്ത് സംരക്ഷിക്കാൻ സാധിക്കും.
- കടലിന്റെയും ഉൾനാടൻ ജലാശയങ്ങളുടെയും മത്സ്യസമ്പത്തിന്റെ സംരക്ഷണം, പരിപാലനം മുൻനിർത്തി പരിസ്ഥിതി സൗഹാർദ്ദ മാർഗ്ഗങ്ങളിലൂന്നിയ ശാസ്ത്രീയ മാർഗ്ഗങ്ങൾ ഉപയോഗിച്ച് ഉൽപാദകക്ഷമതയും മത്സ്യോൽപാദനവും വർദ്ധിപ്പിക്കേണ്ടതാണ്.

  2030 – ഓടെ കേരളത്തിന്റെ മത്സ്യോല്പാദനം 16 ലക്ഷം ടണ്ണായി വർദ്ധിപ്പിക്കണം. ശാസ്ത്രീയ കൃഷി രീതികൾ ഉപയോഗിച്ചു മൊത്തം ഉല്പാദനത്തിന്റെ 60% ജലകൃഷിയിലൂടെ നേടി ദേശീയ മത്സ്യോല്പാദനത്തിന് സമാനമായ സ്ഥിതി വിശേഷം ആർജ്ജിക്കണം.
- ആഴക്കടലിലെ ചൂര, കണവ, കൂന്തൽ മറ്റു മത്സ്യ സമ്പത്തുകൾ ചൂഷണം ചെയ്യാൻ ചെറുകിട പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് ആധുനിക മത്സ്യബന്ധന രീതികളിൽ പരിശീലനം നൽകി പ്രാപ്തരാക്കേണ്ടതാണ്. ഇതിനാവശ്യമായ പ്രത്യേകം സജ്ജീകരിച്ച യാനങ്ങൾ മത്സ്യത്തൊഴിലാളികൾക്ക് നൽകി പ്രസ്തുത ദൗത്യങ്ങളിൽ പ്രധാന പങ്കാളികളാക്കണം.
- കായൽ, നദികൾ ഇവയുടെ ആഴത്തിനും പരപ്പിനും ശോഷണം നേരിട്ടുവരുന്നു. കായൽ കയ്യേറ്റം തടയാനും, കയ്യേറിയ കായൽ പ്രദേശങ്ങൾ പൂർവ്വസ്ഥിതിയിലാക്കാനും നിയമ നിർമ്മാണം നടത്തണം. വാണിജ്യ പ്രാധാന്യമുള്ള തിരുത, കാളാഞ്ചി, പൂമീൻ, അപ്രത്യക്ഷമാകുന്ന ഇവയുടെ സമ്പത്ത് വീണ്ടെടുക്കുവാൻ ഹാച്ചറിയിൽ ഉൽപ്പാദിപ്പിച്ച കുഞ്ഞുങ്ങളെ കായലിൽ നിക്ഷേപിക്കാൻ നടപടിയുണ്ടാക്കണം. കേരളത്തിലെ നദികളിൽ മാത്രം കാണുന്ന വംശനാശം നേരിടുന്ന മത്സ്യങ്ങളെ സംരക്ഷിക്കാനും, പരിപാലിക്കാനും പദ്ധതികൾ ആവിഷ്കരിക്കണം.
- മത്സ്യലഭ്യതയിൽ നേരിടുന്ന കുറവ്, ദിവസേന വർദ്ധിച്ചു വരുന്ന മത്സ്യബന്ധന ചിലവുകൾ, ഇന്ധനവിലയുടെ കുതിപ്പ്, പ്രകൃതിദുരന്തങ്ങളും കാലാവസ്ഥ വ്യതിയാനവും മൂലം ഉണ്ടാകുന്ന നാശനഷ്ടങ്ങൾ, മത്സ്യബന്ധന ദിവസങ്ങളുടെ നഷ്ടം എന്നിവ കാരണം മത്സ്യബന്ധനം ലാഭകരമല്ലാതാകുന്നതോടെ മത്സ്യത്തൊഴിലാളികൾ കൂടുതൽ കടബാദ്ധ്യതയിലേക്കു തള്ളപ്പെടുന്ന അവസ്ഥ ഗൗരവമായി കാണണം. സംസ്ഥാനത്തെ 60% മത്സ്യത്തൊഴിലാളികളുടെയും കടബാദ്ധ്യതാശരാശരി 75,000/ രൂപയാണ്. ഇതിൽ നിന്നും മോചനം ലഭിക്കുവാൻ കഴിയുമാറ് പദ്ധതികൾ ഉണ്ടാകണം.
- ജലകൃഷിക്ക് ഉപയോഗിക്കുന്ന മത്സ്യങ്ങളുടെ വൈവിദ്ധ്യവത്ക്കരണം അത്യന്താപേക്ഷിതമാണ്. സംസ്ഥാനത്ത് തിരുതാ, കാളാഞ്ചി, ഗിഫ്റ്റ്തിലാപ്പിയ, വനാമിചെമ്മീൻ, ഞണ്ട്, മലേഷ്യൻവാള എന്നിവയുടെ ഹാച്ചറികൾ സ്ഥാപിച്ച് കർഷകർക്ക് ആവശ്യാനുസരണം വിത്ത് നൽകാൻ കഴിയണം. നിലവിൽ അന്യസംസ്ഥാനങ്ങളിൽ നിന്നും മത്സ്യക്കുഞ്ഞുങ്ങളെ കൊണ്ടു വരുന്ന രീതിയിൽ മാറ്റം വരുത്തണം. സംസ്ഥാനം മത്സ്യതീറ്റ നിർമ്മാണ ശാലകളും സ്ഥാപിക്കേണ്ടതുണ്ട്.
- മത്സ്യത്തൊഴിലാളികളെ ഇടനിലക്കാരുടെ ചൂഷണത്തിൽ നിന്നും മോചിപ്പിക്കുവാൻ സഹകരണ പ്രസ്ഥാനങ്ങൾ ശക്തിപ്പെടുത്തണം. മത്സ്യത്തൊഴിലാളികൾ പിടിക്കുന്ന മത്സ്യങ്ങളുടെ വില നിശ്ചയിക്കാനും വിൽക്കാനും മത്സ്യത്തൊഴിലാളികളെ അനുവദിക്കുകയും പ്രാപ്തമാക്കാനുള്ള നടപടികളും സർക്കാർ കൈക്കൊള്ളണം. മത്സ്യത്തിന്റെ വിലയിടിച്ചിലിൽ നിന്നും സംരക്ഷണം നൽകാൻ മത്സ്യങ്ങൾക്ക് താങ്ങു വില നിശ്ചയിക്കണം.
- കമ്പോളങ്ങളിൽ മത്സ്യത്തിന്റെ വില വർദ്ധിക്കുന്നതിന് ആനുപാതികമായി മത്സ്യത്തൊഴിലാളികൾക്ക് വില വർദ്ധനവിന്റെ ഗുണം ലഭിക്കണം. നിലവിലെ കമ്മീഷൻ ഏജന്റുകളും തരകന്മാരും വിലനിശ്ചയിക്കുന്ന രീതിയിൽമാറ്റം വരണം. ഉപഭോക്താക്കൾ നൽകുന്ന വിലയുടെ 90% എങ്കിലും മത്സ്യത്തൊഴിലാളികൾക്ക് ലഭിക്കുന്ന രീതിയിൽ വിപണന രീതിയിൽ ഇടപെട്ട് മാറ്റം കൊണ്ട് വരണം.
- മത്സ്യ സംസ്ക്കരണശാലകളുടെ ഉല്പാദന രീതിയിൽ സമഗ്ര മാറ്റം വരണം. നിലവിലെ അയൽരാജ്യങ്ങളിൽ പ്രവർത്തിക്കുന്ന അന്താരാഷ്ട്ര കുത്തക കമ്പനികൾക്ക് അസംസ്കൃത സമുദ്രോല്പന്നങ്ങൾ നൽകുന്ന രീതിയിൽ മാറ്റം ഉണ്ടാകണം. ഉല്പന്നങ്ങളുടെ മൂല്യവർദ്ധനവ് ഉണ്ടാക്കണം. അതുവഴി നിലവിൽ ലഭിക്കുന്ന വിദേശനാണ്യം നാലുമടങ്ങായി വർദ്ധിപ്പിക്കുവാൻ സാധിക്കും. ഇത് മത്സ്യത്തൊഴിലാളികൾക്ക് മത്സ്യത്തിന് വില ലഭിക്കാൻ സഹായിക്കും.
- അലങ്കാര മത്സ്യവ്യാപാരത്തിനാവശ്യമായ ഉല്പാദനം, കയറ്റുമതി എന്നിവ ലക്ഷ്യമാക്കി ആലുവയിൽ സ്ഥാപിച്ച (KAVIL)ന്റെ പ്രവർത്തനം ശക്തിപ്പെടുത്തണം. ഇതിന്റെ ഭാഗമായി കൂടുതൽ സാറ്റലൈറ്റ് ഫാമുകൾ (backyard farm) സ്ഥാപിച്ച് KAVIL ന് ആവശ്യാനുസരണം മത്സ്യങ്ങൾ ലഭ്യമാക്കണം. അലങ്കാരമത്സ്യ മേഖലയുടെ അനുബന്ധ മേഖലകളെ പരിപോഷിപ്പിക്കുവാൻ ചെറുകിട വ്യവസായ സംരംഭങ്ങളും ആരംഭിക്കേണ്ടതുണ്ട്.



# ഓഖി

## സമാനതകളില്ലാത്ത പുനരധിവാസം

ജയശ്രീ. ജി

2017 നവംബർ 29 തീയതിയിൽ വീശിയടിച്ച ഓഖി ചുഴലിക്കാറ്റിനെ തുടർന്നുള്ള കടൽ ക്ഷോഭത്തിൽ 52 മത്സ്യത്തൊഴിലാളികൾ മരണപ്പെടുകയും 91 പേരെ കാണാതാകുകയും ചെയ്തിരുന്നു. ഓഖിയിൽ പാർപ്പിട സൗകര്യങ്ങളും മത്സ്യബന്ധനോപകരണങ്ങളും മത്സ്യത്തൊഴിലാളികൾക്കു നഷ്ടമാകുകയും ചെയ്തു. ഇത് തീരദേശ ജനതയെ മാനസികമായും ആരോഗ്യപരമായും അതിനേക്കാളുപരി സാമ്പത്തികമായും വളരെ ബുദ്ധിമുട്ടിലാക്കുകയും ചെയ്തു. ഇവരെ പുനരധിവസിപ്പിക്കുന്നതിനായി സംസ്ഥാന സർക്കാർ നിരവധി പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പിലാക്കിയത്. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നുള്ള തുക വിനിയോഗിച്ച് നടപ്പിലാക്കിയ പദ്ധതികൾ മത്സ്യത്തൊഴിലാളി സമൂഹം ഇരുകൈയും നീട്ടി സ്വീകരിക്കുന്നതാണ് നാം കണ്ടത്.






സർക്കാർ പദ്ധതികളിൽ ഉൾപ്പെടുത്തി പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് ആഴക്കടൽ മത്സ്യബന്ധനത്തിന് ബോട്ട്, കടൽ സുരക്ഷ ഉപകരണങ്ങൾ, ദിശാസൂചക ഉപകരണങ്ങൾ, മത്സ്യസമ്പത്ത് വർദ്ധനവിനായി കൃത്രിമപാരുകൾ എന്നിവയും തിരുവനന്തപുരം തീരദേശ മേഖലയിൽ നടപ്പാക്കി.

- മത്സ്യത്തൊഴിലാളികളുടെ സുരക്ഷയ്ക്കായി സുരക്ഷാ ഉപകരണങ്ങളായ ലൈഫ് ജാക്കറ്റ് (40000), സാറ്റലൈറ്റ് (194), നാവിക് (941) തുടങ്ങിയ ഉപകരണങ്ങൾ നൽകി.
- 781 മത്സ്യത്തൊഴിലാളി യുവാക്കൾക്ക് നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വാട്ടർ സ്പോർട്സിൽ പരിശീലനം. തുടർ പരിശീലനവും ലഭ്യമാക്കി മത്സ്യത്തൊഴിലാളി യുവതയുടെ പങ്കാളിത്തം ഉറപ്പാക്കിയ കടൽ സുരക്ഷ സ്ക്വാഡ് യാഥാർത്ഥ്യമാക്കി .
- ഓഖി ബാധിതരുടെ തുടർ ജീവസന്ധാരണത്തിന് 120 എഫ്.ആർ.പി. ബോട്ട് അനുവദിച്ച് നൽകി.
- ഓഖി ദുരന്തത്തിൽ മരണപ്പെട്ടവർ / കാണാതായവർ എന്നിവരുടെ ആശ്രിതരായ 42 പേർക്ക് മുട്ടത്തറ മത്സ്യഫെഡ് നെറ്റ് ഫാക്ടറിയിൽ ജോലി നൽകി. കൂടാതെ 12 പേർക്ക് ആരോഗ്യവകുപ്പിൽ ജോലി നൽകുന്നതിനായി ശുപാർശ ചെയ്യുകയും നഴ്സിംഗ് വിദ്യാഭ്യാസ യോഗ്യതയുള്ള രണ്ട് പേർക്ക് ആരോഗ്യവകുപ്പിൽ സ്റ്റാഫ് നഴ്സ് ഗ്രേഡ് 2 ആയി നിയമനം നൽകുകയും ചെയ്തു.
- ഓഖിയിൽ മരണപ്പെടുകയോ / കാണാതാവുകയോ ചെയ്ത മത്സ്യത്തൊഴിലാളികളുടെ ആശ്രിതരായ വനിതകൾക്ക് ജീവിത സാഹചര്യങ്ങൾ പുനസ്ഥാപിക്കുന്നതിനായി 4 കോടിരൂപ ചെലവഴിച്ച് വിഴിഞ്ഞം തുറമുഖ പ്രദേശത്ത് ആധുനിക സമുദ്ര ഭക്ഷ്യ സംസ്കരണ യൂണിറ്റും വിപണന ഔട്ട്ലെറ്റും പൂർത്തീകരിച്ചു.
- കേരള സീഫുഡ് കഫേ എന്ന പേരിൽ സീ ഫുഡ് റെസ്റ്റോറന്റുകൾ പ്രവർത്തനം ആരംഭിച്ചു

# പ്രധാന പദ്ധതികൾ

- ഓഖിയിൽ മരണപ്പെടുകയോ / കാണാതാവുകയോ ചെയ്ത 143 മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് ആശ്വാസമെന്നനിലയിൽ 20 ലക്ഷം രൂപ വീതം സർക്കാർ ധനസഹായം.
- പൂർണ്ണമായും വീട് നഷ്ടപ്പെട്ടവർക്ക് വീട്ടു വാടക എന്ന നിലയിൽ 3000 രൂപവീതം ഉടൻ അനുവദിച്ചു. തുടർന്ന് ഭവന നിർമ്മാണത്തിന് ധനസഹായവും
- ഓഖിയിൽ പരിക്കേറ്റ 219 മത്സ്യത്തൊഴിലാളികൾക്ക് മത്സ്യബോർഡ് മുഖേന 10.68 ലക്ഷം രൂപ അടിയന്തിര ചികിത്സാ സഹായം നൽകി.
- ദുരന്തത്തിന് ഇരയായ മത്സ്യത്തൊഴിലാളി വിഭാഗങ്ങളിൽ നിന്നും 178 പേർക്ക് കോസ്റ്റൽ പോലീസിൽ നിയമനം നൽകി.
- വീട് നഷ്ടമായ 72 മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് വീടും സ്ഥലവും ലഭ്യമാക്കാൻ 7.41 കോടി രൂപ അനുവദിച്ചു.
- മരണപ്പെടുകയോ / കാണാതാവുകയോ ചെയ്ത മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് ബിരുദം വരെ സൗജന്യ വിദ്യാഭ്യാസം ഉറപ്പാക്കാൻ2037 വരെ നീണ്ടുനിൽക്കുന്ന 13.92 കോടി രൂപയുടെ പദ്ധതി.
- ഭാഗീകമായി വീട് തകർന്ന 482 മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് വീട് റിപ്പയർ ചെയ്യാൻ 194.5 ലക്ഷം രൂപ. തിരുവനന്തപുരം ജില്ലയിൽ വീടില്ലാത്ത ഓഖി ബാധിതരുടെ 32 കുടുംബങ്ങൾക്ക് 2.12 കോടി രൂപയുടെ പ്രത്യേക പദ്ധതി.
- ഓഖിയിൽ പൂർണ്ണമായും, ഭാഗീകമായും മത്സ്യബന്ധന ഉപകരണങ്ങൾ നഷ്ടമായ 485 പേർക്ക് 7.37 കോടി രൂപ ധനസഹായം.
- മത്സ്യത്തൊഴിലാളികളുടെ സുരക്ഷയ്ക്കായി കടലിൽ രക്ഷാപ്രവർത്തനത്തിന് 18.06 കോടി രൂപ ചെലവഴിച്ച് 3 മറൈൻ ആംബുലൻസ് തയ്യാറാക്കി.



കേരള കഫേ, വിഴിഞ്ഞം

# പുനർഗേഹം

## മത്സ്യതൊഴിലാളി പുനരധിവാസത്തിന് രാജ്യത്തെ ഏക പദ്ധതി

**രാധ. ആർ**



*കടലിനോട് മല്ലിടുന്ന കടലിന്റെ മക്കൾക്ക് കടൽ കയറാത്ത ഭവനം യാഥാർത്ഥ്യമാക്കിയ കേരള സർക്കാരിന്റെ 2450 കോടി രൂപയുടെ ബൃഹദ് പദ്ധതിയാണ് പുനർഗേഹം.*

കടലാക്രമണത്താൽ സർവ്വതും നഷ്ടപ്പെട്ട് അഭയാർത്ഥികളെപ്പോലെ ക്യാമ്പുകളിൽ കഴിയേണ്ടി വരുന്ന മത്സ്യത്തൊഴിലാളികളുടെ അവസ്ഥ ഏതൊരു പൗരനേയും കണ്ണീരിലാഴ്ത്തുന്നതായിരുന്നു. ഈ കാഴ്ച 2016ന് മുൻപ് കേരള തീരത്ത് സർവ്വ സാധാരണവുമായിരുന്നു.

കേരളീയരുടെ ഭക്ഷണത്തിൽ ഒഴിവാക്കാനാവാത്ത ഒരു ഇനമായ മത്സ്യത്തെ തീൻമേശകളിൽ എത്തിക്കുകയും 6971 കോടി രൂപയുടെ വിദേശ നാണ്യം നേടി തരുകയും ചെയ്യുന്ന മത്സ്യത്തൊഴിലാളികളുടെ സാമൂഹിക സാമ്പത്തിക അവസ്ഥ അത്ര ആശാവഹമല്ലെന്ന് മാത്രമല്ല പൊതു വിഭാഗത്തിന്റെ ശരാശരി ആളോഹരി വരുമാനത്തിന്റെ പകുതിയിൽ താഴെ മാത്രമാണ് മത്സ്യത്തൊഴിലാളി സമൂഹത്തിന്റേത്. ഇത്തരത്തിലുള്ള ഒരു സമൂഹത്തെ പൊതുധാരയിലേയ്ക്ക് ഉയർത്തി കൊണ്ട് വരിക എന്നത് ക്ലേശകരമായ ഉദ്യമമാണെന്നറിയാമെങ്കിലും അവരുടെ സാമൂഹിക പിന്നോക്കാവസ്ഥ മാറ്റിയെടുക്കണമെങ്കിൽ സുരക്ഷിത മേഖലയിൽ സുരക്ഷിത ഭവനം ഒരുക്കേണ്ടതുണ്ട്. ഈ അനിവാര്യതയാണ് പുനർഗേഹം എന്ന പദ്ധതിയിലേയ്ക്ക് നമ്മെ കൊണ്ടെത്തിച്ചത്. 2020 മാർച്ച് 5 ന് തുടക്കം കുറിച്ച ഈ പദ്ധതി മൂന്ന് വർഷം കൊണ്ട് പൂർത്തിയാക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. കോവിഡ് സാഹചര്യവും മറ്റും മൂലം പദ്ധതിയുടെ കാലാവധി 2025 മാർച്ച് വരെ ദീർഘിപ്പിച്ചിട്ടുണ്ട്. രാജ്യത്ത് ഇത്തരത്തിലുള്ള ഏക പുനരധിവാസ പദ്ധതിയാണിതെന്ന പ്രത്യേകതയും പുനർഗേഹം പദ്ധതിക്കുണ്ട്.

2018 വർഷം ഫിഷറീസ് വകുപ്പ് നടത്തിയ വിശദമായ സർവ്വേ പ്രകാരം കടലോരത്ത് വേലിയേറ്റ രേഖയിൽ നിന്നും 50 മീറ്റർ പരിധിക്കുള്ളിൽ ആകെ 18685 കുടുംബങ്ങൾ അധിവസിക്കുന്നതായി കണ്ടെത്തിയിരുന്നു. സർവ്വേ പ്രകാരം കണ്ടെത്തിയ 18685 കുടുംബങ്ങളിൽ 3367 കുടുംബങ്ങൾ വേലിയേറ്റ രേഖയിൽ നിന്നും 10 മീറ്റർ പരിധിക്കുള്ളിൽ അധിവസിക്കുന്നവരാണ് എന്നതും അതിൽ മൂന്നിലൊന്ന് തിരുവനന്തപുരത്താണെന്നതും വേദനിപ്പിക്കുന്നതാണ്. ഇവരെ സുരക്ഷിത മേഖലയിൽ പുനരധിവസിപ്പിച്ച് ഒരു സന്തുഷ്ട തീരം സൃഷ്ടിക്കേണ്ടത് പരിഷ്കൃത സമൂഹത്തിന്റെ ആവശ്യവുമാണ്.








### ലക്ഷ്യങ്ങൾ

തീരദേശത്ത് വേലിയേറ്റ രേഖയിൽ നിന്നും 50 മീറ്റർ പരിധിക്കുള്ളിൽ അധിവസിക്കുന്ന മുഴുവൻ കുടുംബങ്ങളേയും സുരക്ഷിത മേഖലയിൽ പുനരധിവസിപ്പിക്കുക.

തീരത്ത് ഹരിത കവചമുൾപ്പെടെയുള്ള ബഫർ സോൺ ഒരുക്കുക.

### ആർക്കൊക്കെ പദ്ധതിയിൽ അംഗമാകാം

കടലോരത്ത് വേലിയേറ്റ രേഖയിൽ നിന്നും 50 മീറ്റർ പരിധിക്കുള്ളിൽ അധിവസിക്കുന്ന മുഴുവൻ കുടുംബങ്ങളും പദ്ധതി ഗുണഭോക്താക്കൾ ആണ്. എന്നാൽ വെവ്വേറെ റേഷൻ കാർഡുള്ളവരും ഒരേ വീട്ടിൽ താമസിക്കുന്നവരേയും ഒരേ റേഷൻ കാർഡിൽ ഉൾപ്പെട്ടിരുന്നവരായാലും സ്വന്തമായി വീടില്ലാത്തതുകൊണ്ട് മാത്രം മാതാപിതാക്കളോടൊപ്പമോ അല്ലാതെയോ താമസിക്കുന്നവരേയും വ്യത്യസ്ത കുടുംബമായി പരിഗണിച്ച് ധനസഹായം അനുവദിക്കുന്നതാണ്. ആദ്യ പരിഗണന ഭൂമിയുടേയും വീടിന്റേയും ഉടമയ്ക്കായിരിക്കും എന്ന് മാത്രം.

തുടർച്ചയായ കടലാക്രമണ ഭീഷണി നേരിടുന്ന പ്രദേശത്ത് താമസിക്കുന്ന കുടുംബങ്ങൾക്കായിരിക്കും മുൻഗണന.

### പദ്ധതി ഘടകങ്ങൾ

- ഗുണഭോക്താവ് സ്വന്തം നിലയിൽ ഭൂമി കണ്ടെത്തി ഭവന നിർമ്മാണം.
- സർക്കാർ ഭൂമി/സ്വകാര്യ ഭൂമി ഏറ്റെടുത്ത് സർക്കാർ ചെലവിൽ കെട്ടിട സമുച്ചയം നിർമ്മിച്ച് പുനരധിവാസം.
- ഗുണഭോക്താക്കൾ ചേർന്ന് റസിഡന്റ് ഗ്രൂപ്പുകൾ രൂപീകരിച്ച് ചെറു ഫ്ളാറ്റുകൾ നിർമ്മിച്ച് പുനരധിവാസം.
- ഗുണഭോക്താവ് സ്വന്തം നിലയിൽ ഭൂമിയും വീടും ഒരുമിച്ച് വാങ്ങി പുനരധിവാസം.

### പദ്ധതി അടങ്കലും ധനസഹായവും

പദ്ധതി അടങ്കൽ 2450 കോടി രൂപയാണ്. 1398 കോടി രൂപ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ശേഷിക്കുന്ന 1052 കോടി രൂപ സംസ്ഥാന ബഡ്ജറ്റ് വിഹിതത്തിൽ നിന്നുമാണ് കണ്ടെത്തുന്നത്.

പദ്ധതി ധനസഹായം പരമാവധി 10 ലക്ഷം രൂപയാണ്. ഭൂമി വാങ്ങുന്നതിന് പരമാവധി 6 ലക്ഷം രൂപയും ഭവന നിർമ്മാണത്തിന് 4 ലക്ഷം രൂപയും എന്നാൽ ഭൂമി വില 6 ലക്ഷം രൂപയിൽ താഴ്ത്തി കണ്ടെത്തുന്ന ഗുണഭോക്താക്കൾക്ക് 6 ലക്ഷം രൂപയിൽ ശേഷിക്കുന്ന തുക കൂടി ഭവന നിർമ്മാണത്തിന് പ്രയോജനപ്പെടുത്തുവാൻ കഴിയും. ഭൂമിയുടെ രജിസ്ട്രേഷൻ ചെലവ്, സ്റ്റാമ്പ് ഡ്യൂട്ടി എന്നിവ സർക്കാർ വഹിക്കും. പദ്ധതിയുമായി ബന്ധപ്പെട്ട എല്ലാ ധന ഇടപാടുകളും ഗുണഭോക്താക്കളുടെ/ഭൂ ഉടമയുടെ ബാങ്ക് അക്കൌണ്ടിലേയ്ക്ക് DBT ആയി മാത്രം അനുവദിക്കും.

പദ്ധതി പ്രകാരം മാറി താമസിക്കുന്നതിന് സന്നദ്ധത അറിയിച്ച 8845 കുടുംബങ്ങളെ മാറ്റി പാർപ്പിക്കുന്നതിനാണ് ആദ്യഘട്ടത്തിൽ മുഖ്യ പരിഗണന. ഇതിനായി വ്യക്തിഗത ഭവന നിർമ്മാണത്തിന് പുറമെ വിവിധ ജില്ലകളിൽ കണ്ടെത്തിയ സർക്കാർ ഭൂമികൾ ഏറ്റെടുത്ത് കെട്ടിട സമുച്ചയങ്ങളും നിർമ്മിക്കും. രൂക്ഷമായ കടലാക്രമണ ഭീഷണിയിൽ കഴിയുന്ന കുടുംബങ്ങൾക്ക് മുന്തിയ പരിഗണന നൽകി ഫ്ളാറ്റുകളിൽ പുനരധിവസിപ്പിക്കും. പുനർഗേഹം പദ്ധതി പ്രകാരം തീരദേശത്ത് നിന്ന് മത്സ്യതൊഴിലാളി കുടുംബങ്ങളെ നിർബന്ധിതമായി മാറ്റി പാർപ്പിക്കുവാൻ സർക്കാർ ശ്രമിക്കില്ലെന്ന് മാത്രമല്ല നിലവിലുള്ള ഭൂമിയുടെ ഉടമസ്ഥാവകാശം അവരിൽ തന്നെ നിലനിർത്തുന്നതുമാണ്. പ്രസ്തുത ഭൂമിയിൽ കൃഷി അടക്കമുള്ള എല്ലാ പ്രവർത്തനങ്ങൾക്കും അനുമതി ഉണ്ടെങ്കിലും നിർമ്മാണ പ്രവർത്തനങ്ങൾ പാടില്ല.





## ജില്ല തിരിച്ചുള്ള നേട്ടം

| ജില്ല | മാറി താമസിക്കുവാൻ സന്നദ്ധരായവർ | ഭൂമി വില നിശ്ചയിച്ചവർ | രജിസ്ട്രേഷൻ പൂർത്തീകരിച്ചവർ | ഭവന നിർമ്മാണം പൂർത്തീകരിച്ചവർ |
|---|---|---|---|---|
| തിരുവനന്തപുരം | 4044 | 1433 | 1079 | 590 |
| കൊല്ലം | 567 | 403 | 370 | 307 |
| ആലപ്പുഴ | 1212 | 840 | 722 | 536 |
| എറണാകുളം | 152 | 94 | 92 | 68 |
| തൃശ്ശൂർ | 449 | 396 | 353 | 281 |
| മലപ്പുറം | 1175 | 508 | 322 | 188 |
| കോഴിക്കോട് | 291 | 138 | 131 | 88 |
| കണ്ണൂർ | 314 | 189 | 181 | 101 |
| കാസർഗോഡ് | 641 | 324 | 305 | 52 |
| ആകെ | 8845 | 4325 | 3555 | 2211 |



## ഭവന സമുച്ചയം

## കൈമാറിയത്

| ക്രമ നം. | ജില്ല | സ്ഥലം | എണ്ണം |
|---|---|---|---|
| 1 | തിരുവനന്തപുരം | കാരോട് | 128 |
| 2 | തിരുവനന്തപുരം | ബീമാപള്ളി | 20 |
| 3 | കൊല്ലം | QSS കോളനി | 114 |
| 4 | മലപ്പുറം | പൊന്നാനി | 128 |
| ആകെ | | | 390 |

## നിർമ്മാണം പുരോഗമിക്കുന്നവ

| ക്രമ നം. | ജില്ല | സ്ഥലം | എണ്ണം |
|---|---|---|---|
| 1 | ആലപ്പുഴ | മണ്ണുംപുറം | 204 |
| 3 | തിരുവനന്തപുരം | മുട്ടത്തറ | 400 |
| 2 | മലപ്പുറം | നിറമരുതൂർ | 16 |
| 5 | മലപ്പുറം | പൊന്നാനി | 100 |
| 6 | കോഴിക്കോട് | വെസ്റ്റ്ഹിൽ | 80 |
| 7 | കാസർഗോഡ് | കോയിപ്പാടി | 144 |
| ആകെ | | | 944 |



## ഉടൻ ഏറ്റെടുക്കുന്നവ

| ക്രമ നം. | ജില്ല | സ്ഥലം | എണ്ണം |
|---|---|---|---|
| 2 | തിരുവനന്തപുരം | കൊച്ചുവേളി | 168 |
| 1 | തിരുവനന്തപുരം | മുട്ടത്തറ | 96 |
| 3 | തിരുവനന്തപുരം | സെന്റ് ആന്റണീസ് | 24 |
| ആകെ | | | 288 |

## പദ്ധതി പുരോഗതി

| | |
|---|---|
| ആകെ ഗുണഭോക്താക്കൾ | 18685 |
| മാറി താമസിക്കുവാൻ സന്നദ്ധരായ കുടുംബങ്ങൾ | 8845 |
| ഭൂമി കണ്ടെത്തിയവർ | 4325 |
| രജിസ്ട്രേഷൻ പൂർത്തിയാക്കിയവർ | 3555 |
| ഭവന നിർമ്മാണം പൂർത്തീകരിച്ചവർ | 2211 |
| ഫ്ളാറ്റ് നിർമ്മിച്ച് പുനരധിവസിക്കപ്പെട്ടവർ | 390 |
| നിർമ്മാണം പുരോഗമിക്കുന്നവ | 944 |
| ഉടൻ ഏറ്റെടുക്കുന്നവ | 288 |

# ഇന്ത്യയുടെ സമുദ്രമത്സ്യബന്ധന മേഖലയുടെ സാമൂഹിക സാമ്പത്തിക ഉന്നമനത്തിൽ കേരളത്തിന്റെ പങ്ക്.

**ജെ.മേഴ്സികുട്ടി അമ്മ**

സമുദ്ര മത്സ്യസമ്പത്തു കൊണ്ട് അനുഗ്രഹീതമായ ഒരു ഉപഭൂഖണ്ഡമാണ് ഇന്ത്യ. 3.32 ദശലക്ഷം കിലോമീറ്റർ വിസ്തൃതിയുള്ള നമ്മുടെ രാജ്യത്തിന്റെ തീരപ്രദേശത്തിന് 8118 കിലോമീറ്റർ ദൈർഘ്യമുണ്ട്. കടൽ തീരത്ത് നിന്നും 200 നാവിക മൈൽ വരെയുള്ള സമുദ്രത്തിന്റെ സാമ്പത്തിക പരമാധികാരവും നമുക്കാണ്. ഇന്ത്യയുടെ തനതായ സമുദ്ര സാമ്പത്തിക മേഖലയുടെ മത്സ്യ ഉൽപാദനശേഷി 4.41 ദശലക്ഷം ടൺ ആയി കണക്കാക്കപ്പെട്ടിട്ടുണ്ട്. അതിന്റെ പകുതി മാത്രമാണ് നാം പിടിച്ചെടുക്കുന്നത്.

ഇന്ത്യയുടെ സമുദ്ര മത്സ്യ വിഭവങ്ങളുടെ ഉൽപാദനത്തിൽ മുഖ്യ സ്ഥാനമുള്ള സംസ്ഥാനമാണ് കേരളം. കേരളത്തിന് 590 കിലോമീറ്റർ കടലോരവും നാൽപതിനായിരത്തോളം ചതുരശ്ര കിലോമീറ്റർ വിസ്തൃതിയുള്ള മത്സ്യബന്ധന യോഗ്യമായ വൻകരത്തിട്ടയുമാണുള്ളത്. കേരളതീരത്ത് നിന്ന് ഒരു വർഷം പിടിച്ചെടുക്കാവുന്ന മത്സ്യത്തിന്റെ അളവ് 7.5 ലക്ഷം ടൺ ആണെന്ന് കണക്കാക്കിയിട്ടുണ്ട്. ഏകദേശം രണ്ടു ലക്ഷത്തോളം മത്സ്യത്തൊഴിലാളികൾ പ്രത്യക്ഷമായും എട്ടു ലക്ഷം പേർ പരോക്ഷമായും ഈ മേഖലയിൽ പണിയെടുക്കുന്നു. കേരളത്തിന്റെ സമുദ്ര മത്സ്യബന്ധന മേഖലയുടെ വളർച്ചക്കുള്ള പ്രധാന കാരണം പരമ്പരാഗത രീതിയിൽ നിന്നും യന്ത്രവൽകൃത ബോട്ടുകളിലേക്കും മോട്ടോർ ഘടിപ്പിച്ച വള്ളങ്ങളിലേക്കുമുള്ള മാറ്റവും മത്സ്യബന്ധന രംഗത്തെ സാങ്കേതിക വിദ്യയിൽ ഉണ്ടായ കുതിച്ചുചാട്ടവും അവ പ്രയോജനപ്പെടുത്തുന്നതിൽ മത്സ്യത്തൊഴിലാളിയെ പ്രാപ്തമാക്കുന്നതിനുള്ള സർക്കാർ ഇടപെടലുകളുമാണ്. രാജ്യത്തിന്റെ ഇതര പ്രദേശങ്ങളിൽ നിന്നും വ്യത്യസ്തമായി കേരളത്തിലെ ഗവേഷണ സ്ഥാപനങ്ങളുടെ സാന്നിധ്യവും കേന്ദ്രസംസ്ഥാന മത്സ്യബന്ധന വകുപ്പുകളുടെ കാലോചിതമായ ഇടപെടലും നൂതന സാങ്കേതിക വിദ്യകൾ സ്വായത്തമാക്കി പ്രാവർത്തികമാക്കുന്നതിൽ മത്സ്യത്തൊഴിലാളികളുടെ താൽപര്യവും അതിലുപരി കൂട്ടായ പ്രവർത്തനവുമാണ് രാജ്യത്തെ ഫിഷറീസ് ഹബ്ബായി കേരളത്തെ വളർത്തുന്നതിന് സഹായകമായത്.

ഇന്ത്യൻ ഭരണഘടന അനുസരിച്ച് സമുദ്ര മത്സ്യ മേഖലയുടെ ഭരണാവകാശം കേന്ദ്ര സംസ്ഥാന സർക്കാരുകൾക്കായി വിഭജിക്കപ്പെട്ടിട്ടുണ്ട്. സംസ്ഥാനങ്ങൾക്ക് തീരത്തു നിന്നും 12 നാവിക മൈൽ ദൂരം വരെയുള്ള കടൽ ഭാഗങ്ങളിൽ മാത്രമേ മത്സ്യമേഖലാ പ്രവർത്തനങ്ങളിൽ ഇടപെടുവാൻ അവകാശമുള്ളൂ. അതിനപ്പുറം 200 നാവിക മൈൽ ദൂരം വരെയുള്ള കടൽഭാഗം കേന്ദ്രസർക്കാരിന്റെ അധീനതയിലാണ്. 8118 കിലോമീറ്റർ തീരദേശ ദൈർഘ്യമുള്ള ഇന്ത്യയ്ക്ക് സ്വന്തമായുള്ള കടൽ വിസ്തൃതി 2.02 ദശലക്ഷം ചതുരശ്ര കിലോമീറ്ററാണ്. ഇതിൽ ഉൾപ്പെടുന്ന 1300 ച. കി. മീ വരുന്ന കേരളത്തിന്റെ തീരക്കടൽ പ്രദേശം ലോകത്തിലെ തന്നെ ഏറ്റവും ഫലപുഷ്ടമായതും ഉൽപാദനക്ഷമവും ആണ്.

1950 കാലഘട്ടത്തിൽ തികച്ചും പരമ്പരാഗതമായ രീതിയിൽ മാത്രം മത്സ്യബന്ധനം നടത്തിയിരുന്ന മത്സ്യത്തൊഴിലാളികളെയും മത്സ്യബന്ധന മേഖലയെയും ആധുനികവൽക്കരിക്കുന്നതിൽ നോർവേ സർക്കാർ നൽകിയ സാങ്കേതിക സാമ്പത്തിക സഹായം പ്രത്യേകം പരാമർശിക്കേണ്ടതാണ്. ഇൻഡോനോർവിജിയൻ പദ്ധതിയുടെ ഭാഗമായി മത്സ്യബന്ധന രീതികൾ പരിഷ്കരിച്ച് മത്സ്യോൽപാദനം ഗണ്യമായി വർദ്ധിപ്പിക്കുക, മത്സ്യ ഉപയോഗം വർദ്ധിപ്പിച്ച് മത്സ്യത്തൊഴിലാളികളുടെ വരുമാനം വർദ്ധിപ്പിക്കുക, മത്സ്യത്തൊഴിലാളികളുടെ ആരോഗ്യ സാമൂഹിക സാമ്പത്തിക സുരക്ഷിതത്വം ഉറപ്പാക്കുക വഴി ജീവിതനിലവാരം ഉയർത്തുക എന്നീ ലക്ഷ്യങ്ങളാണുണ്ടായിരുന്നത് കൊല്ലം നീണ്ടകരയിലാണ് പദ്ധതി ആദ്യമായി ആരംഭിച്ചത്. മത്സ്യതൊഴിലാളികൾ തിങ്ങിപ്പാർക്കുന്നതും സാമൂഹ്യമായും സാമ്പത്തികമായും വളരെ പിന്നോക്കം നിൽക്കുന്നതും ആരോഗ്യപ്രശ്നങ്ങൾ ഏറെ ഉള്ളതും കുടിവെള്ളക്ഷാമം അനുഭവപ്പെടുന്നതും ആയ ഒരു പ്രദേശമായിരുന്നു അന്ന് നീണ്ടകര. എന്നാൽ പദ്ധതി നടപ്പാക്കിയതിന്റെ ഭാഗമായി നീണ്ടകരയിൽ മാത്രമല്ല സമീപപ്രദേശത്തെ കൂടി മത്സ്യത്തൊഴിലാളികളുടെ ഉന്നമനത്തിന് കാരണമായി. പദ്ധതി പ്രയോജനപ്പെടുത്തി യന്ത്രവത്കൃത ബോട്ടുകൾ വന്നതും സംസ്കരണ ശാലകളും ഐസ് പ്ലാന്റുകളും ആരംഭിച്ചതും നീണ്ടകരയിൽ മത്സ്യത്തൊഴിലാളി പരിശീലനത്തിനായി പരിശീലന കേന്ദ്രങ്ങൾ ആരംഭിക്കാൻ കഴിഞ്ഞതും ബോട്ട് നിർമ്മാണത്തിനും അറ്റകുറ്റപണിക്കും ബോട്ട് നിർമ്മാണശാല ആരംഭിച്ചതും ഈ മേഖലയിലെ സാമൂഹിക സാമ്പത്തിക വളർച്ചയ്ക്ക് കാരണമായി. ഈ മാതൃകയാണ് മറ്റ് സ്ഥലങ്ങളിലേക്ക് പിന്നീട് വ്യാപിപ്പിച്ചത്. ഇതിനെല്ലാം പുറമെ മത്സ്യത്തൊഴിലാളികളുടെ സാമൂഹിക സാമ്പത്തിക വളർച്ചയ്ക്ക് സഹായകരമായ വിദ്യാഭ്യാസ പ്രോത്സാഹന പദ്ധതികളും അടിസ്ഥാന സൗകര്യ വികസന പദ്ധതികളും സംസ്ഥാന സർക്കാർ നടപ്പാക്കുകയും ചെയ്തു.

മത്സ്യ ഉല്പാദനം വർദ്ധിപ്പിക്കുന്നതിന് മാത്രം മുൻഗണന നല്കി നടപ്പാക്കിയ പല പദ്ധതികളും മത്സ്യ സമ്പത്തിന്റെ ശോഷണത്തിന് കാരണമായിട്ടുണ്ട്. അമിത മത്സ്യബന്ധന സമ്മർദ്ദവും അശാസ്ത്രീയമായ മത്സ്യബന്ധന രീതികളുടെ അതിപ്രസരവും മൂലം പ്രധാന മത്സ്യ വിഭവങ്ങളുടെ സുസ്ഥിരത ഇന്ന് അപകടസ്ഥിതിയിലാണ്. നാനാ വർഗ്ഗത്തിൽപ്പെട്ട മത്സ്യ സമ്പത്തും നാനാതരത്തിലുള്ള മത്സ്യബന്ധന രീതികളും കാരണം വിലകുറഞ്ഞ മത്സ്യങ്ങൾ പിടിക്കപ്പെടാതെയും നല്ല വില ലഭിക്കുന്നവ അമിതമായി ചൂഷണത്തിനിടയാവുകയും അത് അവയുടെ വംശനാശത്തിന് കാരണമാകുകയും ചെയ്യുന്നു.

വാണിജ്യപരമായും സാമ്പത്തികപരമായും മത്സ്യമേഖല മുന്നിലാണെങ്കിലും അതിനെ മാത്രം ആശ്രയിച്ച് ജീവിക്കുന്ന യഥാർത്ഥ മത്സ്യത്തൊഴിലാളികൾ ഒരു വിഭാഗം ഇപ്പോഴും ദുരിതത്തിലാണ്. മത്സ്യത്തൊഴിലാളി വികസനത്തിന് നിരവധി ക്ഷേമ പ്രവർത്തനങ്ങൾ നിലവിലുണ്ടെങ്കിലും ലക്ഷ്യങ്ങൾ ഒരു പരിധിവരെ മാത്രമേ കൈവരിക്കുവാൻ കഴിയുന്നുള്ളൂ. ക്ഷേമപ്രവർത്തനങ്ങളോടൊപ്പം തന്നെ അവരുടെ ആളോഹരി വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികളും ആവശ്യമാണെന്ന തിരിച്ചറിവിന്റെ ഭാഗമായി താൽക്കാലിക ആശ്വാസത്തിനുള്ള സൗജന്യ ധനസഹായത്തോടൊപ്പം ശാശ്വത പരിഹാരമാർഗങ്ങൾ അവലംബിച്ച് വിവിധ പദ്ധതികളിലൂടെയുള്ള ഇടപെടൽ മേഖലയ്ക്ക് ഊർജ്ജം പകർന്നിട്ടുണ്ട്.

സ്വാതന്ത്ര്യാനന്തര കേരളത്തിൽ സാമ്പത്തിക വളർച്ച ദ്രുതഗതിയിലായിരുന്നില്ലെങ്കിലും വികസനരംഗത്ത് അംഗീകരിച്ച നയസമീപനങ്ങളും വികസനത്തിന്റെ മുൻഗണനകളും മൂലം സാമൂഹ്യ വികസനത്തിന്റെ ഉയർന്ന തലത്തിലേക്ക് കേരളം വളർന്ന് വികസിച്ചു. പൊതുവിതരണം. പൊതുജനാരോഗ്യ സംവിധാനം, പൊതു വിദ്യാഭാസ സൗകര്യം, നിർബന്ധിത സ്കൂൾ പഠനം, ഭൂമിക്ക് മുകളിൽ അധികാരം ഉറപ്പിക്കാൻ കഴിഞ്ഞ ഭൂപരിഷ്കരണം എന്നിവ ഈ മാറ്റത്തിന് കാരണമായി.



ഈ സമീപനങ്ങളുടെ അനന്തര ഫലമായിരുന്നു 'കേരള മാതൃക' എന്ന് വിശേഷിപ്പിക്കുന്ന വികസന നേട്ടങ്ങൾ. മാനവവിക വികസന സൂചികകളിൽ വികസിത ലോക രാജ്യങ്ങൾക്കുമൊപ്പം വളർച്ച കേരളം നേടിയിട്ടുണ്ട്.

കേരളത്തിന്റെ സമസ്ത മേഖലകളിലും സമഗ്ര വികസനമെന്ന ലക്ഷ്യത്തിനായി അനവധി പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കി വരുന്നു. ആയവ കേരളത്തിന്റെ സാമ്പത്തിക വളർച്ചയ്ക്കുൾപ്പെടെ കാര്യമായ സംഭാവനകൾ നൽകിയിട്ടുണ്ട്.

ലാഭം മാത്രം ചാലകശക്തിയായിട്ടുള്ള മൂലധന ശക്തികൾ നിയന്ത്രിക്കുന്ന പുതിയ വികസന സമീപനങ്ങൾ മൂലം ഇന്ത്യയിൽ ധനിക ദരിദ്ര അന്തരം വലിയ തോതിൽ വർദ്ധിച്ചിരിക്കുന്നു, ദാരിദ്ര്യം വർദ്ധിക്കുന്നു. എന്നാൽ കേരളം പൊതു സഹകരണ മേഖലകളുടെ പിൻതുണയോടെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന ജന വിഭാഗങ്ങളേയും ചേർത്തു പിടിച്ചു.

കേരളത്തെ കേരളമാക്കിത്തീർത്ത സവിശേഷമായ പ്രകൃതി വിഭവങ്ങൾ ചൂഷണത്തിന് വിധേയമാക്കുന്നതോടൊപ്പം പരിസ്ഥിതി സംരക്ഷണത്തിന് ഊന്നൽ നൽകി സുസ്ഥിര മത്സ്യബന്ധനം പ്രോത്സാഹിപ്പിക്കുന്നു.

കേരളത്തെ നിക്ഷേപ സൗഹൃദ സംസ്ഥാനമാക്കിയെങ്കിലും ഇന്നും പരിസ്ഥിതി സംരക്ഷണത്തിന് മുൻതൂക്കം നൽകി നിയമങ്ങളിൽ മാറ്റം വരുത്താതെ വികസന പദ്ധതികൾ നടപ്പിലാക്കി വരുന്നു.

ദുർബല വിഭാഗങ്ങളുടെ ആശ്വാസങ്ങളായ സബ്സിഡികൾ എല്ലാതലങ്ങളിലും വെട്ടിക്കുറയ്ക്കുന്ന കേന്ദ്ര നയത്തിനെ മറികടക്കത്തക്ക വിധം എല്ലാ ജനവിഭാഗങ്ങളുടെയും ശാക്തീകരണത്തിന് പിൻബലമേകുന്ന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി.

മത്സ്യത്തൊഴിലാളി പിടിച്ചു കൊണ്ട് വരുന്ന മത്സ്യത്തിന് ന്യായ വില ലഭിക്കുന്നതിനായി നൂതന ആശയങ്ങൾ വിപണന രംഗത്ത് നടപ്പിലാക്കി.

ഈ പുതുലോക ക്രമത്തിൽ ഒരൊറ്റ പ്രകൃതി വിഭവത്തെ മാത്രം ആശ്രയിച്ച് ഉപജീവനം ഉറപ്പാക്കുന്ന മത്സ്യത്തൊഴിലാളികളുടെയും അവരുടെ ആവാസപ്രദേശങ്ങളായ തീരദേശത്തിന്റേയും സമഗ്ര വികസനത്തിന്റെ സമീപനത്തിലും മാറ്റം ഉണ്ടാകുന്ന തരത്തിലുള്ള ഇടപെടലുകൾ ശക്തമാക്കിയിട്ടുണ്ട്. സാമൂഹികമായും, സാമ്പത്തികമായും പിന്നോക്കാവസ്ഥ നിലനിൽക്കുന്ന മത്സ്യത്തൊഴിലാളി സമൂഹത്തിന് സാമൂഹ്യസുരക്ഷ, സാമ്പത്തിക സുരക്ഷ, ജീവനോപാധിസുരക്ഷ, വിഭവസുരക്ഷ, പരിസ്ഥിതി സുരക്ഷ ഇവ ഉറപ്പാക്കുന്ന ഒരു സമീപനമാണ് നിലവിലുള്ളത്.



കേരളത്തിന്റെ തീരദേശവും തിരക്കടലും അനുഭവിച്ചിരുന്ന പാരിസ്ഥിതിക തകർച്ചകളെ അതിജീവിച്ച് മത്സ്യസമ്പത്തിനേയും സർവ്വോപരി മത്സ്യ മേഖലയേയും പുനരുജ്ജീവിപ്പിക്കുന്നതിനും മത്സ്യത്തൊഴിലാളികളുടെ ജീവിത സുരക്ഷ ഉറപ്പാക്കുന്നതിനുമായി നിരവധി പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. വികസനം ലക്ഷ്യമാണെങ്കിലും നിലവിലുള്ള പരിസ്ഥിതി സംരക്ഷണ നിയന്ത്രണങ്ങളെ കൂടുതൽ ഫലപ്രദമാക്കി നടപ്പാക്കിയാണ് മുന്നോട്ട് കുതിക്കുന്നത്. പ്രകൃതിയുടെ സമതുലിതാവസ്ഥ നിലനിർത്തുന്നതിനും മത്സ്യ സമ്പത്തിന്റെ പോഷണത്തിനുമായി കണ്ടൽക്കാടുകളെ സംരക്ഷിക്കപ്പെടേണ്ടതുണ്ട്. ഒരിഞ്ച് കണ്ടൽക്കാടുകൾ പോലും ഇനിയും നഷ്ടപ്പെടുത്തരുത്. നഗരമാലിന്യങ്ങൾ ജലസ്രോതസ്സുകളിൽ നിക്ഷേപിക്കുന്നത് കർശനമായും ഒഴിവാക്കേണ്ടതുണ്ട്. വ്യാവസായിക മാലിന്യത്തിന്റെ ജലസ്രോതസുകൾ നിക്ഷേപം പൂർണ്ണമായും ഒഴിവാക്കണം. കടൽത്തീരവും. കായൽ, കണ്ടൽക്കാടുകൾ എന്നിവയും ആർക്കും പതിച്ചു നൽകാൻ പാടില്ല. കേരളത്തിന്റെ ശേഷിക്കുന്ന കടൽത്തീരം മത്സ്യത്തൊഴിലാളികൾക്കും അനുബന്ധ സൗകര്യങ്ങൾക്കുമായി മാറ്റിവയ്ക്കണം. മത്സ്യത്തൊഴിലാളി ഗ്രാമങ്ങൾ മാലിന്യമുക്തമാക്കണം. ജൈവമാലിന്യങ്ങൾ സംസ്കരിക്കാൻ ബയോഗ്യസ് പ്ലാന്റുകൾ അടക്കമുള്ള അനുയോജ്യ സാങ്കേതിക വിദ്യകൾ നിലവിൽ പ്രയോജനപ്പെടുത്തി വരുന്നു. പരിസ്ഥിതിസംരക്ഷണം സമഗ്രവികസനത്തിന്റെ ഒഴിവാക്കാനാവാത്ത ഘടകമാകണം, മത്സ്യവിഭവ സംരക്ഷണവും പരിസ്ഥിതി സംരക്ഷണവും വിഭവങ്ങളുടെ ആരോഗ്യകരമായ നിലനിൽപിന് അടിസ്ഥാനമാണെന്ന് മനസ്സിലാക്കി താൽക്കാലിക നേട്ടങ്ങളെ മറന്ന് ഒന്നിച്ച് നിന്ന് ലഭ്യമായ വിഭവങ്ങൾ പരിരക്ഷിക്കാൻ മത്സ്യത്തൊഴിലാളികളെ പ്രാപ്തരാക്കുന്നതിനായി പങ്കാളിത്ത മാനേജ്മെന്റ് സംവിധാനങ്ങൾ രൂപീകരിച്ചിട്ടുണ്ട്.

ഇത്തരത്തിൽ വിഭവ സുരക്ഷയും സാമൂഹിക സുരക്ഷയും ഉറപ്പാക്കാൻ കഴിയുന്ന നിരവധി പ്രവർത്തനങ്ങളാണ് സർക്കാർ നടപ്പാക്കി വരുന്നത്. കടലിലെ പ്ലാസ്റ്റിക് മാലിന്യ നിർമ്മാർജ്ജനത്തിനു ലോകത്തിനു മാതൃകയായ ശുചിത്വ സാഗരം പദ്ധതി മത്സ്യത്തൊഴിലാളികളുടെ പങ്കാളിത്തത്തോടെ കൊല്ലത്താണ് തുടക്കം കുറിച്ചത്. മത്സ്യ സമ്പത്ത് സംരക്ഷിക്കുന്നതിനായി അഷ്ടമുടിയിൽ നടപ്പാക്കിയ സംയോജിത മത്സ്യ സംരക്ഷണ പദ്ധതികളും നൈപുണ്യ വികസന പദ്ധതികളും മത്സ്യതൊഴിലാളി വനിതാ സംരംഭങ്ങളും ഇന്ധന ചെലവു കുറക്കുന്നതിനു സഹായകമായ പദ്ധതികളും എല്ലാം തുടക്കം കുറിക്കുന്നതിന് കഴിഞ്ഞിട്ടുണ്ട് എന്നത് കേരളത്തിന്റെ മത്സ്യമേഖല പ്രവർത്തനങ്ങളിൽ അഭിമാനിക്കുവാൻ കഴിയുന്നവയാണ്.

# മത്സ്യമേഖല ഭാവി പ്രവർത്തനങ്ങൾ ഒറ്റനോട്ടത്തിൽ.

സ്മിത ആർ നായർ

മത്സ്യ മേഖലയുടെ സമഗ്ര വികസനം എന്ന ഒറ്റ ലക്ഷ്യം സാക്ഷാത്കരിക്കുന്നതിന് ഉതകുന്ന പദ്ധതികളാണ് വകുപ്പിന്റെ നേതൃത്വത്തിൽ ആവിഷ്കരിച്ച് നടപ്പാക്കി വരുന്നത്. കടലാക്രമണത്താൽ ഭൂമിയും വീടും നഷ്ടപ്പെട്ടവരെയും കടലാക്രമണം ഭീഷണിയിൽ കഴിയുന്നവരുടെയും പുനരധിവാസം, പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് ആഴക്കടൽ മത്സ്യബന്ധനത്തിന് ബോട്ടുകൾ, കടൽ രക്ഷാപ്രവർത്തനത്തിന് മറൈൻ ആംബുലൻസ്, മത്സ്യവിഭവ പരിപാലനത്തിന് ത്രിതല മാനേജ്മെന്റ്സമിതികൾ, തീരമൈത്രി പദ്ധതികൾ, ഗുണനിലവാരം ഉറപ്പാക്കിയുള്ള മത്സ്യ വില്പനയ്ക്ക് വിപണന ശൃംഖല, മത്സ്യകൃഷി പ്രോത്സാഹനത്തിന് ജനകീയ മത്സ്യകൃഷി, മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് പഠന സൗകാര്യമൊരുക്കുന്നതിന് വിദ്യാതീരം തുടങ്ങിയവ അവയിൽ ചിലത് മാത്രമാണ്. മത്സ്യ സമ്പത്തിന്റെ സുസ്ഥിരമായ വിനിയോഗവും, ആവാസവ്യവസ്ഥയുടെ സംരക്ഷണവും പുനരുജ്ജീവനവും, മത്സ്യത്തൊഴിലാളികളുടെ കുടുംബത്തിൽ നിന്നും അഭ്യസ്തവിദ്യരായ യുവതി യുവാക്കൾക്ക് തൊഴിൽ ഉറപ്പാക്കാനുള്ള പദ്ധതികളും അടുത്ത രണ്ടു വർഷക്കാലയളവിനുള്ളിൽ ഏറ്റെടുക്കേണ്ട പ്രധാന പ്രവർത്തനങ്ങളാണ്.

## തൊഴിൽ തീരം.

കേരളത്തിലെ സാമൂഹിക സാമ്പത്തിക തൊഴിൽ മേഖലകളിൽ ഏറ്റവും അധികം സംഭാവന നൽകുന്ന ഒരു മേഖലയാണ് മത്സ്യ മേഖല. എന്നിരുന്നാലും കുടുംബത്തിന്റെ സാമൂഹിക സാമ്പത്തിക സ്ഥിതി മെച്ചമല്ല. മത്സ്യത്തൊഴിലാളി കുടുംബങ്ങളുടെ പ്രതിവർഷ വാർഷിക വരുമാനം മറ്റു മേഖലകളുമായി താരതമ്യം ചെയ്യുമ്പോൾ പകുതി മാത്രമാണ്. മത്സ്യത്തൊഴിലാളികളെ സമൂഹത്തിന്റെ മുഖ്യധാരയിൽ എത്തിക്കാൻ അവരുടെ വൈജ്ഞാനിക കഴിവുകളുടെയും സാങ്കേതിക നൈപുണ്യത്തിന്റെയും അടിസ്ഥാനത്തിൽ തൊഴിലുറപ്പാക്കുന്നതിനായി നോളജ് എക്കണോമി മിഷനും ഫിഷറീസ് വകുപ്പും സംയുക്തമായിട്ടാണ് തൊഴിൽ തീരം പദ്ധതി തയ്യാറാക്കിയിട്ടുള്ളത്. കേരളത്തിലെ 46 തീരദേശ നിയോജകമണ്ഡലങ്ങളിലും ഉൾനാടൻ മത്സ്യബന്ധന ഗ്രാമങ്ങളിലും പദ്ധതി നടപ്പാക്കും. പഞ്ചായത്ത് തല ബോധവൽക്കരണ പരിപാടി, പ്രാദേശിക അടിസ്ഥാനത്തിൽ തൊഴിൽ ക്ലബ്ബുകളുടെ രൂപീകരണം, നിയോജക മണ്ഡല മൈക്രോ പദ്ധതി, തൊഴിൽമേളകൾ തുടങ്ങിയ വിവിധങ്ങളായ പ്രവർത്തനങ്ങളിലൂടെ മത്സ്യത്തൊഴിലാളി വിഭാഗത്തിലെ തൊഴിൽ അന്വേഷകർക്ക് നൈപുണ്യ പരിശീലനം നൽകി തൊഴിൽ സജ്ജരാക്കി തൊഴിലിലേക്ക് എത്തിക്കുന്നതിനാണ് തൊഴിൽതീരം പദ്ധതി ലക്ഷ്യമിടുന്നത്.

## ശുചിത്വ സാഗരം സുന്ദര തീരം

കടലിനെയും കടലോരത്തെയും പ്ലാസ്റ്റിക് മാലിന്യ മുക്തമാക്കി സ്വാഭാവിക ആവാസ വ്യവസ്ഥ വീണ്ടെടുത്ത് മത്സ്യ സമ്പത്തിന്റെ പുനരുജ്ജീവനമാണ് മുഖ്യ ലക്ഷ്യം. മത്സ്യത്തൊഴിലാളികൾ, ബോട്ടുടമകൾ, മറ്റ് സന്നദ്ധ സംഘടനകൾ, രാഷ്ട്രീയ പ്രസ്ഥാനങ്ങൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, വിവിധ സർക്കാർ വകുപ്പുകൾ, ഏജൻസികൾ തുടങ്ങി മുഴുവൻ ജനവിഭാഗങ്ങളുടെയും സഹകരണത്തോടെ കടലും, തീരവും പ്ലാസ്റ്റിക്ക് മാലിന്യ മുക്തമാക്കി ആരോഗ്യകരമായ കടലും സുന്ദരമായ തീരവും സൃഷ്ടിക്കുന്നതാണ് ശുചിത്വ സാഗരം സുന്ദര തീരം പദ്ധതി.




സാധ്യമായ എല്ലാ മാർഗ്ഗങ്ങളും ഉപയോഗിച്ചുള്ള ബോധവത്കരണം, ഒരു ദിവസം നീണ്ടുനിൽക്കുന്ന പ്ലാസ്റ്റിക്ക് മാലിന്യ ശേഖരണം, ഹാർബറുകൾ കേന്ദ്രീകരിച്ച് കടലിൽ നിന്നുള്ള പ്ലാസ്റ്റിക് മാലിന്യ ശേഖരണം, പുനരുപയോഗം, തുടർ ക്യാമ്പയിൻ തുടങ്ങി മൂന്ന് ഘട്ടങ്ങളിലായാണ് പദ്ധതി നിർവ്വഹണം. 590 കിലോമീറ്റർ നീളത്തിൽ വ്യാപിച്ചു കിടക്കുന്ന കേരളത്തിന്റെ കടൽത്തീരം പ്ലാസ്റ്റിക് മാലിന്യ മുക്തമാക്കുന്നതിനായി ഓരോ 2 കിലോമീറ്ററിനും ഒരു ആക്ഷൻ ഗ്രൂപ്പ് എന്ന കണക്കിൽ 300 ആക്ഷൻ ഗ്രൂപ്പുകൾ രൂപീകരിച്ചിട്ടുണ്ട്. ഓരോ ഗ്രൂപ്പിലും കുറഞ്ഞത് 50 സന്നദ്ധ പ്രവർത്തകർ വീതം ഉണ്ടാകും. ഓരോ ഗ്രൂപ്പും ശേഖരിയ്ക്കുന്ന പ്ലാസ്റ്റിക് മാലിന്യങ്ങൾ തരംതിരിച്ച് അതാത് ആക്ഷൻ കേന്ദ്രങ്ങളിൽ സംഭരിയ്ക്കുകയും ക്ലീൻ കേരള കമ്പനി, ശുചിത്വ മിഷൻ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവരുടെ ചുമതലയിൽ ഷ്രെഡിംഗ് യൂണിറ്റുകളിലേയ്ക്ക് മാറ്റി ശാസ്ത്രീയമായി സംസ്കരിയ്ക്കുകയും ചെയ്യുന്നതിനാണ് വിഭാവനം ചെയ്തിട്ടുള്ളത്. പ്രതിവർഷം 80 ലക്ഷം മെട്രിക് ടൺ മാലിന്യമാണ് കടലിലേക്ക് തള്ളുന്നത്. ഇത്തരത്തിൽ കടലിലെത്തിപ്പെട്ടിട്ടുള്ള പ്ലാസ്റ്റിക് മാലിന്യങ്ങളെ തിരിച്ചെടുത്ത് പുനരുപയോഗം നടത്തി കടൽ ആവാസ വ്യവസ്ഥയെ പുനരുജ്ജീവിപ്പിക്കുന്ന രാജ്യത്തെ ആദ്യ പദ്ധതിയാണിത്.

## കൃത്രിമ പാര്.

കാലാവസ്ഥ വ്യതിയാനവും മനുഷ്യ ഇടപെടലും മൂലം ജൈവവൈവധ്യത്തിൽ കലവറയായ കടലിൽ മത്സ്യ സമ്പത്തിന് കുറവ് നേരിടുകയാണ്. ഈ കുറവ് പരിഹരിക്കുന്നതിന് വേണ്ടി പവിഴപ്പുറ്റുകളുടെ പരിസ്ഥിതിയെ അനുകരിക്കുവാൻ കഴിയുമാറ് രൂപകല്പന ചെയ്തിട്ടുള്ള മനുഷ്യനിർമ്മിത സംവിധാനമാണ് കൃത്രിമ പാരുകൾ. ഇത്തരത്തിൽ കൃത്രിമ ആവാസവ്യവസ്ഥ ഒരുക്കുന്നതിലൂടെ സമുദ്ര മത്സ്യ സമ്പത്ത് സംരക്ഷിക്കുന്നതിനും പരിപാലിക്കുന്നതിനും കഴിയുന്നു. ഇതിനകം തിരുവനന്തപുരം ജില്ലയിലെ 42 മത്സ്യ ഗ്രാമങ്ങൾ കേന്ദ്രീകരിച്ച് കൃത്രിമ പാരുകൾ സ്ഥാപിച്ചു കഴിഞ്ഞു. സംസ്ഥാനത്തെ ശേഷിക്കുന്ന 180 സമുദ്ര മത്സ്യ ഗ്രാമങ്ങളിലും കൃത്രിമ പാര് സ്ഥാപിക്കുന്ന പദ്ധതി 2025 മാർച്ചിനകം പൂർത്തിയാക്കും.

## ക്ലസ്റ്റർ അധിഷ്ഠിത മത്സ്യ കൃഷി സംരംഭങ്ങൾ.

നൂതന സാങ്കേതികവിദ്യ ഉപയോഗിച്ചുള്ള മത്സ്യകൃഷി പദ്ധതിയുടെ വ്യാപനവും വാണിജ്യാടിസ്ഥാനത്തിനുള്ള ഉൽപാദനവും ഉയർത്തുവാൻ വരും വർഷങ്ങളിൽ ക്ലസ്റ്റർ അധിഷ്ഠിത സമീപനവും ഹബ്ബ് ആൻഡ് സ്പോക്ക് മോഡൽ തരത്തിലുള്ള സംയോജിത വ്യവസായിക യൂണിറ്റുകളുടെ വ്യാപനവും ലക്ഷ്യമിടുന്നു. ഇത്തരത്തിലുള്ള സംയോജിത യൂണിറ്റുകളിൽ ഒരു കേന്ദ്രീകൃത ഉൽപാദന വിജ്ഞാന വ്യാപന കേന്ദ്രവും ഈ കേന്ദ്രത്തെ ആശ്രയിച്ച് മത്സ്യോല്പാദനം നടത്തുന്ന ചെറു ഉത്പാദന യൂണിറ്റുകളും ഉണ്ടാകും.

കേന്ദ്രീകൃത യൂണിറ്റിൽ നിന്ന് നൂതന കൃഷി നടപ്പിലാക്കുന്നതിന് വേണ്ടിവരുന്ന ഉത്പാദന ഉപാധികൾ, സാങ്കേതിക സഹായം, പരിശീലനം, ലബോറട്ടറി സൗകര്യം എന്നിവ സമീപപ്രദേശങ്ങളിൽ പ്രവർത്തിക്കുന്ന ചെറുകിട യൂണിറ്റുകൾക്ക് ലഭിക്കും. അതുപോലെ ചെറുകിട സംവിധാനങ്ങളിൽ ഉൽപാദിപ്പിക്കുന്ന ഉൽപ്പന്നങ്ങൾ ഒരു കേന്ദ്രീകൃത സംവിധാനത്തിലൂടെ വിപണനം ചെയ്യപ്പെടുകയും ചെയ്യുന്നു. ഇതുപോലുള്ള ഉത്പാദന കേന്ദ്രങ്ങൾ സ്ഥാപിക്കുക വഴി വർഷം മുഴുവനും മത്സ്യോല്പാദനം സാധ്യമാവുകയും മെച്ചപ്പെട്ട ഉൽപാദനവും കർഷകർക്ക് അവരുടെ ഉത്പന്നങ്ങൾക്ക് ന്യായമായ വില ലഭിക്കുന്നതിനും കഴിയും. നൂതന മത്സ്യകൃഷിയുടെ സുസ്ഥിര വളർച്ച ഉറപ്പാക്കുവാൻ കഴിയുന്നതാണ് ഹബ്ബ് ആൻഡ് സ്പോക്ക് മോഡൽ.

## മൂല്യ വർദ്ധിത മത്സ്യ ഉൽപ്പന്നങ്ങൾ.

വളരെ തിരക്കേറിയ വർത്തമാന ജീവിതത്തിൽ തിരക്കുകളെ അതിജീവിക്കുന്നതിനുള്ള മാർഗങ്ങളാണ് എല്ലാപേരും തേടുന്നത്. ജോലികൾ ലഘൂകരിക്കുന്നതിനായി അനവധി നൂതനാശയങ്ങൾ ഇന്ന് പ്രയോജനപ്പെടുത്തുന്നുണ്ട്. ആരോഗ്യകരമായ ജീവിതത്തിന് പോഷക സമ്പൂർണ്ണമായ ഭക്ഷണം അത്യന്താപേക്ഷിതമാണ്. സമയ പരിമിതി കാരണം ഭക്ഷണം പാകം ചെയ്യുന്നതിന് പകരം പാക്കേജുകളിൽ ലഭ്യമായ പാകം ചെയ്ത ഭക്ഷണമോ പാകം ചെയ്ത് ഉപയോഗിക്കുവാൻ തക്കവിധം എല്ലാ ചേരുവകളും ഉൾപ്പെടുത്തപ്പെട്ട രീതിയിലുള്ളവയോ ഉപയോഗിക്കുന്നവരായി നാം ഇന്ന് മാറിയിട്ടുണ്ട്. ആയതിനാൽ തന്നെ മത്സ്യ ഉൽപ്പന്നങ്ങൾക്കും അപ്രകാരം ഉള്ള ഒരു സാധ്യത മനസ്സിലാക്കി ഉൽപ്പന്നങ്ങൾ വിപണിയിൽ എത്തിക്കുവാൻ സാധിച്ചിട്ടുണ്ട്. മത്സ്യം നേരിട്ട് വിപണനം ചെയ്യുന്നതിലും പലമടങ്ങ് വരുമാനം മൂല്യവർദ്ധനവിലൂടെ നേടുവാൻ സാധിക്കും. ഇത്തരത്തിൽ വരുമാന വർദ്ധനവിന് ഉതകുന്ന പദ്ധതികളിൽ മത്സ്യത്തൊഴിലാളി വനിതകൾക്ക് പരിശീലനവും നൽകി ആരംഭിക്കുവാനും ഉൽപ്പന്നങ്ങൾ ഉപഭോക്താക്കൾക്ക് നേരിട്ട് എത്തിച്ചു നൽകുന്നതിനുള്ള സംവിധാനവും ഒരുക്കി മത്സ്യ വിപണന രംഗത്തിന് ഒരു പുതിയ മാതൃക സൃഷ്ടിക്കുന്നതാണ്.

## കേരള സീ ഫുഡ് കഫേ

രുചിയേറും മത്സ്യവിഭവങ്ങൾ കേരളീയർക്ക് ഏറെ ഇഷ്ടമുള്ളതാണ്. രുചിയേറും മത്സ്യവിഭവങ്ങളുടെ തനിമ നഷ്ടപ്പെടാതെ അവയുടെ രുചിഭേദം എല്ലാ വിഭാഗം ജനങ്ങളിലേക്കും എത്തിക്കുന്നതിന് ലക്ഷ്യമിട്ടാണ് കേരള സീഫുഡ് കഫേ എന്ന നാമത്തിൽ മത്സ്യത്തൊഴിലാളി വനിതകളെ സംഘടിപ്പിച്ച് ഗ്രൂപ്പുകളാക്കി സീ ഫുഡ് വിഭവങ്ങൾ ലഭ്യമാകുന്ന റസ്റ്റോറന്റുകളുടെ ശൃംഖല രൂപീകരിക്കുന്നതിന് ലക്ഷ്യമിടുന്നത്. ന്യൂഡൽഹിയിൽ സംഘടിപ്പിച്ച ഇന്ത്യാ ഇന്റർനാഷണൽ ട്രെയ്ഡ് ഫെയറുകളിൽ (IITF) മത്സ്യത്തൊഴിലാളി വനിതകളുടെ ഇത്തരം ഗ്രൂപ്പുകൾ പങ്കെടുക്കുകയും ഗോൾഡ് മെഡൽ കരസ്ഥമാക്കുകയും ചെയ്തിട്ടുണ്ട്. SAFന്റെ നേതൃത്വത്തിൽ സംസ്ഥാനത്ത് 44 സീ ഫുഡ് റസ്റ്റോറന്റുകളും മത്സ്യഫെഡിന്റെ നേതൃത്വത്തിൽ വിഴിഞ്ഞത്തെ കേരള കഫേയും വിവിധ അക്വാ ടൂറിസം കേന്ദ്രങ്ങളിൽ റസ്റ്റോറന്റുകളും പ്രവർത്തിക്കുന്നുണ്ട്. ഇവയുടെ എല്ലാം പ്രവർത്തനം ഒരു കുടക്കീഴിൽ കൊണ്ടുവരാനും കേരളത്തിന്റെ തനതായ മത്സ്യവിഭവ രുചി വൈവിധ്യം എല്ലായിടത്തും ലഭ്യമാക്കുന്നതിനുമാണ് കേരള സീ ഫുഡ് കഫേയിലൂടെ ലക്ഷ്യമിടുന്നത്.

## ഹാർബർ മാനേജ്മെന്റ് സൊസൈറ്റി

മത്സ്യബന്ധന തുറമുഖങ്ങളുടെ നടത്തിപ്പിനും പരിപാലനത്തിനും നിരീക്ഷണത്തിനുമായി മത്സ്യത്തൊഴിലാളികളുടെ കൂടി പങ്കാളിത്തം ഉറപ്പാക്കാവുന്ന ഹാർബർ മാനേജ്മെന്റ് സൊസൈറ്റികൾ രൂപീകരിച്ചിട്ടുണ്ട്. മത്സ്യസംഭരണവും ലേലവും വിപണനവും നിയന്ത്രിക്കുന്നതിനും വ്യവസ്ഥാപിതവും ശുചിത്വപൂർണ്ണവും കാര്യക്ഷമവുമായ ലേലവും വിപണനവും പ്രോത്സാഹിപ്പിക്കുന്നതിനും ഗുണനിലവാരം പരിപാലിക്കുന്നതിനും.

ഹാർബറുകളുമായി ബന്ധപ്പെട്ട മറ്റു വിഷയങ്ങളിൽ ഉചിതമായ നടപടികൾ സ്വീകരിക്കുകയുമാണ് ഹാർബർ മാനേജ്മെന്റ് സൊസൈറ്റികളുടെ കർത്തവ്യം. ജില്ലാ കളക്ടർ ചെയർപേഴ്സണും ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ മെമ്പർ സെക്രട്ടറിയും സ്ഥലം എംഎൽഎ വിവിധ വകുപ്പുകളിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ മത്സ്യത്തൊഴിലാളി പ്രതിനിധികൾ എന്നിവർ ഹാർബർ മാനേജ്മെന്റ് സൊസൈറ്റിയിൽ അംഗങ്ങളാണ്.ഹാർബറുകളുടെ മാനേജ്മെന്റുകൾ സഹായിക്കുന്നതിന് പുറമേ മത്സ്യത്തൊഴിലാളികൾക്ക് വേണ്ടുന്ന അടിസ്ഥാന സൗകര്യങ്ങൾ ഹാർബറുകളിൽ ഒരുക്കുന്നതിനും അവരുടെ പ്രാദേശിക പ്രശ്നങ്ങൾ ചർച്ചകളിലൂടെ പരിഹരിക്കുന്നതിനും ഇവയ്ക്ക് ഇടപെടുവാൻ കഴിയും. ഇത്തരത്തിൽ ഒരു പങ്കാളിത്ത മാനേജ്മെന്റ് സംവിധാനത്തിലൂടെ പൊതുമുതൽ സംരക്ഷിച്ച് പരിപാലിക്കുന്നതിന് കഴിയുന്നു.

## ദാരിദ്ര നിർമാർജനം

കേരളത്തിൽ അതിദരിദ്രർ 0.64% ആണെന്ന് സർവ്വേയിൽ കണ്ടെത്തിയിട്ടുണ്ട്. ഇത്തരത്തിൽ കണ്ടെത്തിയ 64006 പേരിൽ 2737 മത്സ്യത്തൊഴിലാളി മേഖലയിൽ നിന്നുമാണ്. ആയവരെ ജില്ലതിരിച്ച് അവരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് അടിയന്തര സ്വഭാവമുള്ളവ, ഹ്രസ്വകാലത്തിനുള്ളിൽ നടപടി സ്വീകരിക്കാവുന്നവ, ദീർഘകാലം വേണ്ടിവരുന്നവ എന്നിങ്ങനെ തരംതിരിച്ച് നടപടി സ്വീകരിച്ചു വരുന്നു. കുടുംബങ്ങളുടെ അതിജീവനത്തിന് അടിയന്തരമായി ചെയ്യേണ്ട കാര്യങ്ങൾ, ഭക്ഷണം, മരുന്ന് എന്നിവയുടെ ലഭ്യത ഉറപ്പാക്കൽ എന്നീ ഉടൻ നടപ്പാക്കേണ്ട വിഷയങ്ങൾ അടിയന്തര പ്രാധാന്യത്തോടെ നടപ്പാക്കി വരുന്നു. ഭക്ഷണം ആവശ്യമായവരിൽ 98 ശതമാനത്തിൽ അധികം പേരുടെയും പ്രശ്നപരിഹാരം സാധ്യമാക്കിയിട്ടുണ്ട്. അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കൽ, പഠന സൗകര്യങ്ങൾ ലഭ്യമാക്കൽ തുടങ്ങി ഹ്രസ്വകാലം കൊണ്ട് നടപ്പിലാക്കാവുന്ന പദ്ധതികൾ മൂന്നുമാസം മുതലുള്ള കാലയളവിൽ പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഭവന നിർമ്മാണം പോലുള്ള നടപടി പൂർത്തീകരണത്തിന് ദീർഘകാലം വേണ്ടിവരുന്നവയും അതിന്റെ പ്രാധാന്യം കണക്കിലെടുത്ത് തന്നെ നടപടികൾ സ്വീകരിച്ചു വരുന്നു. ഇത്തരത്തിൽ കണ്ടെത്തിയിട്ടുള്ള മുഴുവൻ പേർക്കും അവരുടെ ആവശ്യങ്ങൾ നിറവേറ്റി അവരെ നല്ലൊരു നാളെയിലേക്ക് നയിക്കുന്നതിനു വേണ്ട നടപടികൾ ദ്രുതഗതിയിൽ പുരോഗമിക്കുന്നു.

## മത്സ്യഭവനുകൾ സ്മാർട്ടാക്കും

വകുപ്പിന്റെ സേവനങ്ങൾ ലഭിക്കുന്നതിന് നിലവിൽ മത്സ്യഭവനുകളിൽ നേരിട്ട് എത്തിയാൽ മാത്രമേ സാധിക്കുകയുള്ളൂ. നിശ്ചിത സമയപരിധിക്കുള്ളിൽ ജോലി പൂർത്തീകരിക്കുവാൻ കഴിയുമെന്ന് ഉറപ്പില്ലാത്ത മത്സ്യത്തൊഴിലാളികളെ സംബന്ധിച്ച് നേരിട്ട് എത്തണമെങ്കിൽ അന്നേദിവസം ജോലിക്ക് പോകുന്നത് ഒഴിവാക്കിയാൽ മാത്രമേ കഴിയൂ. പരമാവധി സേവനങ്ങൾ ഓൺലൈനായി ലഭ്യമാക്കുക എന്നതാണ് ഈ പ്രശ്നത്തിന് ഒരു പരിഹാരം. രജിസ്ട്രേഷൻ, ലൈസൻസ്, പെർമിറ്റ് തുടങ്ങി യാനങ്ങളുമായി ബന്ധപ്പെട്ട് അപേക്ഷ നൽകുന്നതും തുക ഒടുക്കുന്നതും ഉൾപ്പെടെയുള്ള എല്ലാ സേവനങ്ങളും റിയൽ ക്രാഫ്റ്റ് സോഫ്റ്റ്വെയറിൽ ലഭ്യമാക്കിയും വകുപ്പുമായി ബന്ധപ്പെട്ട പദ്ധതികൾക്കുള്ള അപേക്ഷകൾ നൽകുന്നതിനും വിവിധ ആവശ്യങ്ങൾക്കായി തുക അടക്കുന്നതിനും സംവിധാനം ഒരുക്കും. സമർപ്പിക്കപ്പെട്ട അപേക്ഷകളുടെ സ്ഥിതിവിവരം വകുപ്പിന്റെ വെബ്സൈറ്റിൽ നിന്നറിയുന്നതിനുള്ള സൗകര്യം ഒരുക്കിയും മത്സ്യ ഭവനുകളിൽ ടച്ച് സ്ക്രീനുകൾ സ്ഥാപിച്ച് പ്രയോജനപ്പെടുത്തിയും മൊബൈൽ ആപ്പുകൾ തയ്യാറാക്കി സേവനങ്ങൾ വിരൽത്തുമ്പിൽ കൊണ്ടുവരുന്നതിനും കാര്യക്ഷമവും സമയബന്ധിതവുമായ ഓഫീസ് പ്രവർത്തനത്തിന് എല്ലാ പ്രാദേശിക ഓഫീസുകളിലേക്കും ഈ ഓഫീസ് സംവിധാനം എത്തിക്കുന്നതിനുമുള്ള നടപടികൾ പൂർത്തീകരിക്കും. ഇത്തരത്തിൽ ഓഫീസ് പ്രവർത്തനം പേപ്പർലെസ് ആക്കി മാറ്റുന്നതോടൊപ്പം ഓഫീസുകളിലെ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തി സ്ത്രീ അംഗ പരിമിത സൗഹൃദമാക്കും.

# കേരളത്തിലെ ജലകൃഷി വികസനം ഒരു അവലോകനം



എസ്. മഹേഷ്

ഭക്ഷ്യോൽപാദന മേഖലയിൽ അതിവേഗം വളർച്ച നേടിക്കൊണ്ടിരിക്കുന്ന ഒരു മേഖലയാണ് അക്വാകൾച്ചർ. കഴിഞ്ഞ 20 വർഷങ്ങൾക്കുള്ളിൽ രാജ്യത്തിന്റെ ഉൾനാടൻ മത്സ്യലഭ്യത മൂന്നിൽ ഒന്ന് എന്ന തോതിൽ നിന്നും രണ്ടിൽ ഒന്ന് എന്ന നിലയിൽ മെച്ചപ്പെടുകയും സുസ്ഥിരമായ വളർച്ചാ നിരക്ക് രേഖപ്പെടുത്തുകയും ചെയ്തു. ഭക്ഷ്യ സുരക്ഷ, ദാരിദ്ര്യ നിർമ്മാർജ്ജനം, തൊഴിൽ ലഭ്യത, വർദ്ധിച്ചു വരുന്ന മാംസ്യത്തിന്റെ ആവശ്യകത എന്നിവയിൽ നിർണ്ണായക സ്വാധീനം ചെലുത്തുന്നതിനും ഈ മേഖലക്ക് കഴിയുന്നു. മത്സ്യോൽപാദനവും മത്സ്യകൃഷിയും വിലയിരുത്തുമ്പോൾ രാജ്യത്തിൻറെ GDP യിൽ മുഖ്യ സ്ഥാനമാണ് ഈ മേഖലക്കുള്ളത്. 2021-22 വർഷത്തെ കണക്കുകൾ അനുസരിച്ച് ഇന്ത്യയുടെ മൊത്തം മത്സ്യോൽപാദനം 162.48 ലക്ഷം മെട്രിക് ടൺ ആണ്. ഇതിൽ ഉൾനാടൻ മേഖലയിൽ നിന്നു 121.2 ലക്ഷം മെട്രിക് ടൺ മത്സ്യവും സമുദ്ര മേഖലയിൽ നിന്നും 41.27 ലക്ഷം മെട്രിക് ടൺ മത്സ്യവും ഉൽപാദിപ്പിക്കുന്നു. ഉൾനാടൻ മത്സ്യോൽപാദനത്തിൽ 80% വിഹിതവും ജലകൃഷി വഴിയുള്ളതാണ് (96.67ലക്ഷം മെട്രിക് ടൺ). ഇന്ത്യയുടെ മൊത്തം മത്സ്യോൽപാദനത്തിൽ 5.6% മാത്രമാണ് കേരളത്തിന്റെ സംഭാവന. ഇതിൽ 6.9 ലക്ഷം മെട്രിക് ടൺ കടൽ മേഖലയിൽ നിന്നും 2.29 ലക്ഷം മെട്രിക് ടൺ ഉൾനാടൻ മേഖലയിൽ നിന്നും ലഭിക്കുന്നു. കേരളത്തിന്റെ മൊത്തം മത്സ്യോൽപാദനത്തിൽ ഉൾനാടൻ മത്സ്യകൃഷിയുടെ പങ്ക് ശുഷ്കമാണെങ്കിലും സംസ്ഥാനത്തിന്റെ ലഭ്യമായ മൊത്തം ജലസ്രോതസ്സുകളുടെ കണക്ക് പരിഗണിക്കുമ്പോൾ ഉൾനാടൻ മത്സ്യകൃഷിയുടെ സാധ്യത അനന്തമാണ്.



## കേരളത്തിലെ ജല സ്രോതസ്സുകൾ

ജൈവ വൈവിധ്യത്തിലും, മഴലഭ്യതയിലും, അതുപോലെ ജലവിഭവസ്രോതസ്സുകൾ കൊണ്ടും അനുഗ്രഹീതമായ സംസ്ഥാനങ്ങളിൽ ഒന്നാണ് കേരളം. കേരളത്തിൽ മെച്ചപ്പെട്ട തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുന്നതിനും, ജനങ്ങളുടെ ഉപജീവന മാർഗ്ഗം മെച്ചപ്പെടുത്തുന്നതിനും നിർണ്ണായക സംഭാവന നൽകുവാൻ കഴിയുന്ന ഒരു മേഖലയാണ് ജലകൃഷി. സംസ്ഥാനത്ത് നിലവിലുള്ള ആളോഹരി മത്സ്യോപഭോഗത്തിന്റെ അടിസ്ഥാനത്തിൽ 1.5 ലക്ഷം മെട്രിക് ടൺ വരെ മത്സ്യം കമ്മിയുള്ളതായി കണക്കാക്കിയിട്ടുണ്ട്. ഇതിനായി നാം ഇതര സംസ്ഥാനങ്ങളെ ആശ്രയിക്കുന്നു. ഒൻപതാം പഞ്ചവത്സര പദ്ധതിക്കാലത്ത് തുടങ്ങിയ ജനകീയ മത്സ്യകൃഷി പദ്ധതിയും പതിനൊന്നാം പദ്ധതിക്കാലം മുതൽ ഇന്ന് വരെ നടപ്പാക്കിയ മത്സ്യകൃഷി പ്രോത്സാഹന പദ്ധതികളും മത്സ്യ ഉൽപാദനം വർദ്ധിപ്പിക്കുന്നതിനും ഈ മേഖലയിലേക്ക് കൂടുതൽ പേരെ ആകർഷിക്കുന്നതിനും ജനകീയ പങ്കാളിത്തം കൊണ്ട് വരുന്നതിനും കാരണമായിട്ടുണ്ട്. നൂതന മത്സ്യകൃഷി രീതികൾ പരീക്ഷിക്കപ്പെട്ടതും കൂടുതൽ ഇനങ്ങളെ മത്സ്യകൃഷിയിലേക്ക് കൊണ്ടുവന്നതും ജനകീയത ഉറപ്പാക്കിയതും സംസ്ഥാനത്തെ മത്സ്യകൃഷി സൗഹൃദ സംസ്ഥാനമായി വളർത്തിയെടുക്കുന്നതിന് സഹായകമായിട്ടുണ്ട്.

കേരളത്തിന്റെ ഉൾനാടൻ മേഖല 1.78 ലക്ഷം ഹെക്ടർ ശുദ്ധജല സ്രോതസ്സുകളും, 1.21 ഹെക്ടർ ഓര് ജല സ്രോതസ്സുകളും നിറഞ്ഞതാണ്. ഇതിനുപരിയായി കായലുകൾ, ഓര് ജല പ്രദേശങ്ങൾ എന്നിവയിൽ നൂതനവും വൈവിധ്യവുമായ സാങ്കേതിക വിദ്യയുടെ സഹായത്തോടെ മത്സ്യകൃഷിക്ക് സാധ്യതയുമുണ്ട്. എന്നാൽ ഈ അനന്ത സാധ്യതകളെ നമുക്ക് പലകാരണങ്ങളാൽ ഭാഗികമായെങ്കിലും ജലകൃഷി പ്രവർത്തനങ്ങൾക്ക് ഉപയുക്തമാക്കുന്നതിന് കഴിഞ്ഞിട്ടില്ല.

കേരളത്തിന്റെ ഭൂപ്രകൃതിക്ക് ഇണങ്ങുന്ന കൃഷിരീതികൾ അവലംബിച്ചും ഉപഭോക്താക്കളുടെ അഭിരുചിക്കനുസരിച്ച ഇനങ്ങളുടെ കൃഷി കൂടുതൽ വ്യാപിപ്പിച്ചും ലഭ്യമായ സ്രോതസ്സുകൾ സുസ്ഥിരമായും വിവേകപൂർവ്വവും മത്സ്യകൃഷിക്കായി ഉപയുക്തമാക്കിയാൽ, നിലവിലുള്ള മത്സ്യോൽപാദനത്തിന്റെ പതിൻമടങ്ങ് നമുക്ക് മത്സ്യകൃഷിയിലൂടെ മാത്രം ഉൽപ്പാദിപ്പിക്കുവാൻ കഴിയുന്നതാണ്.





**നൂതന മത്സ്യകൃഷി രീതികൾ പരീക്ഷിക്കപ്പെട്ടതും കൂടുതൽ ഇനങ്ങളെ മത്സ്യകൃഷിയിലേക്ക് കൊണ്ടുവന്നതും ജനകീയത ഉറപ്പാക്കിയതും സംസ്ഥാനത്തെ മത്സ്യകൃഷി സൗഹൃദ സംസ്ഥാനമായി വളർത്തിയെടുക്കുന്നതിന് സഹായകമായിട്ടുണ്ട്.**

മത്സ്യകൃഷിക്കും ചെമ്മീൻകൃഷിക്കും ഉപരിയായി നമ്മുടെ ഓര് ജല പ്രദേശങ്ങളിൽ ലഭ്യമായ വിവിധ ചിപ്പി ഇനങ്ങളെ പ്രത്യേകിച്ചും കടൽ മുരിങ്ങ, കല്ലുമ്മക്കായ എന്നിവയ്ക്കുള്ള കൃഷി സാധ്യതകളും പായൽ കൃഷിയും നമുക്ക് പ്രയോജനപ്പെടുത്താവുന്നതാണ്.

## ജലകൃഷി മേഖലയുടെ നിലവിലെ സ്ഥിതി

ജലസ്രോതസ്സുകളും വിഭവങ്ങളും പരമാവധി ഉപയോഗപ്പെടുത്തി ഉൽപാദനം വർദ്ധിപ്പിക്കുക, ഗുണമേന്മയുള്ള മത്സ്യവിത്തും സമീകൃതവും പോഷകമൂല്യമുള്ളതുമായ തീറ്റയുടെ ഉപയോഗം വഴിയും, രോഗപ്രതിരോധ നടപടികൾ സ്വീകരിച്ചും നൂതന കൃഷി രീതിയുടെ സഹായത്തോടെയും മത്സ്യകൃഷി പുതിയ മേഖലകളിലേക്ക് വ്യാപിപ്പിച്ച് മത്സ്യകൃഷിയിലൂടെയുള്ള ഉൽപാദനം ഇരട്ടിയാക്കുക എന്ന ലക്ഷ്യ സാക്ഷാത്കാരത്തിനായിരുന്നു കേരളത്തിന്റെ ഈ മേഖലയിലെ കഴിഞ്ഞ കുറെ വർഷങ്ങളായിട്ടുള്ള ഇടപെടൽ. തത്ഫലമായി സംസ്ഥാനത്ത് ജലകൃഷിയിൽ ഗണ്യമായി വളർച്ച യുണ്ടായി. നൂതന സാങ്കേതിക വിദ്യയുടെ വരവോടെ ഇനങ്ങളിലും രീതിയിലും ഉണ്ടായ വൈവിധ്യവത്ക്കരണം കേരളത്തിലെ മത്സ്യകൃഷിക്ക് പുതിയൊരു ദിശാബോധം സൃഷ്ടിച്ചു. ഇത് കൃഷി രീതികൾ മെച്ചപ്പെടുത്തുന്നതിനു കാരണമാകുകയും അതിലൂടെ മത്സ്യകൃഷി വഴിയുള്ള ഉൽപാദനം വർദ്ധിപ്പിക്കുകയും ചെയ്തു. നൂതന മത്സ്യകൃഷി അവലംബിക്കുമ്പോൾ അവയുടെ ശാസ്ത്രീയ വശങ്ങൾ കർഷകർക്ക് മനസ്സിലാക്കി കൊടുക്കുന്നതിന് വിദഗ്ധരുടെ സഹായത്തോടെ പ്രത്യേക പരിശീലന പരിപാടികളും, പ്രദർശന കൃഷിയിടങ്ങൾ സജ്ജീകരിച്ച് ബോധവൽക്കരണ പ്രവർത്തനങ്ങളും ജനകീയ മത്സ്യകൃഷി പദ്ധതിയുടെ ഭാഗമായി നടത്തി. ജനകീയ മത്സ്യകൃഷി പദ്ധതിക്ക് പുറമെ കേന്ദ്ര സർക്കാരിന്റെ ധനസഹായത്തോടെയുള്ള ബ്ലൂ റെവല്യൂഷൻ, (BR) പ്രധാനമന്ത്രി മത്സ്യ സമ്പദ യോജന (PMMSY) എന്നീ പദ്ധതികൾ വഴിയും നൂതന മത്സ്യകൃഷിസമ്പ്രദായങ്ങൾ കേരളത്തിൽ നടപ്പിലാക്കി. ഇത്തരം നൂതന മത്സ്യകൃഷി രീതികൾ നടപ്പിലാക്കിയതിൻറെ ഫലമായി അക്വാകൾച്ചർ മേഖല 2019-20 നു ശേഷം 20% നു മുകളിൽ ഉൽപാദന വർദ്ധനവ് കൈവരിച്ചിട്ടുണ്ട്


2018-19 ശേഷം, കാർപ്പ് മത്സ്യം, ചെമ്മീൻ, കക്കാ വർഗ്ഗ ജീവികൾ എന്നിവയുടെ കൃഷി വഴിയുള്ള ഉൽപ്പാദനം ചെറിയ തോതിൽ കുറയുകയും തിലേപ്പിയ, പങ്കോഷ്യസ്, കരിമീൻ, വരാൽ, വെളോടി വറ്റ, കാളാഞ്ചി, നാടൻ മത്സ്യ ഇനങ്ങൾ എന്നിവയും ഉൽപാദനത്തിൽ വർദ്ധനവ് രേഖപ്പെടുത്തുകയും ചെയ്തു. സർക്കാർ പദ്ധതികൾ വഴി നൂതന മത്സ്യകൃഷി രീതികളുടെ മത്സ്യ ഇനങ്ങളുടെ വൈവിധ്യവൽക്കരണത്തിലൂടെയുമാണ് ഈ രീതിയിൽ ഉൽപാദന വർദ്ധനവ് കൈവരിച്ചിട്ടുള്ളത്. കുളങ്ങളിലെ അർദ്ധ ഊർജ്ജിത കൃഷി രീതിയാണ് ഈ ഉൽപാദന ക്ഷമത കൈവരിക്കുവാൻ സഹായിച്ചതെങ്കിലും, അക്വാപോണിക്സ് , ബയോഫ്ളോക്ക്, RAS, കൂടുകളിലെ മത്സ്യകൃഷി എന്നീ പ്രവർത്തനങ്ങളും, സമീപ വർഷങ്ങളിൽ വ്യാപകമായി അവലംബിച്ചതും ഉൽപാദന വർദ്ധനവിൽ കാര്യമായ സംഭാവന ചെയ്തു.

വിവിധ മത്സ്യകൃഷി രീതികളുടെ ശതമാനത്തിലുള്ള കണക്ക് പരിശോധിക്കുമ്പോൾ സംസ്ഥാനത്തെ ഏറ്റവും കൂടുതൽ പ്രചാരത്തിലുള്ളതും മത്സ്യകൃഷി ഉൽപാദനത്തിൽ ഏറിയ പങ്ക് സംഭാവന ചെയ്യുന്നതും ശുദ്ധജല കുളങ്ങളിലെ അർദ്ധ ഊർജ്ജിത മത്സ്യകൃഷിയാണ്. 36% മാണ് ഈ കൃഷി രീതിയുടെ സംഭാവന. ഇതിന് പുറമേ പരമ്പരാഗത രീതിയിലുള്ള ശുദ്ധജല മത്സ്യകൃഷി (21.39%) ശുദ്ധജല നെൽപാടങ്ങളിലെ ഒരു നെല്ലും ഒരു മീനും (17.29%) മത്സ്യകൃഷിയും സംഭാവന ചെയ്യുന്നുണ്ട്.


## മത്സ്യവിത്തുൽപാദനം

ഗുണമേന്മയുള്ള മത്സ്യവിത്തിന്റെ യഥാസമയത്തെ ലഭ്യതയ്ക്ക് മത്സ്യകൃഷിയിൽ നിർണ്ണായക പങ്കാണുള്ളത്. സംസ്ഥാനത്ത് പ്രതിവർഷം 1215 കോടി മത്സ്യവിത്തും, 12 കോടി വിവിധ ഇനം ചെമ്മീൻ വിത്തുകളും ആവശ്യമുള്ളതായി കണക്കാക്കിയിട്ടുണ്ട്. ഇതിൽ സർക്കാർ മേഖലയിലുള്ള ഹാച്ചറികളും, വിത്തുല്പാദന കേന്ദ്രങ്ങൾ വഴിയും 7 കോടി മത്സ്യവിത്തും, 9 കോടി ചെമ്മീൻ വിത്തുകളുമാണ് ഉൽപാദിപ്പിക്കപ്പെടുന്നത്. ശേഷിക്കുന്നവയ്ക്ക് സ്വകാര്യ സംരംഭകരേയും അന്യസംസ്ഥാനങ്ങളെയുമാണ് ആശ്രയിക്കുന്നത്. വർദ്ധിച്ചു വരുന്ന മത്സ്യവിത്തിന്റെ ആവശ്യകത നിറവേറ്റുന്നതിനും മത്സ്യ വിത്തുൽപാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിനുതകുന്ന പദ്ധതികൾ സംസ്ഥാന സർക്കാർ ആവിഷ്കരിച്ച് മുന്നോട്ട് പോകുകയാണ്. സർക്കാർ മേഖലയിൽ 18 മത്സ്യ വിത്തുൽപാദന കേന്ദ്രങ്ങളും, 7 ചെമ്മീൻ ഹാച്ചറികളുമാണ് പ്രവർത്തിച്ചു വരുന്നത്. നിലവിലുള്ള ഹാച്ചറികളുടെ നവീകരണ പ്രവർത്തനങ്ങൾ ഏറ്റെടുക്കുകയും പുതുതായി വിത്തുൽപാദന കേന്ദ്രങ്ങൾ സ്ഥാപിക്കുക വഴിയും സംസ്ഥാനത്തെ മത്സ്യ വിത്തുൽപാദനം വർദ്ധിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ട്. ഇടുക്കി, ചെങ്കുളം. പാലക്കാട്, മലമ്പുഴ, കോഴിക്കോട്, കല്ലനോട്, പത്തനംതിട്ട, പന്നിവേലിച്ചിറ, കൊല്ലം കുളത്തുപ്പുഴ എന്നിവിടങ്ങളിലെ ഹാച്ചറികളുടെ നവീകരണം വലിയ പ്രതീക്ഷയാണ് മേഖലക്ക് നൽകുന്നത്.

## മത്സ്യ കൃഷിയിലൂടെയുള്ള മത്സ്യഉത്പ്പാദനം (മെട്രിക് ടൺ)




## മത്സ്യവിത്ത് ഉല്പാദനം & ചെമ്മീൻ വിത്ത് ഉല്പാദനം




കൂടാതെ സംസ്ഥാനത്ത് ആദ്യമായി എല്ലാ നൂതന സൗകര്യങ്ങളോടുകൂടിയ ഒരു വനാമി ചെമ്മീൻ വിത്തുൽപാദന കേന്ദ്രം, മലപ്പുറം വള്ളികോട് RIDF പദ്ധതി പ്രകാരം നിർമ്മിക്കുന്നതിന് ഉദ്ദേശിക്കുന്നു. കല്ലുമ്മക്കായ, ചിപ്പി എന്നിവയുടെ വിത്തിന്റെ ദൗർലഭ്യം പരിഹരിക്കുന്നതിന്, കേന്ദ്ര സമുദ്ര മത്സ്യ ഗവേഷണ സ്ഥാപനമായ CMFRIയുടെ സാങ്കേതിക സഹായത്തോടെ കണ്ണൂർ പുതിയങ്ങാടിയിൽ ഒരു മസ്സൽ ഹാച്ചറി നിർമ്മാണം പുരോഗമിക്കുന്നു. ഇതു കൂടാതെ കാസർഗോഡ് വലിയപറമ്പിലും ഒരു കല്ലുമ്മക്കായ ഹാച്ചറി സ്ഥാപിക്കുന്നതിന് പദ്ധതി രേഖ തയ്യാറാക്കിയിട്ടുണ്ട്.

വാണിജ്യ പ്രാധാന്യമുള്ള തദ്ദേശീയ മത്സ്യങ്ങളുടെ ലഭ്യത വർദ്ധിപ്പിക്കുന്നതിന്, KUFOS, CIFA, CMFRI എന്നീ പ്രമുഖ ഗവേഷണസ്ഥാപനങ്ങളുമായി സഹകരിച്ച് അഡാപ്റ്റീവ് റിസർച്ച് പ്രോഗ്രാമുകൾ മത്സ്യ വകുപ്പ് നടപ്പിലാക്കി വരുന്നു. അതുപോലെ വകുപ്പിന്റെ കീഴിൽ സീഡ് ബാങ്കുകളും ബ്രൂഡ് ബാങ്കുകളും സ്ഥാപിക്കേണ്ടതുമാണ്. ഇത് കൂടാതെ മത്സ്യ കർഷകരെ പങ്കെടുപ്പിച്ച് നാടൻ മത്സ്യങ്ങളുടെ ബാക്ക്യാർഡ് വിത്ത് ഉൽപാദന കേന്ദ്രം സ്ഥാപിക്കേണ്ടതും അനിവാര്യമാണ്. ഇത്തരത്തിൽ കരിമീൻ, വരാൽ എന്നീ മത്സ്യങ്ങളുടെ വിത്ത് ഉൽപാദനം നടത്തുന്നതിന് വേണ്ടി കഴിഞ്ഞ രണ്ട് വർഷങ്ങളിലായി 300 ൽ പരം ബാക്ക് യാർഡ് യൂണിറ്റുകൾ സംസ്ഥാനത്ത് സ്ഥാപിച്ചിട്ടുള്ളതും നടപ്പ് വർഷം 400 യൂണിറ്റ് സ്ഥാപിക്കുന്നതുമാണ്. കരിമീനിന്റെ വിത്തുൽപ്പാദനം വ്യാപിപ്പിക്കുന്നതിനായി, കേന്ദ്ര സർക്കാർ പദ്ധതി ആയ PMMSY പ്രകാരം, ADAK ന്റെ നേതൃത്വത്തിൽ, കേന്ദ്ര സർക്കാർ സ്ഥാപനമായ NBFGR ന്റെ സാങ്കേതിക സഹായത്തോടെ വിത്ത് ഉൽപാദന യൂണിറ്റും ബ്രൂഡ് ബാങ്കും, സ്ഥാപിക്കുന്നതിനായുള്ള പ്രവർത്തനങ്ങൾ കൊല്ലം ആയിരം തെങ്ങ് ഫാമിൽ നടന്നു വരുന്നു.

## മത്സ്യകൃഷി വിജ്ഞാന വ്യാപനം

നൂതന സാങ്കേതിക വിദ്യകളിലേക്ക് അതിവേഗം മാറികൊണ്ടിരിക്കുന്ന വളരെ ചലനാത്മകമായ ഒരു കൃഷി മേഖലയാണ് ജലകൃഷി. ആയതുകൊണ്ട് കർഷകരെ നൂതന സാഹചര്യങ്ങളിലേക്ക് കൊണ്ട് വരുന്നതിനും, അവ പരിചയപ്പെടുത്തുന്നതിനും, ശാസ്ത്രീയമായ കൃഷി രീതികളെ കുറിച്ചും, ഈ മേഖലയിൽ ഉണ്ടായിക്കൊണ്ടിരിക്കുന്ന സാങ്കേതിക പുരോഗതിയെ സംബന്ധിച്ചും കൃത്യമായ വിവരങ്ങൾ കർഷകർക്ക് തത്സമയം കൈമാറേണ്ടതുണ്ട്. ഇത് ജലകൃഷിയുടെ സുസ്ഥിര വികസനത്തെ പിൻതുണയ്ക്കും. ഇതിനായി ചലനാത്മകമായ പ്രൊഫഷണലുകളുടെ ഒരു കേഡർ വാർത്തെടുക്കുവാൻ കഴിയണം.

## ജലകൃഷി പ്രോത്സാഹിപ്പിക്കുന്നതിന് ആവശ്യമായ ഇടപെടലുകൾ

കേരളത്തിൽ ശുദ്ധജല മത്സ്യങ്ങൾക്ക് ഉപഭോക്താക്കൾക്കിടയിൽ താത്പര്യം കുറവായതിനാൽ വിപണനത്തിലുള്ള പ്രശ്നവും കർഷകർ ഉല്പാദിപ്പിക്കുന്ന മത്സ്യത്തിന് ഉല്പാദന ചെലവിന് അനുസൃതമായി വില ലഭിക്കുന്നില്ല എന്നതും പരിഹരിക്കപ്പെടണം.

തീരദേശ തണ്ണീർതടങ്ങൾ ഉൾപ്പെടുന്ന പ്രദേശങ്ങളിൽ ഏകദേശം 6000ൽ പരം ഹെക്ടർ കൃഷിയിടം ഉപയുക്തമാക്കി വനാമി കൃഷി പ്രോത്സാഹിപ്പിക്കേണ്ടത് ആവശ്യമാണ്. എന്നാൽ തീരദ്ദേശ തണ്ണീർതടങ്ങളിൽ മുഴുവൻ സമയം ചെമ്മീൻ കൃഷി തണ്ണീർത്തട നിയമങ്ങൾ പ്രകാരം നിയന്ത്രണമേർപ്പെടുത്തിയിട്ടുള്ളതിനാൽ വനാമി ചെമ്മീൻ കൃഷിലേക്ക് ഇവയെ കൊണ്ടുവരുവാൻ കഴിഞ്ഞിട്ടില്ല. ഇതിന് സർക്കാർ ഇടപെടലുകൾ അനിവാര്യമാണ്.
വെള്ളപ്പൊക്കം, മത്സ്യരോഗങ്ങൾ എന്നിവ മൂലം കൃഷി നശിക്കുവാൻ ഇടയായാൽ കർഷകർക്ക് നഷ്ടപരിഹാരം ലഭിക്കുവാൻ കഴിയുമാറ് മത്സ്യകൃഷിയ്ക്ക് ഇൻഷുറൻസ് ഏർപ്പെടുത്തുന്നതിനു വകുപ്പ് നടപടികൾ സ്വീകരിച്ചു വരുന്നുണ്ടെങ്കിലും ആയത് യാഥാർത്ഥ്യമായിട്ടില്ല.

മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ വിപണന സാധ്യത കണക്കിലെടുത്ത് മത്സ്യകൃഷിയിലൂടെ ഉൽപ്പാദിപ്പിക്കുന്ന മത്സ്യം മൂല്യവർദ്ധിത ഉൽപ്പന്നങ്ങളായി പരിവർത്തനം നടത്തുന്നതിലൂടെ പൊതുജനങ്ങൾക്കിടയിൽ ശുദ്ധജല മത്സ്യത്തിന്റെ സ്വീകാര്യത വർദ്ധിക്കുവാനും കർഷകർ ഉൽപ്പാദിപ്പിക്കുന്ന മത്സ്യത്തിന് മെച്ചപ്പെട്ട വില ലഭ്യമാക്കുവാനും സാധിക്കും .

ഐസ് പ്ലാൻറുകൾ, കോൾഡ് സ്റ്റോർ, ശീതീകരിച്ച വാഹനങ്ങൾ എന്നിവ ഉൾപ്പെടുന്ന സുസ്ഥിരമായ ഒരു മാർക്കറ്റിംഗ് ശൃംഖല നിലവിൽ വരുന്നതിലൂടെ മത്സ്യ വിപണന സാധ്യത വർദ്ധിക്കുകയും ആയത് മത്സ്യോത്പാദന വർദ്ധനവിനും കൃഷി കൂടുതൽ കർഷകരിലേയ്ക്ക് വ്യാപിക്കുവാനും സഹായകരമാകും.

വിഞ്ജാനവ്യാപനം കൂടുതൽ ശക്തമാക്കുകയും വൈവിദ്ധ്യവൽക്കരണം, നൂതന കൃഷിരീതികൾ, എന്നിവയിലൂന്നിയ പരിശീലന പരിപാടികൾ സംഘടിപ്പിച്ച് മത്സ്യ കൃഷി കൂടുതലായി വ്യാപിപ്പിക്കുവാൻ കഴിയും.

നിർമ്മിത ബുദ്ധി, റോബോട്ടിക്സ് എന്നിവ പ്രയോജനപ്പെടുത്തുന്നതിലൂടെ നൂതന കൃഷി രീതികൾ അവലംബിക്കുന്നതിനും മനുഷ്യ പ്രയത്നം ലഘൂകരിക്കുന്നതിനും സഹായിക്കുകയും വരുമാന വർദ്ധനവ് സാധ്യമാക്കുകയും ചെയ്യും.






# മത്സ്യ വിഭവ പരിപാലനം

## മത്സ്യത്തൊഴിലാളികളുടെയും വിദഗ്ധരുടേയും പങ്കാളിത്തം ഏർപ്പെടുത്തി കേരളം മുന്നോട്ട്

**സുഹൈർ. കെ**

കാട് കാടിന്റെ മക്കൾക്ക് എന്നതു പോലെ കടലും കടൽ സമ്പത്തും സംരക്ഷിക്കുന്നതിനും പരിപാലിക്കുന്നതിനും കടലിന്റെ നേർ അവകാശികളായ മത്സ്യത്തൊഴിലാളികൾക്കു കൂടി പങ്കാളിത്തം ഉറപ്പാക്കിയാണ് സംസ്ഥാനത്ത് മത്സ്യവിഭവ പരിപാലനത്തിനായി ത്രിതല സമിതികൾ നിലവിൽ വന്നിട്ടുള്ളത്. മത്സ്യ വിഭവ സംരക്ഷണത്തിലും അവയുടെ പരിപാലനത്തിലും മത്സ്യത്തൊഴിലാളികളുടെ കൂടി പങ്കാളിത്തം ഉറപ്പാക്കുക എന്നത് മത്സ്യമേഖലയിൽ നിന്നുള്ള നിരന്തര ആവശ്യമായിരുന്നു. രാജ്യത്ത് ആദ്യമായി മത്സ്യത്തൊഴിലാളികളുടെ പങ്കാളിത്തം ഉറപ്പാക്കിയ മാനേജ്മെന്റ് കൗൺസിലുകൾ ആരംഭിക്കാൻ കഴിഞ്ഞത് കേരളത്തിന്റെ നേട്ടവും. കേരളത്തിൽ ത്രിതല സംവിധാനത്തോടെയാണ് കൗൺസിലുകൾ പ്രവർത്തിക്കുന്നത്. സംസ്ഥാനതലത്തിലും ജില്ലാതലത്തിലും പ്രാദേശികതലത്തിലും കൗൺസിലുകൾ രൂപീകരിച്ച് മേഖലയുടെ പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിനും മത്സ്യവിഭവ പരിപാലനത്തിനും രാജ്യത്തിന് കേരളം മാതൃക കാട്ടിക്കഴിഞ്ഞു. പരമ്പരാഗത മത്സ്യത്തൊഴിലാളികളും യന്ത്രവത്കൃത യാന തൊഴിലാളികളും തമ്മിലുണ്ടായ തർക്കപരിഹാരത്തിനും മത്സ്യ വിഭവ സമ്പത്ത് സംരക്ഷിക്കുന്നതിനുമായി 1980ൽ നിലവിൽ വന്ന കേരള സമുദ്ര മത്സ്യബന്ധന നിയന്ത്രണ നിയമം കാലോചിതമായി പരിഷ്കരിച്ചാണ് മത്സ്യ വിഭവ പരിപാലനത്തിന് മത്സ്യത്തൊഴിലാളികളുടെ കൂടി പങ്കാളിത്തം ഉറപ്പാക്കിയ സമിതികൾ രൂപീകരിച്ചത്.

മത്സ്യ സമ്പത്ത് വർദ്ധനവിനായി ട്രോൾ ബാൻ 47 നിന്നും 52 ദിവസമായി ഉയർത്തുന്നതിനും ചെറു മത്സ്യബന്ധനം നിയന്ത്രിക്കുന്നതിനായി 58 മത്സ്യ ഇനങ്ങളുടെ പിടിച്ചെടുക്കാവുന്ന വലിപ്പം നിർണയിച്ചതും കേരളം മുൻകൈയെടുത്ത് തെന്നിന്ത്യൻ സംസ്ഥാനങ്ങളുടെ ഫിഷറീസ് മന്ത്രിമാരുടെ യോഗം സംഘടിപ്പിച്ചതും പൊതു ജലാശയങ്ങളിലെ മത്സ്യ പ്രജനന കേന്ദ്രങ്ങളും തിരുവനന്തപുരം ജില്ലയിൽ കൃത്രിമ പാര് സ്ഥാപിച്ചതും മത്സ്യ സമ്പത്ത് വർദ്ധനവിനായുള്ള സർക്കാരിന്റെ ജനകീയ ഇടപെടലുകളാണ്. കൂടാതെ പങ്കാളിത്തം ഉറപ്പാക്കിയുള്ള ഇടപെടലിന്റെ ഭാഗമായി മത്സ്യബന്ധന യാനത്തിന്റെ വലിപ്പം, കുതിര ശക്തി, എണ്ണം, മത്സ്യബന്ധന വലകളുടെ വലിപ്പം, ശേഷി, വലക്കണ്ണികളുടെ ചുരുങ്ങിയ വലിപ്പം, പ്രായപൂർത്തിയാകാത്ത മത്സ്യങ്ങളുടെ വൻതോതിൽ ഉള്ള ചൂഷണം, പഴയ വലകളും പ്ലാസ്റ്റിക്കും കടലിൽ ഉപേക്ഷിക്കൽ, വിനാശകരമായ മത്സ്യബന്ധന രീതികൾ ഇതെല്ലാം നിയന്ത്രണവിധേയമാക്കുവാനുള്ള ശ്രമങ്ങൾക്ക് തുടക്കം കുറിക്കുവാൻ മത്സ്യത്തൊഴിലാളി പങ്കാളിത്തത്തോടെ സാധിച്ചിട്ടുണ്ട്. മത്സ്യത്തൊഴിലാളികളുടെ സുരക്ഷ കണക്കിലെടുത്ത് കടൽ സുരക്ഷയിൽ കൂടുതൽ അവബോധം സൃഷ്ടിക്കുവാൻ കഴിഞ്ഞതും എടുത്ത് പറയേണ്ട പ്രവർത്തനമാണ്.

### ഘടന

പ്രാദേശിക തലത്തിൽ 222 മത്സ്യ ഗ്രാമങ്ങൾ കേന്ദ്രീകരിച്ച് വില്ലേജ് ഫിഷറീസ് മാനേജ്മെന്റ് കൗൺസിലുകളും തീരദേശ ജില്ലകൾക്ക് ജില്ല ഫിഷറീസ് മാനേജ്മെന്റ് കൗൺസിലുകളും സംസ്ഥാനതലത്തിൽ സംസ്ഥാന ഫിഷറീസ് മാനേജ്മെന്റ് കൗൺസിലും ആണ് സർക്കാർ വിജ്ഞാപനത്തിലൂടെ രൂപീകരിച്ചിട്ടുള്ളത്.

വില്ലേജ് മാനേജ്മെന്റ് കൗൺസിലിന്റെ അദ്ധ്യക്ഷൻ ഫിഷിങ് വില്ലേജ് പ്രദേശത്തെ തദ്ദേശസ്വയംഭരണ സ്ഥാപന തലവനാണ്. പ്രദേശത്തിന്റെ ചുമതലയുള്ള ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ മെമ്പർ സെക്രട്ടറിയും പ്രസ്തുത വില്ലേജുൾപ്പെടുന്ന തീരദേശ വാർഡുകളിൽ നിന്നുള്ള ജനപ്രതിനിധികളും പ്രദേശത്ത് പ്രവർത്തന പരിധിയുള്ള ഫിഷറീസ് സഹകരണ സംഘങ്ങളുടെ പ്രസിഡന്റുമാരിൽ നിന്നും രണ്ട് പേരും സർക്കാർ നാമ നിർദ്ദേശം ചെയ്യുന്ന രണ്ട് മത്സ്യത്തൊഴിലാളികളും അംഗങ്ങളുമാണ്.

ജില്ലാതലത്തിൽ ജില്ലാ കളക്ടർ ചെയർമാനും ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ മെമ്പർ സെക്രട്ടറിയുമാണ്. കൂടാതെ ബന്ധപ്പെട്ട മുൻസിപ്പാലിറ്റി, കോർപ്പറേഷൻ, ജില്ലാ പഞ്ചായത്ത് എന്നിവയുടെ അധ്യക്ഷന്മാരും കേന്ദ്ര സമുദ്ര മത്സ്യബന്ധന ഗവേഷണ സ്ഥാപനത്തിൻറെ പ്രതിനിധിയും അംഗീകൃത മത്സ്യത്തൊഴിലാളി ട്രേഡ് യൂണിയനിൽ നിന്നും സർക്കാർ നാമ നിർദ്ദേശം ചെയ്യപ്പെടുന്ന 5 പേരും സമുദ്ര മത്സ്യബന്ധനത്തിൽ വൈദഗ്ദ്ധ്യമുള്ള ഒരാളും അംഗങ്ങളാണ്.

ഫിഷറീസ് ഡയറക്ടർ ചെയർമാനും ഫിഷറീസ് ജോയിന്റ് ഡയറക്ടർ മെമ്പർ സെക്രട്ടറിയും മേഖല ജോയിന്റ് ഡയറക്ടർമാരും മത്സ്യമേഖലയിലെ വിദഗ്ധരും അംഗീകൃത ട്രേഡ് യൂണിയൻ പ്രതിനിധികളും CMFRI, CIFT എന്നീ സ്ഥാപനങ്ങളുടെ പ്രതിനിധികളും സമുദ്ര മത്സ്യബന്ധനത്തിൽ വൈദഗ്ധ്യമുള്ളവരും അംഗങ്ങളായ സമിതിയാണ് സംസ്ഥാനതല ഫിഷറീസ് മാനേജ്മെന്റ് കൗൺസിൽ.





## കടമയും കർത്തവ്യങ്ങളും

### ഫിഷിംഗ് വില്ലേജ് മാനേജ്മെന്റ് കൗൺസിൽ

- തദ്ദേശീയമായ ആവശ്യങ്ങൾ പരിഗണിച്ചു കൊണ്ട് ഒരു വില്ലേജുതല സമുദ്ര മത്സ്യബന്ധന മാനേജ്മെന്റ് പ്ലാൻ തയ്യാറാക്കി അതിന് ജില്ലാ ഫിഷറീസ് മാനേജ്മെന്റ് കൗൺസിലിൽ നിന്നും അംഗീകാരം വാങ്ങുക.
- ഉത്തരവാദിത്വ മത്സ്യബന്ധനത്തെക്കുറിച്ചും മത്സ്യസമ്പത്തിൻറെ സംരക്ഷണത്തെക്കുറിച്ചും സമുദ്ര മത്സ്യബന്ധന തൊഴിലാളികളുടേയും തീരദേശവാസികളുടേയും ഇടയിൽ ബോധവൽക്കരണം നടത്തുക.
- ഫിഷിംഗ് വില്ലേജ് തലത്തിൽ മത്സ്യബന്ധനം നടത്തുന്നവരുടേയും തീരദേശ വാസികളുടേയും ഇടയിലുള്ള പ്രശ്നങ്ങളും വില്ലേജ് കൗൺസിലുകളുടെ വിഷയങ്ങളും ചർച്ച ചെയ്ത് പരിഹരിക്കുക.

  ഫിഷിംഗ് വില്ലേജ് മേഖലയിൽ കേരള സമുദ്ര മത്സ്യബന്ധന നിയന്ത്രണ നിയമത്തിലെ വ്യവസ്ഥകൾ കാര്യക്ഷമമായി നടപ്പിലാക്കുന്നതിന് സഹായിക്കുക.
- ജില്ലാ ഫിഷറീസ് മാനേജ്മെന്റ് കൗൺസിലിനെ അവരുടെ ചുമതലകൾ നിർവ്വഹിക്കുന്നതിലേയ്ക്കായി സഹായിക്കുകയും ആ കൗൺസിൽ ആവശ്യപ്പെടുന്ന വിവരങ്ങൾ നൽകുകയും ചെയ്യുക.
- ജില്ലാ ഫിഷറീസ് മാനേജ്മെന്റ് കൗൺസിൽ ഏൽപ്പിച്ച കർത്തവ്യങ്ങൾ നിർവ്വഹിക്കുകയും നടപ്പിലാക്കുകയും ചെയ്യുക.

  സമുദ്ര മത്സ്യസമ്പത്ത് സംരക്ഷിക്കുന്ന സംഗതികളിൽ ജില്ലാ ഫിഷറീസ് മാനേജ്മെന്റ് കൗൺസിലിനെ സഹായിക്കുക.

### ജില്ലാ ഫിഷറീസ് മാനേജ്മെന്റ് കൗൺസിൽ

- ജില്ലയ്ക്ക് വേണ്ടി സമുദ്ര മത്സ്യബന്ധന മാനേജ്മെന്റ് പ്ലാൻ തയ്യാറാക്കി സംസ്ഥാന ഫിഷറീസ് മാനേജ്മെന്റ് കൗൺസിലിൻറെ അംഗീകാരം വാങ്ങുക.
- ഫിഷറീസ് വില്ലേജ് മാനേജ്മെന്റ് കൗൺസിലുകൾ തയ്യാറാക്കിയ വില്ലേജ് തല ഫിഷറീസ് മാനേജ്മെന്റ് പദ്ധതിയിൻമേൽ ഉചിതമായ തീരുമാനമെടുക്കുക.
- കാലാകാലങ്ങളിൽ സംസ്ഥാന ഫിഷറീസ് മാനേജ്മെന്റ് കൗൺസിൽ ഏൽപ്പിക്കുന്ന കർത്തവ്യങ്ങളും അധികാരങ്ങളും നിർവ്വഹിക്കുക.
- സമുദ്ര മത്സ്യബന്ധനം നടത്തുവരുടേയും തീരദേശ വാസികളുടേയും ഇടയിൽ ജില്ലാതല അവബോധ ക്യാമ്പുകൾ നടത്തുക.
- ഫിഷിംഗ് വില്ലേജ് മാനേജ്മെന്റ് കൗൺസിലുകൾ തമ്മിലുള്ള അഭിപ്രായ വ്യത്യാസങ്ങളിലും അവർ റഫർ ചെയ്യുന്നതുമായ പ്രശ്നങ്ങളിലും സത്വര പരിഹാരം കാണുക.
- കേരള സമുദ്ര മത്സ്യബന്ധന നിയന്ത്രണ നിയമത്തിലെ വ്യവസ്ഥകൾ ജില്ലയിൽ ഫലപ്രദമായി നടപ്പിലാക്കുന്നതിന് സഹായിക്കുക.
- സംസ്ഥാന ഫിഷറീസ് മാനേജ്മെന്റ് കൗൺസിലിനെ അതിന്റെ ചുമതലകൾ നിർവ്വഹിക്കുന്നതിലേയ്ക്കായി സഹായിക്കുകയും ആ കൗൺസിൽ ആവശ്യപ്പെടുന്ന വിവരങ്ങൾ നൽകുകയും ചെയ്യുക.
- സമുദ്ര മത്സ്യസമ്പത്ത് സംരക്ഷിക്കുന്ന സംഗതികളിൽ സംസ്ഥാന ഫിഷറീസ് മാനേജ്മെന്റ് കൗൺസിലിനെ സഹായിക്കുക.

### സംസ്ഥാന ഫിഷറീസ് മാനേജ്മെന്റ് കൗൺസിൽ

- സംസ്ഥാനത്തിനു മുഴുവനായോ ഭാഗികമായോ പ്രാദേശികമായോ ഫിഷറീസ് മാനേജ്മെന്റ് പ്ലാൻ തയ്യാറാക്കുക.
- മാരികൾച്ചറിനും, സംരക്ഷണ പ്രവർത്തനങ്ങൾക്കുമായി അനുയോജ്യമായ സ്ഥലങ്ങൾ / പ്രദേശങ്ങൾ കണ്ടെത്തുക.
- സമുദ്ര മത്സ്യബന്ധനം നടത്തുന്നവർക്കും തീരദേശ വാസികൾക്കുമിടയിൽ ബോധവൽക്കരണം നടത്തുക.
- മാരികൾച്ചർ, സമുദ്ര മത്സ്യസമ്പത്തിന്റെ സംരക്ഷണം വിളവെടുപ്പിന് ശേഷമുള്ള പ്രവർത്തനം എന്നീ മേഖലകളിൽ പരിശീലന പരിപാടികൾ, സെമിനാറുകൾ നടത്തുക.
- ജില്ലാ കൗൺസിലുകൾ തമ്മിലുള്ളതും ജില്ലാ കൗൺസിലുകൾ റഫർ ചെയ്യുന്നതുമായ പ്രശ്നങ്ങൾ പരിഹരിക്കുക.
- മാരികൾച്ചറിനേയും, സമുദ്ര മത്സ്യസമ്പത്തിൻറെ സംരക്ഷണത്തിനേയും നടത്തിപ്പിനേയും കുറിച്ച് ശാസ്ത്രീയ പഠനങ്ങൾ, ബുക്കുകൾ, ഓഡിയോ വീഡിയോകൾ, ജേർണലുകൾ മുതലായവ പ്രസിദ്ധീകരിക്കുക.
- സമുദ്ര മത്സ്യസമ്പത്തിന്റെ നടത്തിപ്പിനേയും സംരക്ഷണത്തേയും കുറിച്ച് വിവരം നൽകുക.
- ഏതെങ്കിലും പ്രശ്നത്തിൽ ജില്ലാ ഫിഷറീസ് മാനേജ്മെന്റ് കൗൺസിലുകൾ എടുത്ത തീരുമാനം സമുദ്ര മത്സ്യബന്ധന നിയന്ത്രണ നിയമത്തിലെ വ്യവസ്ഥകൾക്ക് വിരുദ്ധമാണെന്ന് കണ്ടാൽ സംസ്ഥാന ഫിഷറീസ് മാനേജ്മെന്റ് കൗൺസിലിന് അത് പരിശോധിക്കാവുന്നതും അത്തരം പ്രശ്നത്തിൽ പുതിയ തീരുമാനങ്ങൾ എടുക്കാവുന്നതുമാണ്.



# ജനകീയ മത്സ്യകൃഷി പദ്ധതി

എച്ച്.സലീം



കേരളീയർക്ക് ഒഴിവാക്കാനാകാത്ത ഭക്ഷ്യവിഭവമാണ് മത്സ്യം. സമുദ്ര മത്സ്യം മുതൽ ശുദ്ധജലാശയങ്ങളിലെ വ്യത്യസ്ത മത്സ്യ ഇനങ്ങൾ വരെ സ്വാദ് കൊണ്ടും പോഷക സമൃദ്ധി കൊണ്ടും ഏറെ പ്രത്യേകത ഉളളവയാണ്. രാജ്യത്ത് ഒരു ശരാശരി മനുഷ്യൻ കഴിക്കുന്നതിനേക്കാൾ മൂന്ന് ഇരട്ടിയാണ് മലയാളിയുടെ മത്സ്യ ഉപഭോഗം. കടൽ മത്സ്യങ്ങളാണ് ഉൽപാദനത്തിൽ മുന്നിട്ടു നിൽക്കുന്നതെങ്കിലും കാലാവസ്ഥാ വ്യതിയാനം കൊണ്ടും അമിത ചൂഷണം കൊണ്ടും ഇവ കുറഞ്ഞു വരുന്നത് ആശങ്ക സൃഷ്ടിക്കുന്നു. ഉയർന്ന ഉപഭോഗ നിരക്കും കുറഞ്ഞുവരുന്ന മത്സ്യ ഉൽപാദനവും കേരളീയർക്ക് വെല്ലുവിളിയാണ്. പ്രതിവർഷം ഏകദേശം 2 ലക്ഷം ടൺ മത്സ്യത്തിന്റെ കുറവാണ് സംസ്ഥാനത്ത് കണക്കാക്കപ്പെട്ടിട്ടുള്ളത്. ഇത് പരിഹരിക്കുന്നതിനായി മത്സ്യ ഉൽപാദനത്തിന് പുതിയ മാർഗങ്ങൾ അവലംബിക്കേണ്ടത് അനിവാര്യമാണ്. ലഭ്യമായ ജലസ്രോതസ്സുകൾ പൂർണ്ണമായോ ഭാഗികമായോ മത്സ്യകൃഷിക്ക് ഉപയുക്തമാക്കുന്നതിന് കഴിഞ്ഞാൽ മത്സ്യ ഉല്പാദനത്തിൽ സ്വയം പര്യാപ്തത കൈവരിക്കാൻ നമുക്ക് കഴിയും.

| ജലസ്രോതസ്സിന്റെ തരം | വിസ്തീർണ്ണം ഹെക്ടറിൽ |
|---|---|
| **ശുദ്ധജല സ്രോതസ്സ്** | |
| സ്വകാര്യ കുളങ്ങൾ | 6168.02 |
| പൊതു കുളങ്ങൾ | 1970.21 |
| അമ്പല കുളങ്ങൾ | 332.42 |
| ശുദ്ധജല നെൽവയൽ | 49718.03 |
| ജലസംഭരണികൾ | 33219.49 |
| ശുദ്ധജല തടാകങ്ങൾ | 1620.00 |
| നദികൾ | 85000.00 |
| ആകെ | 178028.17 |
| **ഓരു ജലസ്രോതസ്സുകൾ** | |
| ഓരു ജല കുളങ്ങൾ | 3520.53 |
| ഓരു ജല പാടശേഖരങ്ങൾ | 7947.03 |
| ഓരു ജല പ്രദേശം | 65213.00 |
| കായലുകൾ | 46128.94 |
| ആകെ | 122809.50 |

കേരളത്തിന് ആവശ്യമുളള മത്സ്യം സംസ്ഥാനത്തിനകത്ത് തന്നെ ഉല്പാദിപ്പിക്കുന്നതിൽ മത്സ്യകൃഷിയ്ക്ക് പ്രധാന പങ്കാണ് ഉളളത്. ഇത്തരത്തിൽ മത്സ്യകൃഷിയിലൂടെയുള്ള മത്സ്യോല്പാദനം വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെയാണ് സംസ്ഥാന സർക്കാർ ജനകീയ മത്സ്യ കൃഷി പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നത്.

കാർപ്പ്, കാരചെമ്മീൻ എന്നീ പരമ്പരാഗത ഇനങ്ങളിൽ മാത്രം ഒതുങ്ങി നിന്നിരുന്ന മത്സ്യകൃഷിയിൽ നിന്നും കൃഷി ചെയ്യുന്ന മത്സ്യ ഇനത്തിലും കൃഷി രീതിയിലും വൈവിധ്യവത്ക്കരണം സാധ്യമാക്കി മത്സ്യോല്പാദനം വർദ്ധിപ്പിക്കുന്നതിന് ജനകീയ മത്സ്യകൃഷിയിലൂടെ കഴിഞ്ഞിട്ടുണ്ട്.
പരമ്പരാഗത കൃഷി രീതികളിൽ നിന്നും മാറി ശാസ്ത്രീയമായ കൃഷിരീതി അവലംബിക്കുകയും സുസ്ഥിരത നിലനിർത്തുവാൻ പരിസ്ഥിതിയ്ക്ക് യോജിച്ച പരിപാലന മുറകൾ അവലംബിക്കുന്നതിനും പരിശീലിപ്പിക്കുന്നതിനും ഇതിലൂടെ കഴിഞ്ഞിട്ടുണ്ട്.

മത്സ്യക്കുഞ്ഞുങ്ങളെ നേരിട്ടു കൃഷിയിടത്തിൽ തുറന്നു വിടാതെ ആദ്യം വലവളപ്പിലോ, കൂട്ടിലോ, ചെറിയകുളങ്ങളിലോ നഴ്സറി പരിപരിപാലനം നടത്തുകയും ഒരു നിശ്ചിത വലിപ്പത്തിലാകുമ്പോൾ മാത്രം തുറന്നു വിടുകയും ചെയ്യുന്നതിലൂടെ മത്സ്യകുഞ്ഞുങ്ങളുടെ വളർച്ചാ നിരക്ക് മെച്ചപ്പെടുത്തുന്നതിനും അതിജീവന നിരക്ക് ഉയർത്തുവാനും സാധിച്ചിട്ടുൺണ്ട്. എയറേഷൻ, ജൈവസുരക്ഷ, പ്രോബയോട്ടിക്കുകളുടെ ഉപയോഗം എന്നിവ ഉറപ്പുവരുത്തി കൂടുതൽ ശാസ്ത്രീയമായ മാർഗ്ഗങ്ങൾ അവലംബിക്കാൻ കഴിഞ്ഞതിലൂടെ ഉല്പാദനക്ഷമത 0.5-3 മെട്രിക് ടൺ ആയിരുന്നത് 1.5-4 മെട്രിക് ടൺ ആയി ഉയർന്നു.

| മത്സ്യ കൃഷി പ്രവർത്തനം | കേരളത്തിന്റെ നിലവിലെ ഉൽപ്പാദന ക്ഷമത | ദേശീയ ശരാശരി ഉൽപ്പാദന ക്ഷമത |
|---|---|---|
| ശുദ്ധജല കുളങ്ങളിലെ പരമ്പരാഗത മത്സ്യകൃഷി | 2.24 ടൺ/ഹെക്ടർ | 2.003.00 ടൺ/ ഹെക്ടർ |
| ശുദ്ധജല കുളങ്ങളിലെ അർദ്ധ ഊർജ്ജിത മത്സ്യകൃഷി | 5.02 ടൺ/ഹെക്ടർ | 4.008.00 ടൺ/ ഹെക്ടർ |
| ശുദ്ധജല കുളങ്ങളിലെ ഊർജ്ജിത മത്സ്യകൃഷി | 17.41 ടൺ/ഹെക്ടർ | 10.0015.00 ടൺ/ ഹെക്ടർ |
| ശുദ്ധജല നെൽപാടങ്ങളിലെ മത്സ്യ കൃഷി | 458.68 kg/ഹെക്ടർ | 500.00 kg/ഹെക്ടർ |
| ഓര് ജല കുളങ്ങളിലെ പരമ്പരാഗത മത്സ്യകൃഷി | 758.72 kg/ഹെക്ടർ | 2.003.00 ടൺ/ ഹെക്ടർ |
| ഓര് ജല നെൽപാടങ്ങളിലെ മത്സ്യ കൃഷി | 367.5 kg/ഹെക്ടർ | 500 kg/ഹെക്ടർ |

ജനകീയ മത്സ്യകൃഷിയുടെ ഭാഗമായി 4951 ഹെക്ടർ പാടശേഖരങ്ങളിൽ ഒരു നെല്ലും ഒരു മീനും കൃഷിയും, 4319 ഹെക്ടർ കുളങ്ങളിൽ മറ്റു മത്സ്യ കൃഷി രീതികളും വ്യാപിപ്പിച്ചിട്ടുണ്ട്. കൂടാതെ 2083 കൂട് കൃഷി യൂണിറ്റുകളും, 240 റീ സർക്കുലേറ്ററി അക്വാകൾച്ചർ യൂണിറ്റുകളും, 3475 പടുത കുളങ്ങളിലെ മത്സ്യകൃഷി യൂണിറ്റുകളും 1610 കല്ലുമ്മക്കായ കൃഷി യൂണിറ്റുകളും സ്ഥാപിച്ച് മത്സ്യകൃഷി നടപ്പിലാക്കി വരുന്നു. ഇത്തരത്തിൽ മത്സ്യകൃഷി പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടപ്പിലാക്കിയ കർഷകർക്ക് തീറ്റയ്ക്ക് 40% ഉം മത്സ്യ വിത്തിന് 70-100% ഉം സർക്കാർ ഗ്രാന്റായി നൽകി വരുന്നു.

ജനകീയ മത്സ്യകൃഷി പദ്ധതിക്ക് പുറമെ ഉൽപാദനം വർദ്ധിപ്പിക്കുന്നതിനും സ്വയം പര്യാപ്തത കൈവരിക്കുന്നതിനും കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ സുഭിക്ഷ കേരളം പദ്ധതിയും നടപ്പിലാക്കി. കൃഷി, മൃഗ സംരക്ഷണം, ക്ഷീര വികസനം, തദ്ദേശ സ്വയം ഭരണം തുടങ്ങി വിവിധ വകുപ്പുകളുടെ സഹകരണത്തോടെയാണ് ഫിഷറീസ് വകുപ്പ് പദ്ധതി നടപ്പിലാക്കിയത്.

ഭക്ഷ്യ സുരക്ഷ ഉറപ്പാക്കുന്നതിന്റെ ഭാഗമായി ഉൾനാടൻ മത്സ്യ ഉൽപാദനം വർദ്ധിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് 2020-21 വർഷം മുതൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഉടമസ്ഥതയിലുള്ള പൊതുകുളങ്ങൾ/ ചിറകൾ എന്നിവിടങ്ങളിൽ മത്സ്യക്കുഞ്ഞ് നിക്ഷേപം നടത്തുന്ന പദ്ധതി ബഹു. മുഖ്യമന്ത്രി പ്രഖ്യാപിച്ച 12 ഇന പരിപാടിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കി. ഈ വർഷം 3575 കുളങ്ങളിൽ തദ്ദേശീയ മത്സ്യ ഇനങ്ങൾ ഉൾപ്പെടെയുള്ള മത്സ്യ വിത്ത് നിക്ഷേപം നടത്തുകയും ചെയ്തു.

ശാസ്ത്രീയ മത്സ്യകൃഷി പ്രോത്സാഹിപ്പിക്കുന്നതിന് എല്ലാ ജില്ലകളിലും മാതൃകാ മത്സ്യ കർഷക/അക്വാകൾച്ചർ ഗ്രാമങ്ങൾ സ്ഥാപിക്കുവാനും നൂതന സാങ്കേതിക വിദ്യ ഉപയോഗിച്ചുള്ള മാതൃകാ മത്സ്യ കൃഷി രീതികൾ (ബയോഫ്ളോക്ക്, ആർ.എ.എസ്), മാതൃകാ മത്സ്യ വിത്ത് വിതരണ കേന്ദ്രങ്ങൾ, മത്സ്യ വിപണന യൂണിറ്റുകൾ, മത്സ്യ കർഷക സേവന കേന്ദ്രങ്ങൾ, മാതൃകാ അക്വാക്ളിനിക്കുകൾ എന്നിവ പ്രവർത്തന സജ്ജമാക്കുവാനുമുള്ള പരിപാടികൾ ആസൂത്രണം ചെയ്തു വരുന്നു.

ആലപ്പുഴ, എറണാകുളം, തൃശ്ശൂർ, മലപ്പുറം, കണ്ണൂർ ജില്ലകളിൽ ഓരുജലം കയറുന്ന 7947 ഹെക്ടർ ഉള്ളതായാണ് പ്രാഥമിക വിവരങ്ങൾ സൂചിപ്പിക്കുന്നത്. ഇതിൽ 1643 ഹെക്ടർ പാടശേഖരങ്ങളിൽ മാത്രമാണ് നെൽകൃഷി നടത്തുന്നത്. ശേഷിക്കുന്ന 6304 ഹെക്ടർ പാടശേഖരം വർഷങ്ങളായി തരിശ് കിടക്കുകയാണ്. ഇത്തരത്തിൽ തീരദേശത്തെ തരിശ് കിടക്കുന്ന ഓരുജല പാടശേഖരങ്ങൾ ചെമ്മീൻ കൃഷിയ്ക്ക് പ്രയോജനപ്പെടുത്തുവാൻ കഴിയുന്നതാണ്. എന്നാൽ പ്രാദേശികമായുള്ള ചില പ്രശ്നങ്ങൾ കാരണം ഇവയെ മത്സ്യകൃഷിയ്ക്ക് ഉപയുക്തമാക്കാൻ കഴിഞ്ഞിട്ടില്ല. ഈ പ്രദേശത്ത് ചെമ്മീൻ കൃഷി നടത്തുന്നതിനും അതിലൂടെ ചെമ്മീൻ ഉൽപ്പാദനവും കയറ്റുമതിയും വർദ്ധിപ്പിക്കുന്നതിനും സംസ്ക്കരണ ശാലകളിൽ കൂടുതൽ തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കുന്നതിനും വകുപ്പ് മുഖ്യ പരിഗണനയാണ് നൽകുന്നത്.

തോടുകൾ, അരുവികൾ, കനാലുകൾ, കൈവഴികൾ തുടങ്ങി മത്സ്യ കൃഷിയ്ക്ക് അനുയോജ്യമായതും നിലവിൽ ഉപയുക്തമാകാത്തതുമായ പൊതു ജലാശയങ്ങളിൽ മത്സ്യകൃഷി നടത്തുകയും അത് വഴി മത്സ്യോൽപ്പാദനം വർദ്ധിപ്പിക്കുകയും സുസ്ഥിര വരുമാനം ഉറപ്പാക്കുകയും ചെയ്യുക എന്ന ലക്ഷ്യത്തോടെ ഇത്തരം ജലാശയങ്ങളിൽ വല വളപ്പുകൾ നിർമ്മിച്ചും പരിസ്ഥിതി സൗഹൃദ രീതിയിൽ താൽക്കാലിക ചിറകൾ കെട്ടിയും തദ്ദേശീയ (തടയണകൾ) മത്സ്യ വിത്തുകൾ നിക്ഷേപിച്ച് ശാസ്ത്രീയ പരിപാലന മുറകളിലൂടെ വളർത്തിയെടുക്കുന്നതിന് എംബാങ്ക്മെന്റ് പദ്ധതിയിലൂടെ ലക്ഷ്യമിടുന്നു.

പ്രാദേശികമായി ഉല്പാദിപ്പിക്കുന്ന, താരതമ്യേന വിപണിയിൽ ആവശ്യക്കാരുള്ള തിലാപ്പിയ (ഗിഫ്റ്റ്), കാളാഞ്ചി, കരിമീൻ ഇനങ്ങളിൽപ്പെട്ട മത്സ്യങ്ങളെ മത്സ്യഫെഡ് നേരിട്ട് നടത്തുന്നതും ഫ്രാഞ്ചൈസി വ്യവസ്ഥയിലുള്ളതുമായ ഫിഷ് മാർട്ടുകളുടെ ആവശ്യാനുസരണം ബേസ് സ്റ്റേഷനുകളിൽ സംഭരിച്ച് വിപണനം ചെയ്യുന്നുണ്ട്. പ്രാദേശികമായി ഉല്പാദിപ്പിക്കുന്ന മത്സ്യങ്ങൾ ഉപയോഗിച്ചുള്ള മൂല്യ വർദ്ധിത ഉല്പ്പന്നങ്ങളുടെ വലിയ തോതിലുള്ള ഉല്പാദനം ഇതുവരെ സാധ്യമായിട്ടില്ല.

മത്സ്യകൃഷി മേഖലയെ സംബന്ധിച്ചിടത്തോളം ഒരു വിപ്ലവകരമായ മാറ്റമാണ് സംഭവിക്കാൻ പോകുന്നത്. ഇതിനായുള്ള പ്രയത്നങ്ങൾ വകുപ്പും സർക്കാരും ആരംഭിച്ചു കഴിഞ്ഞു. ആരോഗ്യകരമായ ഒരു തലമുറയെ വാർത്തെടുക്കാൻ നമുക്ക് ഈ പരിപാടികളിലൂടെ സാധിക്കും. ഒപ്പം നമ്മുടെ ജനങ്ങൾക്ക് ഒരു വരുമാന മാർഗ്ഗവും രാജ്യത്തിന്റെ വളർച്ച നിരക്ക് മെച്ചപ്പെടുത്താനും കുറഞ്ഞ ചിലവിൽ മത്സ്യങ്ങൾ ലഭിക്കുന്നതിന് സാധിക്കുന്നതാണ്. സാങ്കേതികമായി വകുപ്പിനെയും ഉദ്യോഗസ്ഥരെയും മെച്ചപ്പെടുത്തുന്നതിന് ഉതകുന്ന പരിശീലനങ്ങൾ സംഘടിപ്പിക്കാനും കഴിഞ്ഞിട്ടുണ്ട്. പ്രാദേശിക തലത്തിൽ മതിയായ സൗകര്യങ്ങളും സഹായങ്ങളും ഏർപ്പെടുത്തി ജനകീയ പങ്കാളിത്തം ഉറപ്പാക്കി നടപ്പാക്കുന്ന ജനകീയ മത്സ്യ കൃഷി/വകുപ്പിന്റെ പദ്ധതിയിലൂടെ നമുക്ക് സാധിക്കും എന്നതിൽ സംശയമില്ല.



# സാഫിലൂടെ സേഫ് ആണ് കടലിന്റെ മക്കൾ

ഡോ. ആശ അഗസ്റ്റിൻ




ആശയറ്റ മത്സ്യത്തൊഴിലാളി സമൂഹത്തെ കൈപിടിച്ചുയർത്തി പുതിയ ജീവിതസാഹചര്യം സൃഷ്ടിക്കുക എന്നത് ബുദ്ധിമുട്ട് ഏറിയ കടമ്പയായിരുന്നു. സുനാമിയുടെ ആഘാതം തീരദേശത്ത് അധിവസിച്ചിരുന്നവരെ ഒട്ടാകെ ബാധിച്ചുവെങ്കിലും എല്ലാ ദുരന്തങ്ങളും പോലെ കെടുതിയുടെ ഏറിയപങ്കും ഏറ്റുവാങ്ങേണ്ടി വന്നത് തീരദേശത്തെ സ്ത്രീകളും കുട്ടികളും തന്നെയാണ്. മത്സ്യത്തൊഴിലാളി സമൂഹത്തിന്റെ കണ്ണീരൊപ്പാനും ബദൽ ജീവനോപാധി കണ്ടെത്തി ജീവിതം കരുപ്പിടിപ്പിക്കുവാനും സംസ്ഥാന സർക്കാർ സമാനതകളില്ലാത്ത പ്രവർത്തനങ്ങളാണ് കാഴ്ചവെച്ചത്.

മത്സ്യത്തൊഴിലാളി വനിതകളുടെ ശാക്തീകരണവും സാമ്പത്തികവും സാമൂഹികവുമായ ഉന്നമനവും സമഗ്ര വികസനവും ലക്ഷ്യമിട്ട് ഫിഷറീസ് വകുപ്പിന് കീഴിൽ 2005 ജൂൺ ഒന്നിന് പ്രവർത്തനമാരംഭിച്ച സ്ഥാപനമാണ് സൊസൈറ്റി ഫോർ അസിസ്റ്റൻറ് ടു ഫിഷർ വിമൺ (സാഫ്).

കേരളതീരത്തിന് ഒരിക്കലും മറക്കാൻ കഴിയാത്ത ഒരു ദിനമാണ് 2004 ഡിസംബർ 26. തീരത്ത് ആഞ്ഞടിച്ച രാക്ഷസ തിരമാലകൾ തീരദേശവാസികളുടെ ഉറ്റവരെയും ഉടയവരെയും മാത്രമല്ല സ്ഥാവര ജംഗമ വസ്തുക്കളും തൊഴിലുപകരണങ്ങളും കവർന്നു. ഇതിലൂടെ സർവ്വവും നഷ്ടപ്പെട്ട് ആശയറ്റ മത്സ്യത്തൊഴിലാളി സമൂഹത്തെ കൈപിടിച്ചുയർത്തി പുതിയ ജീവിതസാഹചര്യം സൃഷ്ടിക്കുക എന്നത് ബുദ്ധിമുട്ട് ഏറിയ കടമ്പയായിരുന്നു. സുനാമിയുടെ ആഘാതം തീരദേശത്ത് അധിവസിച്ചിരുന്നവരെ ഒട്ടാകെ ബാധിച്ചുവെങ്കിലും എല്ലാ ദുരന്തങ്ങളും പോലെ കെടുതിയുടെ ഏറിയപങ്കും ഏറ്റുവാങ്ങേണ്ടി വന്നത് തീരദേശത്തെ സ്ത്രീകളും കുട്ടികളും തന്നെയാണ്. മത്സ്യത്തൊഴിലാളി സമൂഹത്തിൻറെ കണ്ണീരൊപ്പാനും ബദൽ ജീവനോപാധി കണ്ടെത്തി ജീവിതം കരുപ്പിടിപ്പിക്കുവാനും സംസ്ഥാന സർക്കാർ സമാനതകളില്ലാത്ത പ്രവർത്തനങ്ങളാണ് കാഴ്ചവെച്ചത്. ദുരന്തഫലം ഏറ്റവുമധികം ഏറ്റുവാങ്ങേണ്ടി വന്ന മത്സ്യത്തൊഴിലാളി വനിതകളെ ശാക്തീകരിച്ച് സമഗ്ര വികസനം സാക്ഷാത്കരിക്കുന്നതിനാണ് 2005 ജൂൺ ഒന്നിന് ഫിഷറീസ് വകുപ്പിന് കീഴിൽ സാഫ് രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചത്.



18 വർഷങ്ങൾ പിന്നിട്ട സാഫിന്റെ പ്രവർത്തനം തീരദേശത്തെ മത്സ്യത്തൊഴിലാളി വനിതകളെയും അവരുടെ കുടുംബത്തെയും സേഫ് ആക്കുന്നതിന് സഹായകമായിട്ടുണ്ട്. തീരമൈത്രി പദ്ധതിയുടെ ഭാഗമായ സൂക്ഷ്മ തൊഴിൽ സംരംഭങ്ങളിലൂടെ തുടങ്ങിയ പ്രവർത്തനം ജെ. എൽ.ജി, സീ ഫുഡ് റെസ്റ്റോറന്റ്, തീരമാവേലി, സ്നേഹതീരം എന്നിവയിലൂടെ വെൽനസ് ക്ലിനിക്കുകളിൽ എത്തിനിൽക്കുന്നു. തീരദേശത്തെ 8000 ത്തിലധികം വനിതകൾ തീരമൈത്രി പദ്ധതിയുടെ ഭാഗമായി വരുമാനം കണ്ടെത്തുന്നു. 1600 ഓളം സൂക്ഷ്മ തൊഴിൽ സംരംഭങ്ങളാണ് സാഫിന് കീഴിൽ പ്രവർത്തിക്കുന്നത്. 2021 - 22 വർഷം സാഫ് യൂണിറ്റുകളുടെ വിറ്റു വരവ് 84.01 കോടി ആയിരുന്നത് 2022-23 ൽ 124 .90 കോടി രൂപയായി വർദ്ധിച്ചു. ഈ സാമ്പത്തിക വർഷത്തിൽ 2023 ഡിസംബർ വരെ 100.48 കോടി രൂപ കൈവരിച്ചു കഴിഞ്ഞു.

മത്സ്യത്തൊഴിലാളി വനിതകൾക്ക് സ്ഥിര വരുമാനവും തൊഴിലും ഉറപ്പാക്കാൻ വസ്ത്ര നിർമ്മാണം, മത്സ്യ സംസ്കരണം, ഭക്ഷ്യ വിപണനം, സൂപ്പർമാർക്കറ്റുകൾ, സർവീസ് എന്നിങ്ങനെ 5 അപ്പക്സ് ഫെഡറേഷനുകൾക്ക് കീഴിൽ 63 തരത്തിലുള്ള സൂക്ഷ്മ തൊഴിൽ സംരംഭങ്ങൾ പ്രവർത്തിക്കുന്നു. സൂക്ഷ്മ തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനായി പദ്ധതി തുകയുടെ 75% പരമാവധി 5 ലക്ഷം രൂപ വരെ അഞ്ച് അംഗങ്ങളുള്ള ഒരു ഗ്രൂപ്പിന് അനുവദിക്കുന്നതിനു പുറമേ സംരംഭങ്ങൾ തുടങ്ങാൻ താൽപര്യമുള്ളവർക്ക് സംരംഭകത്വ പരിശീലനം, വൈദഗ്ധ്യ പരിശീലനം, മാർക്കറ്റിംഗ് വായ്പ സൗകര്യങ്ങൾ എന്നിവയും തൊഴിൽ സംരംഭങ്ങൾ തുടങ്ങാൻ കപ്പാസിറ്റി ബിൽഡിംഗ് പരിശീലനങ്ങളും സാഫ് മുഖേന സംഘടിപ്പിക്കുന്നു.

## സംരംഭങ്ങളുടെ സുസ്ഥിരത നിലനിർത്താൻ സാഫിന്റെ ഇടപെടലുകൾ

- **പലിശരഹിത പ്രവർത്തന മൂലധനം**
- **ഗ്രൂപ്പുകൾക്ക് 25000 രൂപ മുതൽ ഒരു ലക്ഷം രൂപ വരെ സഹായം. സൂപ്പർമാർക്കറ്റുകൾക്ക് ഒന്നരലക്ഷം രൂപ വരെ പലിശരഹിത വായ്പയും 20 തവണകളായി തിരിച്ചടവും.**
- **സാങ്കേതികവിദ്യ നവീകരണത്തിനും തേയ്മാനം സംഭവിച്ച യന്ത്ര ഭാഗങ്ങൾ മാറ്റി സ്ഥാപിക്കാനും പുതിയവ ചേർക്കാനും പ്രത്യേക ധനസഹായം**
- **ഒരു ഗ്രൂപ്പിന് പരമാവധി 50000 രൂപ വരെ തിരിച്ചടവില്ലാതെ പ്രത്യേക ധനസഹായം നൽകും**
- **ബിസിനസ് ഗ്രൂപ്പുകളാക്കി മാറ്റുന്നതിന് പ്രത്യേക ധനസഹായം ആക്ടിവിറ്റി ഗ്രൂപ്പുകളെ ബിസിനസ് ഗ്രൂപ്പുകളായി ഉയർത്തുവാൻ 5 ലക്ഷം രൂപ വരെ ബാങ്ക് വായ്പ ലഭ്യമാക്കുവാൻ സഹായിക്കുകയും വായ്പയ്ക്ക് അഞ്ച് ശതമാനം നിരക്കിൽ പലിശ ഇളവും അനുവദിക്കുന്നു.**

## സൂക്ഷ്മ തൊഴിൽ സംരംഭങ്ങൾ ആർക്കെല്ലാം തുടങ്ങാം

മത്സ്യത്തൊഴിലാളി കുടുംബ രജിസ്റ്ററിൽ അംഗത്വമുള്ളവരായ മത്സ്യ തൊഴിലാളി വനിതകൾക്ക് പദ്ധതിയിൽ അംഗമാകാം . രണ്ടു മുതൽ അഞ്ചു വരെ മത്സ്യത്തൊഴിലാളി വനിതകൾ അടങ്ങുന്ന സൂക്ഷ്മ തൊഴിൽ സംരംഭം ആരംഭിക്കുന്നതിന് അഞ്ച് ലക്ഷം രൂപ വരെ ധനസഹായം (ഒരംഗത്തിന് പരമാവധി ഒരു ലക്ഷം രൂപ ഗ്രാൻഡ് 75ശതമാനവും 20% ബാങ്ക് വായ്പയും അഞ്ച് ശതമാനം ഗുണഭോക്തൃ വിഹിതവും ആയിരിക്കും) സൂക്ഷ്മ തൊഴിൽ സംരംഭങ്ങളുടെ മാർക്കറ്റിങ്ങിനു പ്രത്യേക ശ്രദ്ധ നൽകുന്നു. ഉൽപ്പന്നങ്ങൾക്ക് വിപണി കണ്ടെത്തുന്നതിനായി മേളകളിലും പ്രദർശനങ്ങളിലും യൂണിറ്റുകളെ പങ്കെടുപ്പിക്കുന്നതിന് പുറമേ വിൽപ്പന പ്രോത്സാഹിപ്പിക്കുന്നതിനായി എല്ലാ ജില്ലകളിലും മാസ ചന്തകളും നടത്തുന്നു.

സാഫിന്റെ ഇടപെടലിലൂടെ മത്സ്യത്തൊഴിലാളി വനിതകളിൽ സമ്പാദ്യ ശീലം വളർത്തുന്നതിന് കഴിഞ്ഞതിന് പുറമേ സ്ത്രീ ശാക്തീകരണത്തിന്റെ ഭാഗമെന്നോണം സാഫിലെ അംഗങ്ങളിൽ നിന്നും ധാരാളം പേർ ജനപ്രതിനിധികളും തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന്റെ അദ്ധ്യക്ഷന്മാരും ആയി മാറിയത് മേഖലയ്ക്ക് ഒരു പുത്തൻ ഉണർവാണ്. ഇതിനെല്ലാം പുറമേ സാഫ് അംഗങ്ങളുടെ വായനാശീലം ഉയർന്നതും നിയമപരിജ്ഞാനം വർദ്ധിച്ചതും അക്കൗണ്ടിംഗിലെ പരിചയവുമെല്ലാം മേഖലയുടെ ഭാവി വളർച്ചക്ക് സഹായകമാകും എന്നതിൽ സംശയമില്ല. ഇത്തരത്തിൽ എല്ലാതരത്തിലും മത്സ്യത്തൊഴിലാളി വനിതകളെ സേഫ് ആക്കിയാണ് സാഫ് മുന്നേറുന്നത്.



# അന്യമാകുന്ന മത്സ്യ സമ്പത്ത് പുനരുജ്ജീവനത്തിന് കൃത്രിമ പാരുകൾ

ബീന സുകുമാർ. പി

**കാലാവസ്ഥ വ്യതിയാനവും മനുഷ്യ ഇടപെടലും മൂലം ജൈവവൈവിധ്യത്തിന്റെ കലവറയായ നമ്മുടെ കടലിലും മത്സ്യസമ്പത്ത് ശോഷണം നേരിടുകയാണ്. കടലിനെ മാത്രം ഉപജീവനത്തിനായി ആശ്രയിക്കുന്ന മത്സ്യത്തൊഴിലാളി സമൂഹത്തിന്റെ ജീവസന്ധാരണ പ്രവർത്തനങ്ങളെ ഇത് ദോഷകരമായി ബാധിച്ചിട്ടുണ്ട്. ഈ തിരിച്ചറിവാണ് കൃത്രിമ പാരുകളുടെ നിർമ്മിതിയിലേക്ക് കൊണ്ടെത്തിച്ചത്. പ്രകൃതിദത്തമായ പവിഴ പുറ്റുകളുടെ പരിസ്ഥിതിയെ അനുകരിക്കാൻ കഴിയുമാറ് രൂപകൽപ്പന ചെയ്തിട്ടുള്ള മനുഷ്യ നിർമ്മിത സംവിധാനമാണിത്. മത്സ്യം ഉൾപ്പെടെയുള്ള ജലജീവികൾക്ക് കൃത്രിമ ആവാസ വ്യവസ്ഥ ഒരുക്കി സമുദ്ര മത്സ്യ സമ്പത്ത് സംരക്ഷണത്തിലും മത്സ്യബന്ധന പരിപാലനത്തിലും കൃത്രിമ പാരുകൾ പ്രധാന പങ്കുവഹിക്കുന്നു.**

## നേട്ടങ്ങൾ

**ആവാസവ്യവസ്ഥ സൃഷ്ടിക്കൽ:** മലിനീകരണം, അമിതമായ മത്സ്യബന്ധനം, ആവാസവ്യവസ്ഥയുടെ നാശം എന്നിങ്ങനെയുള്ള പ്രകൃതിദത്തമോ മനുഷ്യ പ്രേരിതമോ ആയ കാരണങ്ങളാൽ നഷ്ടപ്പെട്ടേക്കാവുന്ന സമുദ്രജീവികൾക്ക് കൃത്രിമ പാരുകൾ പുതിയ ആവാസ വ്യവസ്ഥകൾ നൽകുന്നു. പുതിയ ആവാസ വ്യവസ്ഥകൾ സൃഷ്ടിക്കുന്നതിലൂടെ, മത്സ്യ സമ്പത്ത് വർദ്ധനവും വൈവിധ്യവും നിലനിർത്താൻ കഴിയും.



**ഫിഷ് അഗ്രിഗേഷൻ:** കൃത്രിമ പാരുകൾക്ക് മത്സ്യത്തെ ആകർഷിക്കുവാൻ കഴിയും, കൃത്രിമ പാരുകൾ മത്സ്യങ്ങൾക്ക് അഭയം, പ്രജനന കേന്ദ്രങ്ങൾ, തീറ്റ കണ്ടെത്തൽ സൗകര്യം എന്നിവ നൽകുന്നു, ആത്യന്തികമായി പ്രാദേശിക മത്സ്യങ്ങളുടെ വളർച്ചയ്ക്കും സുസ്ഥിരതയും പിന്തുണ നൽകുന്നു. ഇത് ആവാസവ്യവസ്ഥയുടെ മൊത്തത്തിലുള്ള ആരോഗ്യത്തെ സ്വാധീനിക്കുകയും മത്സ്യത്തൊഴിലാളി സമൂഹങ്ങളുടെ ഉപജീവനത്തിന് പ്രയോജനം ചെയ്യുകയും ചെയ്യും.

**പ്രജനന കേന്ദ്രങ്ങളും നഴ്സറി പ്രദേശങ്ങളും:** പല മത്സ്യ ഇനങ്ങളും പ്രകൃതിദത്തവും കൃത്രിമവുമായ പാറകൾ മുട്ടയിടുന്നതിനും നഴ്സറി പ്രദേശങ്ങളായും ഉപയോഗിക്കുന്നു. അനുയോജ്യമായ സ്ഥലങ്ങളിൽ കൃത്രിമ പാരുകൾ സ്ഥാപിക്കുന്നതിലൂടെ, മത്സ്യ സംരക്ഷണത്തിനും എണ്ണം മെച്ചപ്പെടുത്തലിനും കഴിയുന്നു. കൃത്രിമപാര് പ്രദേശങ്ങളെ വിനാശകരമായ പ്രവർത്തനങ്ങളിൽ നിന്ന് സംരക്ഷിക്കുന്നത് മൂലം മത്സ്യങ്ങളുടെ വിജയകരമായ പുനരുൽപാദനം ഉറപ്പാക്കാൻ സഹായിക്കും.

**വൈവിധ്യവൽക്കരിക്കുന്ന മത്സ്യബന്ധന അവസരങ്ങൾ:** കൃത്രിമ പാരുകൾ സുസ്ഥിര മത്സ്യബന്ധനത്തിനും ഇക്കോടൂറിസത്തിനും അവസരങ്ങൾ സൃഷ്ടിക്കുന്നു. വിനോദ യാത്രക്കാരും മുങ്ങൽ വിദഗ്ധരും പലപ്പോഴും കൃത്രിമ പാരുകളിലേക്ക് ആകർഷിക്കപ്പെടുന്നു. ഇത് പ്രാദേശിക സമൂഹത്തിന് സാമ്പത്തിക നേട്ടങ്ങൾ നൽകുന്നത് കൂടാതെ പ്രകൃതിദത്ത റീഫ് സിസ്റ്റങ്ങളിലെ സമ്മർദ്ദം കുറയ്ക്കുന്നു.

### കൃത്രിമപ്പാര് നിക്ഷേപിക്കുന്ന സ്ഥലത്തിന് വേണ്ടുന്ന അഭിലഷണീയ ഘടകങ്ങൾ

| | |
|---|---|
| ആഴം | 10 മുതൽ 20 മീറ്റർ വരെ |
| സുതാര്യത | 1.5 മീറ്ററിൽ കൂടുതൽ |
| ജലപ്രവാഹത്തിന്റെ വേഗത | 2 മുതൽ 6 സെ.മീ./സെക്കന്റ് |
| തിരമാലയുടെ ഉയരം | 0.5 മുതൽ 2 മീറ്റർ വരെ |
| അടിത്തട്ട് മണ്ണ്, (മണൽ : കളിമണ്ണ്) | 98 : 2 |

**കൃത്രിമപ്പാരിൽ ജീവി വർഗ്ഗത്തിന്റെ പാരിസ്ഥിതിക പിന്തുടർച്ച**

| കാലയളവ് | ജീവിവർഗ്ഗങ്ങൾ |
|---|---|
| 30 - 45 ദിവസം | ബാക്ടീരിയ, ഡയാറ്റം, സൂക്ഷ്മ ജീവികൾ, പ്രോട്ടോസോവകൾ, അകശേരുകളുടെ ലാർവകൾ, പ്ലവകങ്ങൾ, സിലിയേറ്റുകൾ |
| 45 - 90 ദിവസം | സ്പോഞ്ചുകൾ, വിരകൾ, ചെമ്മീനുകൾ ഞണ്ടുകൾ, ചെറുമത്സ്യങ്ങളുടെ ലാർവകൾ, ഫ്രൈ, വിവിധതരം കടൽ ചിപ്പികൾ, ശംഖുവർഗ്ഗ ജീവികൾ |
| 3 - 6 മാസം | വലിയ ഞണ്ടുകൾ, കടൽ കുതിര നക്ഷത്ര മത്സ്യങ്ങൾ, സ്പൈനി ലോബ്സ്റ്റർ തിരണ്ടി വർഗ്ഗ ജീവികൾ, തത്ത മത്സ്യങ്ങൾ അണ്ണാൻ മത്സ്യങ്ങൾ വിവിധതരം ചെമ്മീനുകൾ, ഗ്രൂപ്പറുകൾ |
| 4 - 8 മാസം | അയല, ചൂര, ബാരാക്കുഡ അടിത്തട്ടിൽ നിന്നും ആഹാര സമ്പാദനം നടത്തുന്ന മറ്റ് മത്സ്യങ്ങൾ എന്നിവ വളരുന്നു. തിമിംഗല ഷാർക്ക്, ഹാമർ ഹെഡ്ഡ് ഷാർക്ക് ഡോൾഫിൻ കോബിയ വലിയ മാംസഭുക്കുകളായ മത്സ്യങ്ങൾ മുതലായവ സന്ദർശകരും ആണ്. |

## കൃത്രിമ പാരുകളുടെ വിന്യാസത്തിൽ ശ്രദ്ധിക്കേണ്ട ഘടകങ്ങൾ

**അനുയോജ്യ പ്രദേശം തിരഞ്ഞെടുക്കൽ:** കൃത്രിമ പാര് വിന്യാസത്തിന് കടലിൻറെ ആഴം, അടിത്തട്ടിന്റെ സ്വഭാവം, പ്രകൃതിദത്ത പാരുകളുടെ സാമീപ്യം, നിലവിലുള്ള മത്സ്യങ്ങളുടെ ഇനം, എണ്ണം തുടങ്ങിയ ഘടകങ്ങൾ കണക്കിലെടുക്കേണ്ടതാണ്.

**നിർമ്മാണവസ്തുക്കളുടെ തിരഞ്ഞെടുക്കൽ:** കൃത്രിമ പാരുകൾ നിർമ്മിക്കാൻ ഉപയോഗിക്കുന്ന വസ്തുക്കളുടെ തിരഞ്ഞെടുപ്പ് പ്രധാനമാണ്. പ്രത്യേകം രൂപകൽപ്പന ചെയ്ത റീഫ് മൊഡ്യൂളുകൾ ആൽഗകളുടെയും അകശേരുക്കളുടെയും അറ്റാച്ച്മെന്റിന് പ്രതലം നൽകാൻ കഴിയുന്നവയാകയാൽ ചുണ്ണാമ്പുകല്ല്, കോൺക്രീറ്റ് അല്ലെങ്കിൽ പ്രകൃതിദത്ത വസ്തുക്കൾ ആണ് നിർമ്മാണത്തിന് അനുയോജ്യം. ഇത് സമുദ്ര ഭക്ഷ്യ കണ്ണി ശൃംഖലയുടെ അടിത്തറയാണ്. ഇത് ചെറിയ മത്സ്യങ്ങളെ ആകർഷിക്കുന്നു, അവ വലിയ മത്സ്യങ്ങൾക്ക് ഇരയാകുന്നു, അങ്ങനെ ആരോഗ്യകരമായ ഒരു ആവാസവ്യവസ്ഥ സൃഷ്ടിക്കുന്നു.

**നിരീക്ഷണവും മൂല്യനിർണ്ണയവും:** മത്സ്യത്തിന്റെ എണ്ണവും അവയുടെ സ്വാധീനവും വിലയിരുത്തുന്നതിന് തുടർച്ചയായ നിരീക്ഷണവും വിലയിരുത്തലും അത്യന്താപേക്ഷിതമാണ്. മെച്ചപ്പെടുത്തൽ ശ്രമങ്ങളുടെ വിജയം നിർണ്ണയിക്കുന്നതിനും മാനേജ്മെന്റ് തന്ത്രങ്ങളിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തുന്നതിനും കാലാകാലങ്ങളിൽ മത്സ്യ സാന്ദ്രത, സ്പീഷീസ് ഘടന, കമ്മ്യൂണിറ്റി ഘടന എന്നിവ പഠിക്കണം.

**പരിസ്ഥിതി സൗഹൃദ രൂപകൽപന:** പരിസ്ഥിതി സൗഹൃദ വസ്തുക്കളും രീതികളും ഉപയോഗിക്കണം. കൃത്രിമ പവിഴപ്പുറ്റുകളുടെ വിന്യാസം ആവാസവ്യവസ്ഥയുടെ നാശത്തിന് കാരണമാകില്ലെന്ന് ഉറപ്പാക്കുന്നത് ദീർഘകാല വിജയത്തിന് നിർണായകമാണ്.

**പ്രാദേശിക ജനതയുടെ ഇടപെടൽ:** കൃത്രിമ പാര് പദ്ധതിയുടെ വിജയത്തിന് പ്രാദേശിക കമ്മ്യൂണിറ്റികൾ, മത്സ്യത്തൊഴിലാളികൾ, സംഘടനകൾ, സർക്കാർ ഏജൻസികൾ എന്നിവയുമായുള്ള സഹകരണം അത്യാവശ്യമാണ്. റീഫ് മെച്ചപ്പെടുത്തൽ സംരംഭങ്ങളുടെ ആസൂത്രണത്തിലും നടപ്പാക്കലിലും പങ്കാളികളെ ഉൾപ്പെടുത്തുന്നത് കൂടുതൽ സുസ്ഥിരമായ ഫലങ്ങളിലേക്ക് നയിക്കുകയും പിന്തുണയും പ്രാദേശിക അറിവും നേടാൻ സഹായിക്കും.

കൃത്രിമ പാരുകളിലൂടെ ഫലപ്രദമായ മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്നതിന് പാരിസ്ഥിതികവും സാമൂഹികവും സാമ്പത്തികവുമായ ഘടകങ്ങൾ പരിഗണിക്കുന്ന ഒരു സമഗ്ര സമീപനം ആവശ്യമാണ്. നന്നായി രൂപകല്പന ചെയ്ത കൃത്രിമ പാരുകൾ സൃഷ്ടിക്കുകയും ഉത്തരവാദിത്തത്തോടെ അവയെ കൈകാര്യം ചെയ്യുകയും ചെയ്യുന്നതിലൂടെ, മത്സ്യസമ്പത്തിന്റെ സുസ്ഥിര മാനേജ്മെന്റിനെ പിന്തുണയ്ക്കുന്നതിനൊപ്പം സമുദ്ര ആവാസവ്യവസ്ഥയുടെ പുനരുദ്ധാരണത്തിനും സംരക്ഷണത്തിനും സംഭാവനയും നൽകുന്നു.

കൃത്രിമ പാരുകളുടെ വിന്യാസം സമുദ്ര പരിതസ്ഥിതികളിലേക്ക് പുതിയ ഭൗതിക ഘടനകളെ പരിചയപ്പെടുത്തുകയും സ്വാഭാവിക ആവാസ വ്യവസ്ഥകളെയും പാരിസ്ഥിതിക പ്രക്രിയകളെയും മാറ്റുകയും ചെയ്തേക്കാം. ചില സന്ദർഭങ്ങളിൽ, മോശമായി രൂപകൽപ്പന ചെയ്തതോ ക്രമരഹിതമായി സ്ഥാപിച്ചതോ ആയ കൃത്രിമ പാരുകൾ ജലത്തിന്റെയും ധാതു പദാർത്ഥങ്ങളുടേയും സ്വാഭാവിക ഒഴുക്കിനെ തടസ്സപ്പെടുത്തുകയും ചുറ്റുമുള്ള ആവാസവ്യവസ്ഥയെയും ജീവജാലങ്ങളെയും ബാധിക്കുന്നതായും കണ്ടിട്ടുണ്ട്. കൃത്രിമ പാരുകൾ മത്സ്യബന്ധനം, ഡൈവിംഗ്, വിനോദസഞ്ചാരം എന്നിവയുൾപ്പെടെയുള്ള മനുഷ്യ പ്രവർത്തനങ്ങളെ ആകർഷിക്കുന്നത് സമുദ്ര ആവാസ വ്യവസ്ഥകൾക്കും ജൈവ വൈവിദ്ധ്യങ്ങൾക്കും പ്രാദേശികമായ അസ്വസ്ഥതകൾക്കും കാരണമാകം. ശ്രദ്ധാപൂർവം കൈകാര്യം ചെയ്തില്ലെങ്കിൽ, ഈ പ്രവർത്തനങ്ങൾ പാരുകൾക്കും ചുറ്റുമുള്ള ആവാസവ്യവസ്ഥകൾക്കും നേരിട്ടുള്ള കേടുപാടുകൾക്കും സമുദ്രജീവികളുടെ നാശത്തിനും ഇടയാക്കും. കൃത്രിമ പാരുകൾക്ക് അധിനിവേശ ജീവിവർഗ്ഗങ്ങൾക്ക് അറ്റാച്ച്മെന്റ് പ്രതലങ്ങൾ നൽകാൻ കഴിയും. ഇത് തദ്ദേശീയ ജീവജാലങ്ങളെ മറികടക്കുകയും പാരിസ്ഥിതിക അസന്തുലിതാവസ്ഥയിലേക്കും പ്രാദേശിക ജൈവവൈവിധ്യത്തെയും പ്രതികൂലമായി ബാധിക്കുകയും ചെയ്യുവാൻ ഇടയുണ്ട്. കൃത്രിമമായ പവിഴപ്പുറ്റുകളുടെ വിന്യാസത്തിലൂടെയും സൂക്ഷ്മമായ നിരീക്ഷണവും മാനേജ്മെന്റിലൂടെയും അപകട സാധ്യത കുറയ്ക്കുവാൻ സാധിക്കും.

കൃത്രിമ പാരുകളുടെ നിർമ്മാണം, വിന്യാസം, പരിപാലനം എന്നിവയ്ക്ക് സാമ്പത്തിക സ്രോതസ്സുകളും നിരന്തരമായ നിക്ഷേപവും ആവശ്യമാണ്. ശരിയായ ഫണ്ടിംഗും ദീർഘകാല പ്രതിബദ്ധതയും ഇല്ലാത്ത, കൃത്രിമ പാരുകൾ നശിക്കുകയോ ഫലപ്രദമല്ലാത്തതാകുകയോ ചെയ്യാം, ഇത് ഉദ്ദേശിച്ച സംരക്ഷണവും പാരിസ്ഥിതിക നേട്ടങ്ങളും ഇല്ലാതാക്കും.

ഈ പോരായ്മകളും വെല്ലുവിളികളും പരിഹരിക്കുന്നതിന്, കൃത്രിമ പവിഴപ്പുറ്റുകളുടെ പദ്ധതികൾ ആസൂത്രണം ചെയ്യുകയും നടപ്പിലാക്കുകയും ചെയ്യുമ്പോൾ ശാസ്ത്രീയമായി അറിവുള്ളതും അനുയോജ്യവുമായ മാനേജ്മെന്റ് സമീപനം സ്വീകരിക്കേണ്ടത് അത്യാവശ്യമാണ്. സമഗ്രമായ പാരിസ്ഥിതിക വിലയിരുത്തലുകൾ നടത്തുക, തീരുമാനമെടുക്കൽ പ്രക്രിയകളിൽ പങ്കാളികളെ ഉൾപ്പെടുത്തുക, കൃത്രിമ പാറകളോടുള്ള പാരിസ്ഥിതിക പ്രതികരണങ്ങൾ നിരീക്ഷിക്കുക, നെഗറ്റീവ് ആഘാതങ്ങൾ കുറയ്ക്കുന്നതിനും സംരക്ഷണ നേട്ടങ്ങൾ പരമാവധിയാക്കുന്നതിനും ആവശ്യമായ മാനേജ്മെന്റ് തന്ത്രങ്ങൾ ക്രമീകരിക്കൽ എന്നിവ ഇതിൽ ഉൾപ്പെടുന്നു. കൂടാതെ, സമഗ്രമായ വ്യാപനവും വിദ്യാഭ്യാസ ശ്രമങ്ങളും ഉത്തരവാദിത്തമുള്ള കൃത്രിമ പവിഴപ്പുറ്റുകളുടെ പരിപാലനത്തിന്റെ പ്രാധാന്യത്തെക്കുറിച്ചും സുസ്ഥിര സമുദ്ര സംരക്ഷണ സംരംഭങ്ങൾക്കുള്ള പിന്തുണയെ പ്രോത്സാഹിപ്പിക്കാനും സഹായിക്കും.

കഴിഞ്ഞ സർക്കാരിന്റെ കാലം മുതൽ നടപ്പിലാക്കിയിട്ടുള്ള കൃത്രിമ പാര് നിക്ഷേപിക്കുന്ന പദ്ധതിയുടെ നേട്ടങ്ങൾ അണ്ടർവാട്ടർ സ്റ്റഡിയിലൂടെ വിലയിരുത്തിയിട്ടുണ്ട്. അണ്ടർ വാട്ടർ ഫോട്ടോഗ്രാഫി ഉപയോഗിച്ച് 11 മാസത്തിനു ശേഷം കൃത്രിമ പാര് നിക്ഷേപം നടത്തിയ പ്രദേശത്തെ പഠനത്തിൽ ചെറുതും വലുതുമായ ചൂര പാര,വേള, ബാരക്കുട, കണവ, കൂന്തൽ തുടങ്ങിയ മത്സ്യയിനങ്ങൾ കൂടുതലായി കണ്ടെത്തിയിട്ടുണ്ട്. ഇത് കൂടാതെ പ്രദേശിക സർവ്വേ വഴിയും മത്സ്യത്തൊഴിലാളികൾക്ക് ലഭ്യമാകുന്ന മത്സ്യത്തിന്റെ അളവ് ഗണ്യമായി വർദ്ധിച്ചിട്ടുള്ളതായും മനസ്സിലാക്കി. ഇതിന്റെ അടിസ്ഥാനത്തിലാണ് പ്രധാനമന്ത്രി മത്സ്യ സമ്പദ യോജന പദ്ധതിയിൽ ഉൾപ്പെടുത്തി 13.02 കോടി രൂപയ്ക്ക് 6300 കൃത്രിമ പാരുകൾ തിരുവനന്തപുരം ജില്ലയിലെ 42 മത്സ്യ ഗ്രാമങ്ങളിൽ സ്ഥാപിക്കുന്നതിന് ഭരണാനുമതി ലഭിച്ചത്. ഇവയുടെ നിക്ഷേപം പൂർത്തീകരിച്ചു. സമുദ്ര മത്സ്യ ഗവേഷണ സ്ഥാപനങ്ങൾ നടത്തിയ ശാസ്ത്രീയ പഠനങ്ങൾ എല്ലാം തന്നെ കൃത്രിമ പാരുകൾ മത്സ്യങ്ങളെ തീര സമുദ്രത്തിലേക്ക് ആകർഷിക്കുന്നതിനും അവയുടെ സ്വാഭാവിക പ്രജനനത്തിനും സുസ്ഥിരമായ പരിപാലനത്തിനും വളരെയധികം പ്രയോജനപ്പെടുമെന്ന് കണ്ടെത്തിയിട്ടുണ്ട്. മത്സ്യത്തൊഴിലാളി സമൂഹം ഏറ്റെടുത്ത് നടപ്പാക്കുന്ന ഒരു പ്രധാന പദ്ധതിയായി ഇത് മാറിക്കഴിഞ്ഞത് മത്സ്യസമ്പത്തിന്റെ വർദ്ധനവ് ഒന്ന് കൊണ്ട് തന്നെയാണ്.

# മത്സ്യത്തൊഴിലാളി ക്ഷേമം ഉറപ്പാക്കി ക്ഷേമനിധി ബോർഡ് മുന്നോട്ട്

**കൂട്ടായി ബഷീർ**



സംസ്ഥാനത്തെ മത്സ്യതൊഴിലാളികൾക്ക് എല്ലാവിധ ക്ഷേമ പ്രവർത്തനങ്ങളും നൽകുക എന്ന ലക്ഷ്യത്തോടെ 1986ലാണ് കേരള മത്സ്യതൊഴിലാളി ക്ഷേമനിധി ബോർഡ് തൃശൂർ ആസ്ഥാനമാക്കി രൂപീകൃതമായത്. 1980ലെ മത്സ്യതൊഴിലാളി ക്ഷേമ സംഘ നിയമ പ്രകാരം രൂപീകരിച്ചിട്ടുള്ള ഫിഷറീസ് വില്ലേജും അതിൽ നിർവ്വചിക്കപ്പെട്ടിട്ടുള്ള മത്സ്യ തൊഴിലാളികളേയും അതേ മാതൃകയിൽ അംഗങ്ങളാക്കിയാണ് ബോർഡ് പ്രവർത്തനം തുടങ്ങിയത്. തുടർന്ന് 1999ൽ മത്സ്യ അനുബന്ധ മേഖലയിൽ പ്രവർത്തിക്കുന്നവരേയും ക്ഷേമനിധി ബോർഡിൽ അംഗങ്ങളായി ഉൾപ്പെടുത്തി വിപുലീകരിച്ചു. 2023ൽ 2,36,992 മത്സ്യ തൊഴിലാളികളും 79,598 അനുബന്ധ തൊഴിലാളികളും ബോർഡിൽ അംഗങ്ങളാണ്. ദുർബല ജന വിഭാഗങ്ങളുടെ ക്ഷേമം ഉറപ്പുവരുത്തുന്നതിനായി രൂപീകൃതമായിട്ടുള്ള ക്ഷേമ ബോർഡുകളിൽ ഒരു തൊഴിലാളി വിഭാഗത്തിന് ആവശ്യമായ സാമൂഹികവും, സാമ്പത്തികവും, വിദ്യാഭ്യാസ ആരോഗ്യ സുരക്ഷാപരവുമായ എല്ലാ പദ്ധതികളും മത്സ്യ ബോർഡ് മുഖാന്തിരം നടപ്പാക്കി വരുന്നു. നമ്മുടെ മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിന് എല്ലാവിധ ക്ഷേമ പ്രവർത്തനങ്ങളും ഏറ്റെടുത്ത ബോർഡെന്ന നിലയിൽ 1996 കാലഘട്ടത്തിൽ അന്തർദേശീയ തൊഴിലാളി സംഘടനയുടെ പ്രോത്സാഹന പരാമർശവും ലഭിച്ചിട്ടുണ്ട്.

60 വയസ്സ് കഴിഞ്ഞ മത്സ്യതൊഴിലാളികൾക്ക് പ്രതിമാസം 1600 രൂപ നിരക്കിൽ പെൻഷൻ അനുവദിക്കുക മാത്രമല്ല, മത്സ്യത്തൊഴിലാളികളുടെ ആശ്രിതർക്കും വിവാഹ ധനസഹായം, പ്രസവ ശുശ്രൂഷയ്ക്ക് ധനസഹായം, മാരകരോഗങ്ങളുടെ തുടർ ചികിൽസാ പദ്ധതികളും, കുടുംബ സംവിധാന പദ്ധതികളും, മത്സ്യത്തൊഴിലാളികൾക്കും അനുബന്ധതൊഴിലാളികൾക്കും അപകട ഇൻഷ്വറൻസും, പൂരക വേതനം ഉറപ്പാക്കാൻ കഴിയുന്ന തണൽ പദ്ധതിയും, മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് പഠന സഹായവും, മരണാനന്തര ചിലവുകൾക്കുള്ള സഹായവും, അടിയന്തിര സഹായം അനുവദിക്കുന്നതിനുള്ള ചെയർമാൻ റിലീഫ് ഫണ്ടും ബോർഡിന്റെ ക്ഷേമ പദ്ധതികളാണ്. കായിക കലാ മത്സരങ്ങളിൽ ദേശീയ, അന്തർദേശീയ തലത്തിൽ മികവ് കാട്ടുന്നവർക്ക് പ്രത്യേക സഹായവും, എസ്.എസ്.എൽ.സി, +2 പരീക്ഷകളിൽ ഉന്നതവിജയം നേടിയവർക്കുള്ള ധനസഹായവും ബോർഡ് നൽകുന്നുണ്ട്.ഇതിനെല്ലാം പുറമേ ഫിഷറീസ് വകുപ്പിന് കീഴിൽ, മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് താമസിച്ച് പഠിക്കുവാൻ കഴിയുന്ന മേഖല സ്കൂളുകളും, വിദ്യാഭ്യാസ ആനുകൂല്യ പദ്ധതികളും, കലാ കായിക മത്സരങ്ങൾക്ക് പരിശീലനവും, പ്രത്യേക പരിശീലനം ആവശ്യമായ മെഡിക്കൽ, എഞ്ചിനീയറിംഗ്, യു.പി.എസ്.സി, സിവിൽ സർവ്വീസ് പരീക്ഷകൾക്ക് പരിശീലനവും, കരിയർ ഗൈഡൻസ്, പഞ്ഞ മാസങ്ങളിൽ 3000 രൂപ വരെ ധനസഹായവും മെഡിക്കൽ ക്യാമ്പുകളും തീരദേശത്തെ അടിസ്ഥാന സൗകര്യവികസനത്തിനായുള്ള പദ്ധതികളും നടപ്പാക്കുന്നു. കടൽ മത്സ്യബന്ധത്തിലേർപ്പെടുന്നവർക്ക്, ജീവൻരക്ഷാ ഉപകരണങ്ങളും, നാവിഗേഷൻ ഉപകരണങ്ങളും, യാനം, വല, എഞ്ചിൻ എന്നിവയും സബ്സിഡി നിരക്കിൽ അനുവദിക്കുന്നു. മത്സ്യഫെഡ് മുഖേന മത്സ്യത്തൊഴിലാളികൾക്കായി ഫിഷറീസ് വകുപ്പ് ധനസഹായത്താൽ നടപ്പാക്കുന്ന അപകട ഇൻഷ്വറൻസ് പദ്ധതി എല്ലാ അംഗങ്ങൾക്കും ലഭ്യമാണ്. മത്സ്യബന്ധനത്തിനിടയിൽ അപകട മരണത്തിനും അവശതക്കും 10 ലക്ഷം രൂപ വരെ ഇൻഷ്വറൻസ് ആനുകൂല്യം ലഭിക്കുന്ന ഈ പദ്ധതിയുടെ പ്രീമിയം തുക പൂർണ്ണമായും സർക്കാർ വഹിക്കുന്നു. പരമ്പരാഗത മത്സ്യബന്ധന യാനത്തിനും എഞ്ചിനുമുള്ള ഇൻഷ്വറൻസ് പദ്ധതിയിൽ പ്രീമിയം തുകയുടെ 90%വും സർക്കാർ ആണ് വഹിക്കുന്നത്. മണ്ണെണ്ണയുടെ ക്രമാതീതമായ വിലവർദ്ധനയും മതിയായ അളവിൽ ലഭിക്കാത്തതും, അന്തരീക്ഷ മലിനീകരണവും കണക്കിലെടുത്ത് മണ്ണെണ്ണ എഞ്ചിനുകൾ പെട്രോൾ, എൽ.പി.ജി എഞ്ചിനുകളാക്കി മാറ്റുന്നതിന് 50 ശതമാനം സബ്സിഡി അനുവദിക്കുന്ന പദ്ധതിക്കും വകുപ്പ് ധനസഹായം അനുവദിക്കുന്നുണ്ട്. ഇത്തരത്തിൽ മത്സ്യത്തൊഴിലാളികളുടെ ജീവസന്ധാരണ പ്രവർത്തനങ്ങൾക്ക് എന്നും മുൻഗണന നൽകി പദ്ധതികൾ ആവിഷ്കരിക്കുന്നതിലും അവ നടപ്പാക്കുന്നതിനും ക്ഷേമനിധി ബോർഡ് പ്രതിജ്ഞാബദ്ധമാണ്.

പുതിയ പദ്ധതികൾ രൂപീകരിച്ചും പഴയ പദ്ധതികൾക്കുള്ള ധനസഹായം വർദ്ധിപ്പിച്ചും ക്ഷേമനിധിയുടെ പ്രവർത്തനം കൂടുതൽ ആകർഷകമാക്കാനുള്ള നടപികളും സ്വീകരിച്ച് വരുന്നു.

തീരദേശം കേന്ദ്രീകരിച്ചു ,കൊണ്ട് മയക്കുമരുന്നിനും മദ്യാസക്തിക്കും എതിരെ 2024 ഫെബ്രുവരി 2 മുതൽ 11 വരെ തിരുവനന്തപുരം മുതൽ കാസർഗോഡ് വരെ നടത്തിയ മാജിക് ക്യാമ്പയിൻ മാതൃകാ പരിപാടിയായി മത്സ്യത്തൊഴിലാളികൾ സ്വീകരിക്കുകയുണ്ടായി.

# മത്സ്യ തൊഴിലാളികളെ സഹകാരികളാക്കി മത്സ്യഫെഡ്

ടി.മനോഹരൻ



കേരളത്തിന്റെ മത്സ്യ മേഖലയിൽ നിർണ്ണായക സ്വാധീനം ചെലുത്തുന്ന സഹകരണ പ്രസ്ഥാനമാണ് 1984ൽ സ്ഥാപിതമായ കേരള സംസ്ഥാന സഹകരണ ഫെഡറേഷൻ (മത്സ്യഫെഡ്). 700 പ്രാഥമിക സഹകരണ സംഘങ്ങൾ അംഗങ്ങളായ ഈ കേന്ദ്ര ഫെഡറേഷൻ, മത്സ്യ ഉൽപ്പാദനം, സംഭരണം, സംസ്കരണം, വിപണനം എന്നീ മേഖലകളിലുമുള്ള വളർച്ചയാണ് ലക്ഷ്യമിടുന്നത്. ഇതിനായി വായ്പ, സാങ്കേതിക വിദ്യകൾ, വിപണനം, ശേഷിവർദ്ധന എന്നീ നാലു ചക്രങ്ങളുള്ള ഒരു നയമാണ് സ്വീകരിച്ചിട്ടുള്ളത്.

## ദൗത്യം

കേരളത്തിലെ മത്സ്യ മേഖലയിൽ ഉൽപ്പാദനം, സംഭരണം, വിപണനം, സാങ്കേതിക മുന്നേറ്റം, ശേഷി വർദ്ധന എന്നിവയിലെ നേരിട്ടുള്ള ഇടപെടലുകളിലൂടെ പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ സാമൂഹിക സാമ്പത്തിക നിലവാരം മെച്ചപ്പെടുത്തുന്നതിനും സാംസ്കാരിക കാഴ്ചപ്പാട് വിപുലീകരിക്കുന്നതിനും അവരെ സഹായിക്കുക.
ദൗത്യം സാക്ഷാത്ക്കരിക്കുന്നതിനും കാഴ്ചപ്പാടുകൾ നിറവേറ്റുന്നതിനുമായി മത്സ്യ ഫെഡ് കഴിഞ്ഞ മൂന്നു പതിറ്റാണ്ടുകളായി നിരവധി പദ്ധതികൾ നടപ്പിലാക്കി കഴിഞ്ഞു. എന്നിരുന്നാലും ഇനിയും നാം ഏറെ മുന്നോട്ടു പോകാനുണ്ട്. മേഖലയിൽ ഇതിനോടകമുണ്ടായ പുരോഗതിയെ മത്സ്യതൊഴിലിടങ്ങളിലേക്കും മേഖലയിലെ ഇതര പ്രവർത്തനങ്ങൾക്കും പ്രയോജനപ്പെടുത്തി ആധുനികവത്ക്കരണവും അതിലൂടെ സാമ്പത്തിക ഉന്നമനവും ലക്ഷ്യമിടുന്നു.

## പ്രവർത്തനങ്ങൾ

- മത്സ്യത്തൊഴിലാളികൾക്ക് സഹകരണ സംഘങ്ങളുടെ ആവശ്യകത ശക്തമായി ബോദ്ധ്യപ്പെടുന്ന വിധത്തിൽ സഹകരണ സംവിധാനത്തെ ശാക്തീകരിക്കുക.
- മത്സ്യത്തൊഴിലാളികൾക്ക് തൊഴിൽ ഉപകരണങ്ങൾ സ്വന്തമാക്കുന്നതിനായി സമയബന്ധിതമായി ആവശ്യാനുസരണം പലിശരഹിത വായ്പ ലഭ്യമാക്കുക.
- മലിനീകരണമുണ്ടാക്കാത്ത, പ്രകൃതി സൗഹൃദമായ പെട്രോൾ, ഡീസൽ ഔട്ട് ബോർഡ് എഞ്ചിനുകൾ പോലെയുള്ള ഉപകരണങ്ങൾ പരിചയപ്പെടുത്തുകയും പ്രചരിപ്പിക്കുകയും ചെയ്യുക.
- മെച്ചപ്പെട്ട രീതിയിൽ രൂപകൽപ്പന ചെയ്യപ്പെട്ടവയും കൂടുതൽ കാര്യക്ഷമതയുള്ളവയുമായ മത്സ്യബന്ധന യാനങ്ങളിലൂടെ കടലിലെ സുരക്ഷ ഉറപ്പുവരുത്തുക.
- പ്രകൃതിയുമായി ഇണങ്ങുന്ന നിയന്ത്രണങ്ങൾ വഴി ഉൽപ്പാദനം വർദ്ധിപ്പിക്കുക.
- കാര്യക്ഷമത വർദ്ധിപ്പിക്കുകയും നേരിട്ടുള്ള വിപണനത്തിലൂടെ ആഭ്യന്തര മത്സ്യ വിപണനത്തിൽ മത്സ്യത്തൊഴിലാളികളുടെയും ഉപഭോക്താക്കളുടെയും താല്പര്യം സംരക്ഷിക്കുക.
- മേഖലയുടെ സമഗ്രമായ നവീകരണത്തിനായി കാര്യക്ഷമത വർദ്ധനവിനുള്ള സംരംഭങ്ങൾ തുടങ്ങുക.

413 സംഘങ്ങളാണ് മത്സ്യഫെഡിന്റെ വ്യാപാര വികസന പദ്ധതിയുമായി സഹകരിച്ച് പ്രവർത്തിക്കുന്നത്. മത്സ്യത്തിന്റെ ആദ്യവിൽപ്പനാവകാശം മത്സ്യത്തൊഴിലാളിക്കു തന്നെ എന്ന് ഉറപ്പു വരുത്തുന്നതിനായി, മത്സ്യഫെഡ്, പ്രാഥമിക സഹകരണ സംഘങ്ങൾ വഴി തീരദേശ മത്സ്യലേലം സംഘടിപ്പിച്ചു വരുന്നു. മത്സ്യത്തിന് മെച്ചപ്പെട്ട വില ഉറപ്പാക്കുന്നതിനോടൊപ്പം പ്രതിദിന വരുമാനത്തിൽ നിന്ന് വായ്പാ തിരിച്ചടവ് നടത്തുന്നതിനും ഇത് സഹായിക്കുന്നു. ഇത് മത്സ്യത്തൊഴിലാളിയുടെ സാമൂഹിക സാമ്പത്തിക നിലവാരം മെച്ചപ്പെടുത്തുന്നതിനും വിശ്വാസ്യത വർദ്ധിപ്പിക്കുന്നതിനും കാരണമാകുന്നു. നിലവിൽ 210 പ്രാഥമിക സഹകരണ സംഘങ്ങൾ മത്സ്യലേലം നടത്തി വരുന്നു. എല്ലാ തീരദേശ സഹകരണ സംഘങ്ങളിലേക്കും ഇത്തരത്തിൽ മത്സ്യലേലം വ്യാപിപ്പിക്കുകയും സംഘങ്ങളെ സ്വയം പര്യാപ്തതയിലേക്ക് എത്തിക്കുന്നതിനാണ് മത്സ്യഫെഡ് ലക്ഷ്യമിടുന്നത്.

മത്സ്യത്തൊഴിലാളികൾക്ക് ആവശ്യമായ വല നിർമ്മാണ ശാലകളും അനുബന്ധ സാമഗ്രികൾ വാങ്ങുവാൻ സാധ്യമായ തരത്തിൽ വ്യാസ സ്റ്റോറുകളും എഞ്ചിനുകളുടെ റിപ്പയറിംഗിന് ഒ.ബി.എം വർക്ക്ഷോപ്പുകൾ, മത്സ്യ വിവിപണന യൂണിറ്റുകളും, മത്സ്യ വിത്ത് ഉൽപ്പാദനത്തിന് ഹാച്ചറികളും, മേഖലയിലെ ടൂറിസം സാധ്യതകൾ പ്രയോജനപ്പെടുത്തുന്നതിന് ഫാം ടൂറിസവും അക്വാറിയങ്ങളും മത്സ്യഫെഡ് നടത്തുന്നു. കേരളത്തിലെ ആദ്യത്തെ വനാമി ഹാച്ചറി മത്സ്യ ഫെഡിന്റെ നേതൃത്വതത്തിൽ മാപ്പിള ബേയിലാണ് ആരംഭിച്ചത്. ഇതിനെല്ലാം പുറമേ മത്സ്യത്തൊഴിലാളികൾക്ക് മതിയായ അളവിൽ ഇന്ധനം ലഭ്യമാക്കുന്നതിന് തീരദേശത്ത് ഇന്ധന ബങ്കുകളും മത്സ്യഫെഡ് നടത്തുന്നു. ഉപഭോക്താകൾക്ക് ഗുണനിലവാരം ഉറപ്പാക്കിയ മത്സ്യം ന്യായമായ വിലക്ക് ലഭ്യമാക്കുന്ന മത്സ്യഫെഡിൻറെ ഫിഷ് മാർട്ടുകളും അന്തിപച്ച യൂണിറ്റുകളും ജനം ഏറ്റെടുത്ത പദ്ധതികളാണ്. സംസ്ഥാനത്താകെ 121 ഫിഷ് മാർട്ടുകളും 16 അന്തിപച്ച യൂണിറ്റുകളും പ്രവർത്തിച്ചുവരുന്നു.

മത്സ്യ വിപണന രംഗത്ത് ഇടനിലക്കാരെ ഒഴിവാക്കി മത്സ്യത്തൊഴിലാളികൾക്ക് അവർ പിടിച്ച് കൊണ്ട് വരുന്ന മത്സ്യത്തിന് ന്യായ വില ലഭ്യമാക്കുന്നതിനുമുള്ള പ്രവർത്തനങ്ങളും കേരള കഫേ മാതൃകയിൽ റസ്റ്റോറന്റുകൾ ആരംഭിക്കുന്നതിനും മത്സ്യഫെഡ് പദ്ധതികൾ ആവിഷ്കരിച്ചു കഴിഞ്ഞു.

# തീരദേശത്തിന്റെ സമഗ്രവികസനം യാഥാർത്ഥ്യമാക്കി തീരദേശ വികസന കോർപ്പറേഷൻ (KSCADC)




**പി.ഐ. ഷേക്ക് പരീത്**

കേരളത്തിന്റെ തീരദേശ മേഖലയുടെ സമഗ്ര പുരോഗതിയും സുസ്ഥിരമായ വികസനവും ലക്ഷ്യമിട്ടു കൊണ്ട് 1956ലെ കമ്പനി നിയമം അനുസരിച്ച് 2009 ലാണ് കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ ലിമിറ്റഡ് രൂപം കൊണ്ടത്. സംസ്ഥാന ബഡ്ജറ്റ് വിഹിതത്തിന് പുറമെ കേന്ദ്രസർക്കാർ, മറ്റു ദേശീയ ധനസഹായ സ്ഥാപനങ്ങൾ വഴിയും ഇതര സാമ്പത്തിക സ്രോതസ്സുകളിൽ നിന്നും ഫണ്ട് സ്വരൂപിച്ച് പദ്ധതികൾ കോർപ്പറേഷൻ കേരളമൊട്ടാക്കെ നടപ്പിലാക്കിവരുന്നു. ഇതിനകം 1000 കോടി രൂപയുടെ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്.

മത്സ്യബന്ധന അടിസ്ഥാന സൗകര്യങ്ങൾ, ആരോഗ്യ വിദ്യാഭ്യാസ സൗകര്യങ്ങൾ, ഭവന നിർമ്മാണം, മത്സ്യമാർക്കറ്റുകൾ. മത്സ്യ ഫാമുകൾ, ഹാച്ചറികൾ എന്നിവയുടെ വികസനത്തിനുള്ള വിവിധ പദ്ധതികൾ ഇവയിൽ പ്രധാനമാണ്. ഫിഷറീസ്, ഹാർബർ എഞ്ചിനിയറിംഗ് വകുപ്പുകളുടെ കിഫ്ബി ധനസഹായത്തോടു കൂടി നടപ്പിലാക്കുന്ന വിവിധ പദ്ധതികളുടെ സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ കൂടിയാണ് കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ.

വാണിജ്യാടിസ്ഥാനത്തിൽ മൂല്യവർദ്ധിത മത്സ്യ ഉൽപ്പന്നങ്ങളുടെ നിർമ്മാണ വിപണന രംഗത്തേയ്ക്കും കോർപ്പറേഷൻ കടന്നിട്ടുണ്ട്. ശുചിത്വമായ അന്തരീക്ഷത്തിൽ സോളാർ ഡ്രയറിൽ ഉണക്കിയെടുത്ത് ആധുനിക പാക്കേജിംഗ് സംവിധാനം ഉപയോഗിച്ച് പായ്ക്ക് ചെയ്ത ഉണക്ക മത്സ്യ ഉല്പന്നങ്ങൾ **'ഡ്രിഷ്‌കേരള'** എന്ന ബ്രാൻഡിൽ വിപണിയിലെത്തിക്കുന്നു. കൂടാതെ മത്സ്യം സംസ്ക്കരിച്ച് പുതുമ ഒട്ടും തന്നെ നഷ്ടപ്പെടാതെ വിതരണം ചെയ്യുന്നതുൾപ്പെടെയുള്ള നിരവധി സംരംഭക പ്രവർത്തനങ്ങളിലും നൂതനവും വിപ്ലവകരവുമായ പദ്ധതികളലൂടെ കോർപ്പറേഷൻ തുടക്കം കുറിച്ചിട്ടുണ്ട്.



## ഭൂരഹിത മത്സ്യത്തൊഴിലാളികൾക്ക് സ്വന്തമായി ഭവനം

മുഴുവൻ ഭവനരഹിതർക്കും വീട് നിർമ്മിച്ച് നൽകുന്നതിനും തൊഴിൽ ചെയ്തു ഉപജീവനം സാധ്യമാക്കുന്നതിനും സാമൂഹിക പ്രക്രിയകളിൽ മാന്യമായി ഭാഗഭാക്കാകുന്നതിനുമുള്ള സംവിധാനവും ഒരുക്കുകയെന്ന ഉദ്ദേശത്തോടെ സർക്കാർ വിവിധ പാർപ്പിട പുനരധിവാസ പദ്ധതികൾ ആവിഷ്ക്കരിച്ചു നടപ്പിലാക്കി വരുന്നു. ഇതിൽ പുനർഗേഹം പദ്ധതിയിൽ ഉൾപ്പെട്ട 975 വ്യക്തിഗത ഫ്ളാറ്റുകൾ കോർപ്പറേഷൻ മുഖേന നിർമ്മിക്കുന്നു.

## തീരദേശ വിദ്യാഭ്യാസാടിസ്ഥാന സൗകര്യ വികസനം

തീരദേശ മേഖലയുടെ സാമൂഹ്യ വികസനത്തിൽ വിദ്യാഭ്യാസത്തിന്റെ പ്രാധാന്യം കണക്കിലെടുത്ത് വിദ്യാലയങ്ങളുടെ പശ്ചാത്തല സൗകര്യ വികസനവും അതോടൊപ്പം തന്നെ സ്മാർട്ട് ക്ലാസ്സ് റൂമുകൾ, കളിസ്ഥലങ്ങൾ, വൃത്തിയുള്ള അടുക്കള, എന്നിവയുടെ നിർമ്മാണം, വിദ്യാർത്ഥിനികൾക്ക് സൈക്കിൾ, സ്പോർട്ട്സ് കിറ്റ് തുടങ്ങിയ പ്രവൃത്തികൾക്ക് പ്രഥമ പരിഗണന നൽകി നടപ്പിലാക്കി. ഫിഷറീസ് സ്കൂളുകളെ മികവിന്റെ കേന്ദ്രങ്ങളാക്കി വികസിപ്പിക്കുന്ന ബൃഹദ് പദ്ധതിയും ഇതിൽ ഉൾപ്പെടുന്നു.

1000 കോടി രൂപയുടെ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. മത്സ്യബന്ധന അടിസ്ഥാന സൗകര്യങ്ങൾ, ആരോഗ്യ വിദ്യാഭ്യാസ സൗകര്യങ്ങൾ, ഭവന നിർമ്മാണം, മത്സ്യമാർക്കറ്റുകൾ. മത്സ്യ ഫാമുകൾ, ഹാച്ചറികൾ എന്നിവയുടെ വികസനത്തിനുള്ള വിവിധ പദ്ധതികൾ ഇവയിൽ പ്രധാനമാണ്.



## തീരദേശ ആരോഗ്യാടിസ്ഥാന സൗകര്യ വികസനം

തീരദേശ മേഖലയുടെ സാമൂഹ്യ ആരോഗ്യ വികസനത്തിൽ ആരോഗ്യാടിസ്ഥാന സൗകര്യത്തിന്റെ പ്രാധാന്യം കണക്കിലെടുത്ത് ആശുപത്രികളിൽ ഡയാലിസിസ് സെന്ററുകൾ, തീരദേശത്തിലെ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകൾ, പബ്ലിക്ക് ഹെൽത്ത് സെന്ററുകൾ, സബ് സെന്ററുകൾ, തീരദേശ ആശുപത്രികൾ എന്നിവിടങ്ങളിൽ പശ്ചാത്തല സൗകര്യ വികസനം, മറ്റു ഭൗതിക സൗകര്യ വികസനങ്ങൾ തുടങ്ങിയ പ്രവൃത്തികളും ഏറ്റെടുത്ത് നടപ്പിലാക്കുന്നു.

## ആധുനിക ശുചിത്വ പൂർണ്ണമായ മത്സ്യമാർക്കറ്റുകളുടെ ശൃംഖല

സംസ്ഥാനത്തെ മത്സ്യവിപണനം ആകർഷകമാക്കി വിപുലീകരിക്കുക എന്ന് ആത്യന്തിക ലക്ഷ്യം സാക്ഷാത്കരിക്കുന്നതിന് കടലിൽ നിന്നും പിടിക്കുന്ന മത്സ്യം അതിന്റെ പുതുമയും ഗുണനിലവാരവും നിലനിർത്തി കൊണ്ട് ഉപഭോക്താവിന്റെ അടുക്കളയിൽ എത്തിക്കാനുതകുന്ന രീതിയിൽ ഒരു ശൃംഖല സംവിധാനം ഒരുക്കുന്നതിന്റെ ഭാഗമായി ആധുനിക മത്സ്യമാർക്കറ്റുകൾ സംസ്ഥാനത്തൊട്ടാകെ സ്ഥാപിച്ചു വരുന്നു. ഗുണമേന്മയും ശുചിത്വവുമുള്ള മത്സ്യം ഉപഭോക്താക്കൾക്ക് ലഭ്യമാക്കുക അതുവഴി മത്സ്യത്തൊഴിലാളികളുടെ വരുമാനത്തിൽ ആനുപാതികമായ വർദ്ധനവ് ഇതിലൂടെ സാധ്യമാകും.

## ഫാമുകളുടെയും ഹാച്ചറികളുടെയും വികസനം

ഉൾനാടൻ മത്സ്യകൃഷിയിൽ നിന്നുമുള്ള ഉത്പാദനം നിലവിലുള്ളതിൽ നിന്നും ഇരട്ടിയായി വർദ്ധിപ്പിക്കുക, മത്സ്യകർഷകർക്ക് ഗുണനിലവാരമുള്ള മത്സ്യവിത്തുകൾ ലഭ്യമാക്കുക എന്ന ലക്ഷ്യപ്രാപ്തിക്കായി സംസ്ഥാനത്തിലെ വിവിധ ഫിഷ് ഫാമുകൾ, ഹാച്ചറികൾ എന്നിവ ഇതിനോടകം തന്നെ പുനരുദ്ധരിച്ച് പ്രവർത്തന സജ്ജമാക്കി.

## തീരസംരക്ഷണ പ്രവൃത്തികൾ

590 കിലോമീറ്റർ ദൈർഘ്യമുള്ള കേരളതീരത്തിൽ 218 കിലോമീറ്ററോളം നിരന്തര കടലാക്രമണ നേരിടുന്ന പ്രദേശമാണ്. ഇതിൽ തന്നെ 55 കിലോമീറ്ററോളം തീരം അതിരൂക്ഷ കടലാക്രമണ ഭീഷണി നേരിടുന്നതും തിരുവനന്തപുരം ജില്ലയിലെ പൂന്തുറ വലിയതുറ പ്രദേശങ്ങൾ സംസ്ഥാനത്ത് തന്നെ ഏറ്റവും രൂക്ഷമായി കടൽക്ഷോഭം അനുഭവിച്ചു കൊണ്ടിരിക്കുന്ന പ്രദേശങ്ങളാണ്. പരമ്പരാഗത രീതിയിലുള്ള കടൽ ഭിത്തി നിർമ്മാണം കൊണ്ടു കടലാക്രമണത്തെ ശാശ്വതമായി ചെറുക്കാൻ കഴിയില്ല എന്ന് കണ്ടെത്തിയിട്ടുണ്ട്. നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓഷ്യൻ ടെക്നോളജിയും (NIOT), NCCR കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷനും ഒരു തീരസംരക്ഷണ പദ്ധതി രൂപകൽപ്പന ചെയ്തിട്ടുണ്ട്. 100 മീറ്റർ നീളത്തിൽ ഓഫ് ഷോർ ബ്രേക്ക് വാട്ടർ സ്ഥാപിച്ചു കഴിഞ്ഞു. ഈ പ്രദേശത്തു കടലാക്രമണം കുറയുകയും തന്മൂലം കരപ്രദേശം ആവിർഭവിക്കുകയും ചെയ്തിട്ടുണ്ട്.

## മത്സ്യബന്ധന തുറമുഖങ്ങൾ

മലപ്പുറം ജില്ലയിലെ പരപ്പനങ്ങാടിയിൽ പുതിയ മത്സ്യബന്ധന തുറമുഖം സ്ഥാപിക്കുന്നതിനായി 112.218 കോടി രൂപയുടെയും, ആലപ്പുഴ ജില്ലയിലെ ചെത്തിയിൽ മത്സ്യബന്ധന തുറമുഖം സ്ഥാപിക്കുന്നതിനായി 97.43 കോടി രൂപയുടെയും അംഗീകാരം കിഫ്ബിയിൽ നിന്നും ലഭ്യമായിട്ടുണ്ട്. പ്രസ്തുത പദ്ധതികളുടെ സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷനാണ്.

## തീരസമുദ്രത്തിലെ മത്സ്യ സമ്പത്ത് വർദ്ധിപ്പിക്കുന്നതിനായി കൃത്രിമ പാര് നിക്ഷേപിക്കൽ പദ്ധതി

തീരക്കടലിൽ മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്നതിനും സുസ്ഥിരമായി പരിപാലിക്കുന്നതിനും പരിസ്ഥിതി സൗഹൃദ മത്സ്യബന്ധന രീതികൾ പ്രോത്സാഹിപ്പിക്കുന്നതും ലക്ഷ്യമിട്ടുകൊണ്ട് ഫിഷറീസ് വകുപ്പ് 'കൃത്രിമപ്പാര് നിക്ഷേപിക്കൽ പദ്ധതി' നടപ്പിലാക്കി വരുന്നത്. കടലിന്റെ അടിത്തട്ടിൽ കൃത്രിമ ആവാസവ്യവസ്ഥ സൃഷ്ടിച്ച് മത്സ്യലഭ്യത വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി മത്സ്യഗ്രാമങ്ങളിലെ തീരക്കടലിൽ സിമന്റ് കോൺക്രീറ്റ് മോഡ്യൂളുകൾ സ്ഥാനനിർണ്ണയം നടത്തി മത്സ്യത്തൊഴിലാളികളുടെ സാന്നിദ്ധ്യത്തിൽ നിക്ഷേപിച്ചു വരുന്നു.

മത്സ്യത്തൊഴിലാളി സ്ത്രീകൾക്ക് തൊഴിലവസരവും ഉപഭോക്താക്കൾക്ക് ഗുണനിലവാരമുള്ള മൂല്യവർദ്ധിത മത്സ്യഉൽപ്പന്നങ്ങൾ ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെയും കൊല്ലം ശക്തികുളങ്ങരയിൽ നളപാകം എന്ന പേരിലുള്ള കോമൺ പ്രോസസ്സിംഗ് പ്ലാൻറ് പ്രവർത്തിച്ചുവരുന്നു. പ്രസ്തുത പ്ലാൻറിൽ നിന്നും 'ഡ്രിഷ് കേരള' എന്ന പേരിൽ ഗുണനിലവാരമുറപ്പാക്കിക്കൊണ്ട് ഉണക്കമത്സ്യവും, 'ഫിഷ് മെയ്ഡ്' എന്ന പേരിൽ മൂല്യവർദ്ധിത മത്സ്യ വിഭവങ്ങളും ഉൽപ്പാദിപ്പിച്ചു വിപണിയിൽ എത്തിച്ചു വരുന്നു. കാനഡ, ന്യൂസിലാൻറ്, ഓസ്ട്രേലിയ എന്നിവിടങ്ങളിലേക്കുള്ള കയറ്റുമതിക്ക് അനുമതി ലഭ്യമാക്കി കഴിഞ്ഞു.

## കൺസൾട്ടൻസി പ്രവർത്തനങ്ങൾ

തീരദേശ വികസന കോർപ്പറേഷൻ മുഖേന കേന്ദ്ര സംസ്ഥാന ബഡ്ജറ്റിൽ വകയിരുത്തുന്ന പദ്ധതികൾ നടപ്പിലാക്കുന്നതിന് പുറമെ വിവിധ വകുപ്പുകൾ, ഏജൻസികൾ, യൂണിവേഴ്സിറ്റികൾ എന്നിവരുടെ പദ്ധതികളും ഏറ്റെടുത്ത് വിജയകരമായി പൂർത്തീകരിച്ചു വരുന്നു. ഇതു കൂടാതെ ടൂറിസം വകുപ്പ്, വിദ്യാഭ്യാസ വകുപ്പ്, ബയോഡൈവേഴ്സിറ്റി ബോർഡ്, ഡി. റ്റി പി. സി, നാഷണൽ ഹെൽത്ത് മിഷൻ, കയർഫെഡ്, കാപ്പെക്സ്, എം എൽ എ ധനസഹായനിധിയിൽ നിന്നുള്ള പദ്ധതികൾ എന്നിവയും കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ ഏറ്റെടുത്ത് നടപ്പിലാക്കി വരുന്നു.



# കാലത്തിനൊപ്പം വർണ്ണാഭമായി കാവിൽ (KAVIL)

**മാജ ജോസ്. പി**

കേരളത്തിലെ അലങ്കാര മത്സ്യ മേഖലയുടെ അനന്തസാധ്യതകൾ കണക്കിലെടുത്ത് അലങ്കാരമത്സ്യ ഉത്പാദനം,ആഭ്യന്തര വിപണനം, കയറ്റുമതി എന്നിവ പ്രോത്സാഹിപ്പിച്ച് അലങ്കാരമായി അലങ്കാര മത്സ്യ മേഖലയ്ക്ക് പുത്തൻ ഉണർവ് ഏകുന്നതിലേക്കായി 2007 ൽ കേരള സർക്കാർ സ്ഥാപിച്ച കമ്പനിയാണ് കേരള അക്വാ വെഞ്ച്വേഴ്സ് ഇന്റർനാഷണൽ ലിമിറ്റഡ് (കാവിൽ). അലങ്കാര മത്സ്യ മേഖലയുടെ സമഗ്ര വികസനം മുൻനിർത്തി പ്രവർത്തിക്കുന്ന കാവിൽ ഇന്ത്യയിലെ തന്നെ ഇത്തരത്തിലുള്ള ആദ്യ സംരംഭമാണ്.

ആലുവ കിഴക്കേ കടുങ്ങല്ലൂരിൽ പ്രവർത്തിക്കുന്ന കാവിലിൽ 10000 ചതുരശ്ര അടി വിസ്തൃതിയിലുള്ള 6 Conditioning and Packing Units (CPU) ഒരുക്കിയിട്ടുണ്ട്. അലങ്കാര മത്സ്യ കർഷകരിൽ നിന്ന് മത്സ്യങ്ങൾ ശേഖരിച്ച് കണ്ടിഷൻ ചെയ്ത് കയറ്റുമതി ചെയ്യുക എന്ന ലക്ഷ്യത്തോടെയാണ് ഇവ നിർമ്മിച്ചിട്ടുള്ളത്. എന്നാൽ 2018 ലെ പ്രളയത്തിലും തുടർന്നുണ്ടായ കോവിഡ് വ്യാപനവും മൂലം കാവിലിന്റെ ബിസിനസ്സ് ആകെ തകിടം മറിയുകയും അലങ്കാര മത്സ്യവിപണനം കുറയുകയും ചെയ്തത് കമ്പനിയെ പ്രതികൂലമായി ബാധിച്ചു. കാവിലിന്റെ നേതൃത്വത്തിലുള്ള അലങ്കാരമത്സ്യകൃഷി തുടങ്ങുന്നതിനുള്ള വൈദഗ്ധ്യ പരിശീലനം, കർഷകർക്കുള്ള പരിശീലനം, അലങ്കാര ഫാമുകളിലെ ജല ഗുണനിലവാര പരിശോധന, അലങ്കാര മത്സ്യ രോഗനിർണയത്തിനും പ്രതിവിധിക്കും ഉള്ള ലബോറട്ടറി സംവിധാനം എന്നിങ്ങനെ വിവിധ പ്രവർത്തനങ്ങൾ നടന്നു വരുന്നു. കൂടാതെ അലങ്കാര മത്സ്യ സംരംഭകർക്ക് ബാങ്ക് ലോൺ ലഭ്യമാക്കുന്നതിനു വേണ്ടി പ്രൊജക്ട് റിപ്പോർട്ടുകൾ, മത്സ്യവിപണന ഉല്പാദന യൂണിറ്റുകൾ തുടങ്ങുന്നതിനുള്ള സാങ്കേതിക സഹായം എന്നിവയും കാവിൽ വഴി നൽകി വരുന്നു. ബ്രൂഡ് ബാങ്ക് ക്വാറന്റൈൻ യൂണിറ്റ്, അക്വേറിയം, സസ്യങ്ങൾ വളർത്തുന്ന യൂണിറ്റ് എന്നിവയും പ്രവർത്തിക്കുന്നുണ്ട്. ബ്രൂഡ് ബാങ്ക് വഴി മെച്ചപ്പെട്ടതും വിപണി മൂല്യമുള്ളതുമായ മത്സ്യങ്ങളെ വിദേശ രാജ്യങ്ങളിൽ നിന്ന് ഇറക്കുമതി ചെയ്ത് കർഷകർക്ക് നൽകി വരുന്നു.

## കാവിലിന്റെ പ്രവർത്തനങ്ങൾ

കാവിലിന്റെ കീഴിൽ 536 ഹോംസ്റ്റഡ് പ്രൊഡക്ഷൻ/ റെയറിംഗ് യൂണിറ്റ് സ്ഥാപിതമായിട്ടുണ്ട്. നിലവിൽ ആഭ്യന്തര വിപണിയിൽ കൂടുതൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നെങ്കിലും യൂറോപ്യൻ രാജ്യങ്ങൾ, മിഡിൽ ഈസ്റ്റ്, സിങ്കപ്പൂർ, മലേഷ്യ, യുഎസ്എ മുതലായ രാജ്യങ്ങളിലേയ്ക്കും കാവിൽ കയറ്റുമതി നടത്തുകയും ചെയ്തുവരുന്നു.





## ബയർ സെല്ലർ കോർണർ


കേരളത്തിലെ അലങ്കാരമത്സ്യ കർഷകർക്ക് ന്യായവിലയ്ക്ക് അലങ്കാര മത്സ്യങ്ങൾ വിൽക്കാനും അക്വേറിയം കടയുടമകൾക്കും അക്വേറിയം വിനോദത്തിലേർപ്പെട്ടിരിക്കുന്നവർക്കും മിതമായ നിരക്കിൽ ഉയർന്ന ഗുണനിലവാരമുള്ളതും രോഗവിമുക്തവുമായ മത്സ്യങ്ങളെ വാങ്ങാനുമായി കാവിലിൽ സർക്കാർ നിയന്ത്രണത്തിലുള്ള ഒരു പൊതു ഇടം ഒരുക്കുകയാണ് ബയർ സെല്ലർ കോർണർ. 26.02.2021 മുതൽ എല്ലാ തിങ്കളാഴ്ചയും കാവിലിൽ ബയർ സെല്ലർ കോർണർ സംഘടിപ്പിച്ചു വരുന്നു. നാളിതുവരെ 128 എണ്ണം ബയർ സെല്ലർ മീറ്റുകൾ നടത്തിയിട്ടുണ്ട്. ഇതുവഴി ആകെ 1.15 കോടി രൂപയുടെ മത്സ്യവിപണനം നടന്നിട്ടുണ്ട്.

## ഭാവി പരിപാടികൾ

- ബയർ സെല്ലർ കോർണർ മറ്റ് ജില്ലകളിലേക്കുള്ള വ്യാപനവും വിപുലീകരണവും
- വിവിധ സംസ്ഥാനങ്ങളിൽ നിന്നുള്ള അലങ്കാര മത്സ്യകൃഷിയിലും വ്യാപാരത്തിലും ഏർപ്പെട്ടരിക്കുന്ന കർഷകരെയും വ്യാപാരികളേയും അനുബന്ധ വ്യവസായികളേയും പങ്കെടുപ്പിച്ചുകൊണ്ടുള്ള ഒരു ബിസിനസ്സ് മീറ്റ് സംഘടിപ്പിക്കുന്നതു വഴി കേരളത്തിലന്റെ അലങ്കാര മത്സ്യവിപണിക്ക് പുത്തൻ അവസരങ്ങളും സാഹചര്യങ്ങളും സൃഷ്ടിക്കാൻ ലക്ഷ്യമിടുന്നു
- ഗുണമേൻമയുള്ള അലങ്കാര മത്സ്യങ്ങളെ കാവിൽ നേരിട്ട് ഇറക്കുമതി ചെയ്ത് കർഷകർക്ക് ലഭ്യമക്കുന്നതിന് ലക്ഷ്യമിടുന്നു.
- അലങ്കാരമത്സ്യകൃഷിയിൽ അന്താരാഷ്ട്ര ആഭ്യന്തര പിശീലന പരിപാടികൾ സംഘടിപ്പിക്കുന്നതിനും അലങ്കാര മത്സ്യകർഷകർക്ക് ആഗോള വിപണിയിൽ മുൻപന്തിയിൽ നിൽക്കുന്ന രാജ്യങ്ങൾ സന്ദർശിച്ച് അവിടത്തെ കൃഷി രീതി മനസ്സിലാക്കുന്നതിനും പരിചയപ്പെടുന്നതിനും അവസരം ഒരുക്കുക.
- കർഷകർക്കിടയിൽ അലങ്കാര മത്സ്യത്തിന്റെ ഭംഗി, ജനിതക ഗുണം, എന്നിവയുയർത്തി ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനു സഹായകരമായ മത്സരങ്ങൾ സംഘടിപ്പിക്കുക.
- മറൈൻ അലങ്കാര മത്സ്യത്തിന്റെ ഉല്പാദനത്തിനും വിതരണത്തിനും കർഷകരുടെ കൂടി പങ്കാളിത്തം ഉറപ്പാക്കിയുള്ള മുന്നേറ്റം.
- അലങ്കാര മത്സ്യത്തിന്റെ ഗുണനിലവാര സൂചിക തയ്യാറാക്കി പ്രസിദ്ധീകരിക്കും.


കേരളത്തിലെ അലങ്കാര മത്സ്യ മേഖലയ്ക്ക് വർണ്ണാഭമായ ഭാവി ഒരുക്കുന്നതിനായി ഇത്തരത്തിൽ കാവിൽ സദാ പ്രവർത്തന സജ്ജമാണ്.

# ഹാച്ചറികളും ഫാമുകളും ഉയർത്തെഴുന്നേൽപ്പിന്റെ പാതയിൽ





ശ്രീദിവ്യാ റാണി






സാധാരണക്കാർക്ക് മാംസ്യ സമ്പുഷ്ടമായ ആഹാരം ലഭ്യമാക്കുന്നതിൽ പ്രധാന പങ്ക് വഹിക്കുന്ന ഒന്നാണ് മത്സ്യം. മത്സ്യ ഉപഭോഗത്തിന്റെ കാര്യത്തിൽ ദേശീയ ശരാശരിയെക്കാൾ മൂന്ന് മടങ്ങ് ഉയർന്നതാണ് കേരളത്തിന്റെ ഉപഭോഗം. കേരളത്തിന്റെ വർദ്ധിച്ച മത്സ്യത്തിന്റെ ആവശ്യക്തയ്ക്ക് അനുസരിച്ച് മത്സ്യ ഉല്പാദനം നടത്തുവാൻ നമുക്ക് ഇതുവരെ കഴിഞ്ഞിട്ടില്ല. നൂതന സാങ്കേതിക വിദ്യകളുടെ സഹായത്താൽ ആകെ മത്സ്യോല്പാദനത്തിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ടെങ്കിലും വർദ്ധിച്ചു വരുന്ന മത്സ്യത്തിന്റെ ഉപഭോഗത്തെ പൂർണ്ണമായും പിൻതാങ്ങുവാൻ ഇനിയും മുന്നേറാനുണ്ട്. ആധുനിക സാങ്കേതിക വിദ്യകളുടെ സഹായത്താൽ സുസ്ഥിര മത്സ്യബന്ധന തോത് നിലനിർത്തി പ്രകൃത്യാൽ പിടിച്ചെടുക്കുവാൻ സാധിക്കുന്ന മത്സ്യത്തെ നിലവിൽ പിടിച്ചെടുക്കുന്നതും ആഗോള താപനവും കാലാവസ്ഥാ വ്യതിയാനവും പ്രകൃതിയിൽ മത്സ്യത്തിന്റെ അളവ് വർദ്ധനവിനെ പ്രതികൂലമായി ബാധിക്കുന്നതും മത്സ്യകൃഷിയിലൂടെയുള്ള മത്സ്യോല്പാദനത്തിന്റെ പ്രാധാന്യം വർദ്ധിപ്പിക്കുന്നു.

മത്സ്യ കൃഷിയ്ക്കാവശ്യമായ പ്രഥമവും പ്രധാനവുമായ ഘടകം ഗുണനിലവാരമുള്ള മത്സ്യകുഞ്ഞുങ്ങളുടെ ലഭ്യത തന്നെയാണ്. മുൻ കാലങ്ങളിൽ പ്രകൃതിയിൽ നിന്നും ശേഖരിക്കുന്ന മത്സ്യ കുഞ്ഞുങ്ങളെയാണ് കൃഷിയ്ക്കായി ഉപയോഗിച്ചിരുന്നത്. എന്നാൽ അപ്രകാരം ശേഖരിക്കുന്ന മത്സ്യകുഞ്ഞുങ്ങൾ കൃഷിയ്ക്കായി ഉപയോഗപ്പെടുത്തുമ്പോൾ അനവധി പ്രശ്നങ്ങൾ ഉണ്ടാകുന്നു. വിത്തുകളുടെ ഗുണനിലവാരം, ഒരേ വലിപ്പത്തിലുള്ള കുഞ്ഞുങ്ങളുടെ ലഭ്യതക്കുറവ്, രോഗബാധിതരായ കുഞ്ഞുങ്ങൾ എന്നിവ ഇവയിൽ ചിലത് മാത്രമാണ്. കൂടാതെ ജല കൃഷിയിൽ കേരളത്തിന് അനന്ത സാധ്യതകൾ ഉണ്ടെന്നും നൂതന സാങ്കേതിക വിദ്യകൾ പ്രയോജനപ്പെടുത്തി ലാഭകരമായി കൃഷി ചെയ്യാൻ സാധിക്കുമെന്ന തിരിച്ചറിവും ധാരാളം കർഷകരെ മത്സ്യ കൃഷിയിലേക്ക് ആകർഷിക്കുന്നതിന് കാരണമായിട്ടുണ്ട്. ഇത് മത്സ്യക്കുഞ്ഞുങ്ങൾക്കുള്ള ആവശ്യകത വർദ്ധിക്കുന്നതിന് കാരണമായി. ഈ ആവശ്യകത പരിഹരിക്കുന്നതിനുള്ള ഏക മാർഗ്ഗം മത്സ്യക്കുഞ്ഞുങ്ങളുടെ ഉല്പാദനത്തിന് ഹാച്ചറികളിൽ നവീകരണം സാധ്യമാക്കി ഉല്പാദനം വർദ്ധിപ്പിക്കുക എന്നത് മാത്രമാണ്. പരിമിതമായ അടിസ്ഥാന സൗകര്യങ്ങളോടു കൂടി വളരെ കുറവ് എണ്ണം കുഞ്ഞുങ്ങളെ മാത്രം ഉല്പാദിപ്പിച്ചിരുന്ന ഹാച്ചറികളിൽ നിന്നും ശതലക്ഷക്കണക്കിന് കുഞ്ഞുങ്ങളെ ഒരേ സമയം ഉല്പാദിപ്പിക്കാൻ ശേഷിയുള്ള വമ്പൻ ഹാച്ചറികൾ ഇന്ന് നിലവിൽ വന്നു. കേരളത്തിലെ വർദ്ധിച്ചു വരുന്ന മത്സ്യക്കുഞ്ഞുങ്ങളുടെ ആവശ്യത കണക്കിലെടുത്ത് മത്സ്യക്കുഞ്ഞുങ്ങളെ ലഭ്യമാക്കുന്നതിനായി സംസ്ഥാനത്തുടനീളം ഹാച്ചറികൾ സ്ഥാപിച്ച് ഉല്പാദനം നടത്തി വരുന്നു. കൂടാതെ കർഷക കൂട്ടായ്മകളും സ്വകാര്യ സംരംഭകർ വഴിയും ആവശ്യമായ നടപടികൾ സ്വീകരിച്ചത് ഈ മേഖലയ്ക്ക് ഒരു പുത്തൻ ഉണർവ്വാണ് നൽകിയിട്ടുള്ളത്.

സംസ്ഥാനത്ത് വിവിധ മത്സ്യകൃഷി പ്രവർത്തനങ്ങൾക്കായി പ്രതിവർഷം 12 കോടി മത്സ്യക്കുഞ്ഞുങ്ങളേയും 10 കോടി ചെമ്മീൻ കുഞ്ഞുങ്ങളേയും ആവശ്യമാണ്. സംസ്ഥാനത്ത് പൊതുമേഖല സംവിധാനത്തിന് കീഴിലുള്ള ചെമ്മീൻ ഹാച്ചറികളിലൂടെ നമുക്ക് ചെമ്മീൻ വിത്ത് ഉല്പാദനത്തിൽ ലക്ഷ്യം കൈവരിക്കാൻ കഴിയുമെങ്കിലും മത്സ്യ വിത്ത് ഉല്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കണമെങ്കിൽ ഇനിയും ഏറെ കടമ്പകൾ കടക്കേണ്ടതായുണ്ട്. മുൻ വർഷങ്ങളെ അപേക്ഷിച്ച് പൊതുമേഖല ഹാച്ചറികളിലെ മത്സ്യ വിത്ത് ഉല്പാദനത്തിൽ മെച്ചപ്പെടാൻ കഴിഞ്ഞിട്ടുണ്ടെങ്കിലും പൂർണ്ണശേഷി പ്രയോജനപ്പെടുത്തുവാൻ കഴിഞ്ഞിട്ടില്ല. അധികമായി ആവശ്യമായ മത്സ്യക്കുഞ്ഞുങ്ങൾക്ക് അയൽ സംസ്ഥാനങ്ങളെ ആശ്രയിക്കേണ്ട സ്ഥിതി ഇന്നും നിലനിൽക്കുന്നു. എന്നാൽ കൃഷിക്ക് ഉപയോഗിക്കുന്ന നാടൻ ഇനം മത്സ്യങ്ങളായ കരിമീൻ, വരാൽ, കല്ലേമുട്ടി, മഞ്ഞക്കൂരി, കാരി എന്നിവയുടെ കുഞ്ഞുങ്ങളെ പ്രാദേശികമായി കർഷകരുടെ നേതൃത്വത്തിൽ ഉല്പാദിപ്പിക്കുവാൻ കഴിഞ്ഞത് നാടൻ മത്സ്യക്കുഞ്ഞ് ഉല്പാദനത്തിലെ മാതൃകാ ഇടപെടലാണ്. 223 കർഷകരുടെ ഫാമുകൾ കേന്ദ്രീകരിച്ച് ആരംഭിച്ച പിന്നാമ്പുറത്തെ നാടൻ മത്സ്യ വിത്ത് ഉല്പാദന പദ്ധതിയിലൂടെ 97 ലക്ഷം കുഞ്ഞുങ്ങളെ ഉല്പാദിപ്പിച്ച് വിപണനം നടത്തുന്നതിന് ഇക്കാലയളവിൽ കഴിഞ്ഞിട്ടുണ്ട്.

സംസ്ഥാനത്ത് മത്സ്യവിത്തുല്പാദനത്തിൽ സ്വയം പര്യാപ്തത കൈവരിക്കുന്നതിനായി നെയ്യാർ, കുളത്തൂപ്പുഴ, വെസ്റ്റ് കല്ലട, പീച്ചി, തളിപ്പുഴ, കാരാപ്പുഴ എന്നിവിടങ്ങളിൽ പുതിയ കാർപ്പ് ഹാച്ചറികൾ സ്ഥാപിച്ചു. കൂടാതെ പോളച്ചിറ, കോട്ടയം പള്ളം, മീങ്കര, കല്ലനോട്, ഭൂതത്താൻകെട്ട് എന്നീ ഹാച്ചറികളിലെ അടിസ്ഥാന സൗകര്യം വികസിപ്പിച്ച് ഉല്പാദന ശേഷി വർദ്ധിപ്പിച്ചു. ഇതുവഴി പൊതുമേഖല ഹാച്ചറികളിൽ ഈ വർഷം 8.02 കോടി മത്സ്യ വിത്തുല്പാദനവും 4.56 കോടി ചെമ്മീൻ വിത്തുല്പാദനവും കൈവരിക്കാൻ സാധിച്ചിട്ടുണ്ട്. തിരുവനന്തപുരം ജില്ലയിലെ നെയ്യാറിലും പത്തനംതിട്ട ജില്ലയിലെ പന്നിവേലിച്ചിറയിലും 50 ലക്ഷം വീതം ഉല്പാദന ശേഷിയുള്ള ഓരോ ഗിഫ്റ്റ് ഹാച്ചറികൾ, തൃശ്ശൂർ ജില്ലയിലെ അഴിക്കോട് 10 ലക്ഷം ഉല്പാദന ശേഷിയുള്ള പൊമ്പാനോ ഹാച്ചറി എന്നിവ പ്രവർത്തിച്ച് വരുന്നു. തിരുവനന്തപുരം ജില്ലയിലെ ഓടയത്തും കണ്ണൂർ ജില്ലയിലെ പുതിയങ്ങാടി, മാപ്പിളബേ എന്നിവിടങ്ങളിൽ സമുദ്ര മത്സ്യഹാച്ചറികൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.




**സർക്കാർ ഹാച്ചറികളിലെ മത്സ്യവിത്ത് ഉല്പാദനം (ലക്ഷത്തിൽ)**

മത്സ്യവിത്തിന്റെ ഗുണമേന്മ പരിശോധിച്ച് ഉറപ്പുവരുത്തുകയും, ഹാച്ചറികളുടെയും ഫാമുകളുടെയും രജിസ്ട്രേഷൻ നടത്തുകയും ചെയ്യുക എന്ന ഉദ്ദേശ്യത്തോടെ കൊല്ലം ആസ്ഥാനമായി സംസ്ഥാന മത്സ്യവിത്ത് കേന്ദ്രം സ്ഥാപിച്ചിട്ടുണ്ട്. മത്സ്യ വിത്ത് കേന്ദ്രത്തിന്റെ ഇടപെടലുകളിലൂടെ ഹാച്ചറികൾക്കും ഫാമുകൾക്കും രജിസ്ട്രേഷനും ലൈസൻസും ഏർപ്പെടുത്തുകയും ആയതിലൂടെ മത്സ്യ വിത്തിന്റെ ഗുണനിലവാരം ഉറപ്പാക്കാൻ ഒരു പരിധിവരെ കഴിഞ്ഞിട്ടുമുണ്ട്. ഇതെല്ലാം കേരളത്തിന്റെ മത്സ്യ കൃഷി മേഖലയുടെ വളർച്ചയ്ക്ക് മുതൽക്കൂട്ടാകും എന്നതിൽ സംശയം വേണ്ട.



**പാർശ്വവൽക്കരിക്കപ്പെട്ട മത്സ്യത്തൊഴിലാളി സമൂഹത്തെ മുഖ്യധാരയിലേക്ക് കൊണ്ടുവരുന്നതിനുള്ള കേരള സർക്കാരിന്റെ മാതൃകാ പദ്ധതി**

# തീരത്ത് നിന്നു പ്രൊഫഷണലുകളെ വാർത്തെടുത്ത് വിദ്യാതീരം

**മനോജ് കെ ആർ**

കേരളത്തിന്റെ സാമ്പത്തിക സാമൂഹിക തൊഴിൽ മേഖലയിൽ ഏറ്റവും അധികം സംഭാവന നൽകുന്ന ഒരു പരമ്പരാഗത തൊഴിൽ മേഖലയാണ് മത്സ്യമേഖല. ലോകത്തിലെ തന്നെ ഏറ്റവും കഠിനമായ ഈ തൊഴിൽ മേഖലയിൽ കഠിനാധ്വാനം ചെയ്ത് രാജ്യത്തിന് വിദേശ നാണ്യം നേടിതരുന്ന മത്സ്യത്തൊഴിലാളികളുടെ സ്ഥിതി ഇതര സമൂഹവുമായി താരതമ്യം ചെയ്യുമ്പോൾ ആശാവഹമല്ല. കേരളത്തിൽ മത്സ്യത്തൊഴിലാളികളുടെ വാർഷിക ആളോഹരി വരുമാനം ഇതര പൊതുവിഭാഗവുമായി താരതമ്യം ചെയ്യുമ്പോൾ പകുതി മാത്രമാണെന്നുള്ളത് തന്നെ ഇതിന്റെ സൂചകമാണ്. ഒരു പക്ഷേ ഈ സാമ്പത്തിക അന്തരം തന്നെയാവാം മത്സ്യത്തൊഴിലാളി സമൂഹം പാർശ്വവത്കരിക്കപ്പെടുന്നതിനുള്ള മുഖ്യ കാരണവും. ഇത്തരത്തിൽ പാർശ്വവത്കരിക്കപ്പെടുന്ന സമൂഹത്തെ മുഖ്യധാരയിലേക്ക് ഉയർത്തിക്കൊണ്ട് വരുന്നതിന് അവരുടെ വിദ്യാഭ്യാസ സാംസ്ക്കാരിക മേഖലയിൽ മാറ്റം ഉണ്ടാകണം. വിദ്യ കൊണ്ട് പ്രബുദ്ധരാകുവാൻ ശ്രീനാരായണ ഗുരു നിർദ്ദേശിച്ചതിന്റെ അന്തസ്സത്തയും പാർശ്വവത്കൃത സമൂഹത്തെ മുഖ്യധാരയിലേയ്ക്ക് എത്തിക്കുക എന്ന സർക്കാരിന്റേയും വകുപ്പിന്റേയും പ്രഖ്യാപിത ലക്ഷ്യവുമാണ് വിദ്യാതീരം എന്ന പദ്ധതിയ്ക്ക് തുടക്കം കുറിച്ചത്.

കേരള സംസ്ഥാനം രൂപീകൃതമായതു മുതൽ മത്സ്യ മേഖലയിൽ വിദ്യാഭ്യാസം പ്രോത്സാഹിപ്പിക്കുന്നതിനായി വിദ്യാഭ്യാസ ആനുകൂല്യ പദ്ധതികളും മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് താമസിച്ച് പഠിക്കുവാൻ കഴിയുന്ന തരത്തിൽ സ്കൂളുകളും ആ സ്കൂളുകളിൽ മത്സ്യബന്ധനം ഒരു പഠന വിഷയമായി ഉൾപ്പെടുത്തുകയും ചെയ്തിരുന്നു. എന്നാൽ ഇതിൽ നിന്നെല്ലാം വ്യത്യസ്തമായി തീരദേശത്ത് നിന്നും പ്രൊഫഷണലുകളെ വാർത്തെടുക്കുക പ്രത്യേകിച്ച് 'ഡോക്ടർമാരെ' സൃഷ്ടിക്കുക എന്ന ഒറ്റലക്ഷ്യം നിറവേറ്റുന്നതിനാണ് വിദ്യാതീരം പദ്ധതി ആരംഭിച്ചത്. പദ്ധതിയിലൂടെ 12ാം തരം മികച്ച മാർക്കോടെ വിജയിച്ച മത്സ്യത്തൊഴിലാളികളുടെ മക്കളെ തെരഞ്ഞെടുത്ത് കേരളത്തിലെ മികച്ച മെഡിക്കൽ എൻട്രൻസ് കോച്ചിംഗ് സെന്ററിൽ താമസിപ്പിച്ച് ഒരു വർഷം നീണ്ടു നിൽക്കുന്ന പരിശീലനം നൽകുന്നതായിരുന്നു പദ്ധതി. പദ്ധതി പ്രകാരം ആദ്യ വർഷം പരീക്ഷയെ അഭിമുഖീകരിച്ച 11 പേർക്ക് എം.ബി.ബി.എസിന് അഡ്മിഷൻ ലഭിച്ചു എന്നത് വകുപ്പിനും തീരദേശ മേഖലയ്ക്കും ഏറെ സന്തോഷം നൽകുന്നതായിരുന്നു. ആദ്യ ബാച്ചിൽ 50 പേർക്കായിരുന്നു പരിശീലനം നൽകിയതെങ്കിൽ തുടർന്ന് മേഖലയിൽ നിന്നുള്ള ആവശ്യകത പരിഗണിച്ച് 100 വിദ്യാർത്ഥികൾക്ക് പ്രതിവർഷം പരിശീലനം നൽകി വരുന്നു.

കഴിഞ്ഞ 7 വർഷക്കാലയളവിലായി 533 പേർക്ക് പരിശീലനം നൽകുകയും 84 പേർക്ക് എം.ബി.ബി.എസ്. അഡ്മിഷനും 142 പേർക്ക് ഇതര പ്രൊഫഷണൽ കോഴ്സുകൾക്ക് അഡ്മിഷൻ നേടാനും കഴിഞ്ഞത് തീരദേശമേഖലയിൽ വലിയ മാറ്റമാണ് സൃഷ്ടിച്ചിട്ടുള്ളത്.

വിദ്യാഭ്യാസ ആനുകൂല്യങ്ങൾ യഥാസമയം അനുവദിക്കുന്നതിന് ഇ ഗ്രാന്റ്സ് സംവിധാനം ഏർപ്പെടുത്തിയതും, മാതാപിതാക്കൾ മരണമടഞ്ഞ മത്സ്യത്തൊഴിലാളികളുടെ മക്കളെ സർക്കാർ ദത്തെടുത്ത് പഠിപ്പിക്കുന്നതും, NIT/IIT പരിശീലനവും ബാങ്ക് പരീക്ഷ പരിശീലനവും, പി.എസ്.സി., സിവിൽ സർവ്വീസ് പരീക്ഷാ പരിശീലനവും വിദ്യാതീരം പദ്ധതിയുടെ ഭാഗമായി വകുപ്പ് നടപ്പാക്കി വരുന്നു.

വിദ്യാതീരം പദ്ധതിയിലൂടെ തീരദേശത്ത് 84 എം.ബി.ബി.എസ്. ഡോക്ടർമാരെയും 60 ഓളം ആയുർവേദ, ഹോമിയോ, ദന്ത ഡോക്ടർമാരെയും ചുരുങ്ങിയ കാലഘട്ടം കൊണ്ട് സൃഷ്ടിക്കാൻ കഴിഞ്ഞു. വിദ്യാതീരം പദ്ധതി പാർശ്വവത്കൃത സമൂഹത്തെ മുഖ്യധാരയിലേയ്ക്ക് കൊണ്ടു വരുന്നതിന് കേരള സർക്കാർ നടപ്പാക്കിയ മാതൃകാ പദ്ധതിയാണ്. തീരദേശത്ത് നിന്നും ഒരാൾക്കെങ്കിലും സിവിൽ സർവ്വീസ് പരീക്ഷ വിജയം ഉറപ്പാക്കുക എന്നതാണ് വിദ്യാതീരം പദ്ധതിയുടെ അടുത്ത ലക്ഷ്യം. സമീപ ഭാവിയിൽ തന്നെ ആയത് സാക്ഷാത്കരിക്കാൻ കഴിയും എന്ന് തന്നെയാണ് വകുപ്പിന്റെ വിശ്വാസവും.



# അലങ്കാര മത്സ്യ കൃഷിയിൽ കേരളത്തിന്റെ അനന്ത സാദ്ധ്യതകൾ

**ഡോ. ജൂഡിൻ ചാക്കോ**

ലോകപ്രചാരം നേടിയ ഒരു ഹോബിയാണ് അലങ്കാര മത്സ്യ പരിപാലനം. മനസ്സിന് കുളിർമയും ആനന്ദദായകവുമായ അലങ്കാര മത്സ്യ പരിപാലനം ഒരു ഹോബി എന്നതിലുപരി നിരവധി തൊഴിലവസരങ്ങൾ തുറന്നു വയ്ക്കുന്ന ഒരു മേഖലയുമാണ്. അലങ്കാര മത്സ്യത്തിന്റെ പ്രധാന ഉപഭോക്താക്കൾ മത്സ്യ താത്പര്യഭരിതർ (Enthusiast), ഹോബ്ബിയിസ്റ്റുകൾ, കുട്ടികൾ എന്നിവരാണ്. ഷോപ്പിംഗ് മാളുകൾ, റിസോർട്ടുകൾ, ഹോട്ടലുകൾ, ഓഫീസുകൾ തുടങ്ങിയവയിലെല്ലാം അക്വേറിയങ്ങൾ സജീവമാണ്. കൂടാതെ പാർക്കുകൾ, വിനോദ സഞ്ചാര കേന്ദ്രങ്ങള് തുടങ്ങിയവയൊക്കെ പബ്ലിക് അക്വേറിയങ്ങളുടെ വലിയ സാധ്യതകളാണ് മുന്നോട്ട് വയ്ക്കുന്നത്. ആഗോളതലത്തിൽ അലങ്കാര മത്സ്യങ്ങൾ ഏറ്റവും അധികം ഉത്പാദിപ്പിച്ചു വിപണനം നടത്തുന്നത് ജപ്പാൻ, ഇന്തോനേഷ്യ, തായ്‌ലൻഡ്, സിംഗപ്പൂർ, ചൈന, ഇസ്രായേൽ എന്നി രാജ്യങ്ങളാണ്. അയ്യായിരത്തിലധികം വർണ്ണാഭമായ മത്സ്യ ഇനങ്ങൾ അലങ്കാരത്തിനും വിനോദത്തിനുമായി ലോകമെമ്പാടും വളർത്തി വരുന്നു. ഉഷ്ണ മേഖലയിൽ കാണപ്പെടുന്ന ശുദ്ധ ജല മത്സ്യ ഇനങ്ങൾ ആണ് വ്യാപകമായും കൃഷി ചെയ്യപ്പെടുന്നത്. ഗപ്പി, ഗോൾഡ് ഫിഷ്, കോയി കാർപ്, ഫൈറ്റർ, ഏഞ്ചൽ, ടെട്രാ മുതലായ മത്സ്യങ്ങളാണ് കൃഷി ചെയ്യപ്പെടുന്ന പ്രധാന ഇനങ്ങൾ. അതുപോലെ തന്നെ സമുദ്ര ജല മത്സ്യങ്ങളായ ക്ലൗൺ, ഡാംസെൽ, പാരറ്റ് ഫിഷ്, റാസ്സ്, സർജൻ, ബ്ലഡ് ഷ്രിമ്പ്, ബട്ടർഫ്‌ളൈ മത്സ്യങ്ങൾക്കും വിപണിയിൽ ആവശ്യക്കാർ ഏറെ ആണ്. അഞ്ചു രൂപ മുതൽ ലക്ഷങ്ങൾ വരെ വില മതിക്കുന്ന മത്സ്യങ്ങൾ വിപണിയിൽ ഉണ്ട്. ഇവയുടെ പ്രജനനവും, വളർത്തലും, വിപണനവും തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിന് പുറമെ മികച്ച ആദായം ഉളവാക്കുന്നതാണ്.

ആഗോള വിപണിയിൽ കിടപിടിക്കത്തക്ക ഗുണനിലവാരം ഉള്ള കൃഷിയിൽ ഉത്പാദിപ്പിച്ച മത്സ്യങ്ങളെയും പ്രകൃതിയിൽ നിന്നു ശേഖരിച്ച മത്സ്യങ്ങളെയും ഇന്ത്യയിൽ നിന്നും കയറ്റുമതി ചെയ്യാറുണ്ട്. തമിഴ്നാട്, വെസ്റ്റ് ബംഗാൾ, മഹാരാഷ്ട്ര എന്നീ സംസ്ഥാനങ്ങളാണ് അലങ്കാര മത്സ്യം ഉത്പാദനത്തിനും വിപണനം നടത്തുന്നതിലും രാജ്യത്ത് മുൻപന്തിയിൽ നിൽക്കുന്നത്.

കേരളം അലങ്കാര മത്സ്യ ഉത്പാദനത്തിന് അനുയോജ്യമായ സാഹചര്യം ഉള്ള സ്ഥലമാണ്. പ്രധാനമായും ഉഷ്ണമേഖലാ കാലാവസ്ഥയും, ശുദ്ധജലത്തിന്റെ സ്രോതസ്സുകളും ഉള്ളതിനാൽ വിപണിയിൽ ആവശ്യമുള്ള വിവിധ തരം മത്സ്യങ്ങളെ കൃഷി ചെയ്യുവാൻ സാധിക്കും. അതുപോലെ തന്നെ ദീർഘമായ തീരപ്രദേശമുള്ളതിനാൽ സമുദ്ര ജല അലങ്കാര മത്സ്യങ്ങളും ഉത്പാദനം നടത്തുവാൻ സാധിക്കുന്നതാണ്. എന്നിരുന്നാലും കേരളത്തിന്റെ വിപണിയിലേക്ക് പ്രധാനമായും തമിഴ്നാട്, വെസ്റ്റ് ബംഗാൾ എന്നിവടങ്ങളിൽ നിന്നുള്ള മത്സ്യങ്ങൾ ആണ് എത്തുന്നത്. മറ്റു സംസ്ഥാനങ്ങളിൽ നിന്ന് കേരളത്തിലേക്ക് ഇറക്കുമതി ചെയ്യുന്ന അലങ്കാര മത്സ്യങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ കേരളത്തിൽ ഉത്പാദിപ്പിച്ച അലങ്കാര മത്സ്യങ്ങൾക്കു വില അല്പം കൂടുതലാണെങ്കിലും ഗുണമേന്മയും ആരോഗ്യവുമുണ്ടെന്നതിനാൽ കേരളത്തിലെ അലങ്കാര മത്സ്യങ്ങൾക്കുള്ള സ്വീകാര്യത വർദ്ധിപ്പിക്കുന്നത്. കേരളത്തിന്റെ തദ്ദേശീയ മത്സ്യ ഇനങ്ങളായ മിസ് കേരള അഥവാ ഡെനിസോണി ബാർബ് പോലെയുള്ള വിവിധ തരം പരൽ, പള്ളത്തി, കരിമീൻ, പഫർ, ലോച്ചുകൾ, ഗാര, മഞ്ഞകൂരി, വരാൽ ഇനങ്ങളെയും അലങ്കാര മത്സ്യങ്ങളായി ഉപയോഗിക്കുന്നു. കയറ്റുമതിയിലൂടെ വിദേശ നാണ്യം നേടാനും കൃഷിയിലൂടെ ആഭ്യന്തര വിപണിക്ക് ആവശ്യമായ മത്സ്യങ്ങൾ ഉത്പാദിപ്പിക്കാനും തൊഴിലവസരം സൃഷ്ടിക്കാനും അലങ്കാര മത്സ്യ കൃഷിയെ ഒരു ഉപാധിയായി സർക്കാർ കണക്കാക്കുന്നു.





യൂണിവേഴ്സിറ്റികൾ, ഗവേഷണ സ്ഥാപനങ്ങൾ വിവിധ ഇനം തദ്ദേശ മത്സ്യങ്ങളെ ഉത്പാദിപ്പിക്കുന്നതിനുള്ള സാങ്കേതിക വിദ്യ വികസിപ്പിച്ചു കർഷകർക്ക് ലഭ്യമാക്കിയിട്ടുണ്ട്. അതോടൊപ്പം സമുദ്ര ജല അലങ്കാര മത്സ്യങ്ങളെ കൃഷി ചെയ്യുന്ന വിദ്യകൾ സി. എം. എഫ്. ആർ. ഐ. വികസിപ്പിച്ച് കർഷകർക്ക് ലഭ്യമാക്കുന്നുണ്ട്. കൃഷിക്ക് അടിസ്ഥാനമായി വേണ്ട വിവരങ്ങൾ നൽകുവാൻ ഫിഷറീസ് വകുപ്പ് മുഖേന ജില്ലാതലത്തിൽ നിരവധി പരിശീലന പരിപാടികളും നടത്തുന്നു.

കേരളത്തിലെ അലങ്കാര മത്സ്യ കൃഷി അതിന്റെ സാമ്പത്തിക ശേഷിയും വർദ്ധിച്ചു വരുന്ന ആവശ്യവും കാരണം സമീപ വർഷങ്ങളിൽ പ്രാധാന്യം നേടിയിട്ടുണ്ട്. സമൃദ്ധമായ ജലസ്രോതസ്സുകളും അനുകൂല കാലാവസ്ഥയുമുള്ള കേരളം അലങ്കാര മത്സ്യകൃഷിയുടെ വികസനത്തിന് അനുയോജ്യമാണ്. വിവിധതരം ശുദ്ധജല, കടൽ മത്സ്യങ്ങൾ ഉൾപ്പെടെയുള്ള സംസ്ഥാനത്തിന്റെ സമ്പന്നമായ ജൈവവൈവിധ്യം, അലങ്കാര മത്സ്യ വ്യാപാരത്തിന് ശക്തമായ അടിത്തറ നൽകുന്നതോടൊപ്പം സംസ്ഥാനത്തിന്റെ സമ്പദ് വ്യവസ്ഥയിലേക്ക് സംഭാവന നൽകാനും തൊഴിലവസരങ്ങൾ ലഭ്യമാക്കുവാനും കഴിവുണ്ട്. തദ്ദേശീയ മത്സ്യങ്ങളുടെ പ്രകൃതിയിൽ നിന്നുള്ള ശേഖരണം മൂലമുള്ള സമ്മർദം കുറയ്ക്കുന്നതിനുള്ള സംരക്ഷണ ശ്രമങ്ങളിൽ ക്യാപ്റ്റീവ് ബ്രീഡിംഗും സുസ്ഥിര കൃഷിരീതികളും നിർണായക പങ്ക് വഹിക്കുന്നു.

കേരളത്തിൽ അലങ്കാര മത്സ്യകൃഷി വിസ്തൃതി വർദ്ധിച്ചു വരുന്നതായാണ് പഠനങ്ങൾ തെളിയിക്കുന്നത്. കൃഷിയിലൂടെ ഒരു വർഷം ശരാശരി ഒന്നര ലക്ഷം മുതൽ നാലു ലക്ഷം രൂപ വരെ കർഷകർ സമ്പാദിക്കുന്നു. രണ്ടു മാസം മുതൽ നാലു മാസത്തിനുള്ളിൽ വിളവെടുക്കാം എന്നതാണ് അലങ്കാര മത്സ്യക്കൃഷിയുടെ മറ്റൊരു പ്രാധാന്യം. ഹോബിയായി ആരംഭിച്ച പലരും ഇന്ന് അലങ്കാര മത്സ്യ ഉത്പാദനത്തിലും വിപണനത്തിലും ശോഭിച്ചതും നാം കണ്ടു.

അലങ്കാരമത്സ്യമേഖലയുടെ വികസനത്തിനായി സംസ്ഥാന സർക്കാർ ചുമതലപ്പെടുത്തിയ നോഡൽ ഏജൻസിയാണ് ആലുവ കേന്ദ്രീകരിച്ചു പ്രവർത്തിക്കുന്ന കാവിൽ എന്ന അക്വാ വെഞ്ചേഴ്സ് ഇൻറ്റർ നാഷണൽ ലിമിറ്റഡ്. ഈ സ്ഥാപനം അലങ്കാര മത്സ്യ കൃഷി വർദ്ധിപ്പിക്കുകയും വിപണനം ഉറപ്പുവരുത്തുകയും കയറ്റുമതി സാധ്യത വർദ്ധിപ്പിക്കാനുള്ള നടപടികൾ കൈക്കൊള്ളുകയും ചെയ്യുന്നു. പത്തനംതിട്ട ജില്ലയിൽ പന്നിവേലിച്ചിറ ഫിഷറീസ് കോംപ്ലക്സും, കോട്ടയം ജില്ലയില് പള്ളം ഫിഷ് സീഡ് ഫാമും, നെയ്യാർ ഡാമിൽ നാഷണൽ സെന്റർ ഫോർ ഓർണമെന്റൽ ഫിഷറീസും ശുദ്ധജല അലങ്കാര മത്സ്യോല്പാദന കേന്ദ്രങ്ങളായി പ്രവർത്തിക്കുന്നുണ്ട്.

കഴിഞ്ഞ പതിറ്റാണ്ടിൽ കേരളത്തിലെ അലങ്കാര മത്സ്യ കൃഷി രീതിക്കും വിപണിക്കും വലിയ രീതിയിലുള്ള മാറ്റങ്ങൾ ഉണ്ടായിട്ടുണ്ട്. സർക്കാർ തലത്തിൽ സാമ്പത്തിക സഹായത്തോടെ ചെറുതും വലുതുമായ ഉത്പാദന കേന്ദ്രങ്ങൾ, ബ്രൂഡ് സ്റ്റോക്ക് ബാങ്കുകൾ എന്നിവ കഴിഞ്ഞ വർഷങ്ങളിൽ ആരംഭിച്ചിട്ടുണ്ട്. ഇറക്കുമതി ചെയ്ത മെച്ചപ്പെട്ട ഗുണനിലവാരം ഉള്ള വിവിധ ഇനത്തിലെ ബ്രൂഡർ മത്സ്യങ്ങൾ കർഷകർക്ക് ലഭ്യമായിട്ടുണ്ട്. സിംഗപ്പൂർ, മലേഷ്യ പോലെയുള്ള വിദേശ രാജ്യങ്ങളിൽ നടത്തപെടുന്ന ഗുണനിലവാര (ഭംഗി, ജനതിക ഗുണം) മത്സരങ്ങളിൽ കേരളത്തിലെ ഹോബ്ബിയ്സ്റ്റുകൾ പങ്കെടുക്കുയും വിജയിക്കുകയും ചെയ്തിട്ടുണ്ട്. മികച്ച മത്സ്യങ്ങളെ കണ്ടെത്തുന്നതിന് കേരളത്തിലും ഗപ്പി, ഫൈറ്റർ എന്നീ ഇനങ്ങളിൽ പ്രദർശന മത്സരങ്ങൾ കഴിഞ്ഞ വർഷങ്ങളിൽ നടത്തപ്പെട്ടിട്ടുണ്ട്.



വിവിധ ഇനങ്ങളെ ഗുണമേന്മ നിലനിർത്താനും, പുതിയ തരങ്ങളെ ഉത്പാദിപ്പിക്കാനും തയ്യാറായി കേരളത്തിന്റെ പല ഭാഗങ്ങളിലും സ്ട്രെയിൻ ഡെവലപ്പർമാർ മുന്നിട്ട് ഇറങ്ങിയിട്ടുണ്ട്. കൃഷിയിൽ ജനിതക ഗുണങ്ങളെ പറ്റിയുള്ള അറിവ് ഉപയോഗിച്ച് ഉത്പാദനം നടത്തുന്ന കർഷകരും സെമി ഇന്റെൻസീവ് ആയും ഇന്റെൻസീവ് ആയും കൃഷി ചെയ്തു ഉത്പാദനം നടത്തുന്നവരും ഉണ്ട്.

പുതിയ സ്ട്രെയിൻ ഉത്പാദിപ്പിക്കുന്നവർ, ബ്രീഡർമാർ, കർഷകർ, മൊത്ത വിതരണക്കാർ കൂടാതെ സർക്കാർ സ്ഥാപനങ്ങളായ കാവിൽ, ഗവേഷണ സ്ഥാപനങ്ങൾ എന്നിവയുടെ ഏകോപനത്തിലൂടെ കേരളത്തിന്റെ അലങ്കാര മത്സ്യ വ്യവസായത്തിനും വിപണനത്തിനും അനന്ത സാധ്യതകളാണ്.

## സാധ്യതകൾ

അലങ്കാര മത്സ്യങ്ങളുടെ ഉത്പാദനം, വിപണനം, കയറ്റുമതി എന്നിവ വരുമാനം വർദ്ധിപ്പിക്കുന്നതിനും സാമ്പത്തിക വളർച്ചയ്ക്കും സംഭാവന നൽകുന്നു. കൂടാതെ, മത്സ്യ തീറ്റ ഉത്പാദനം, ഉപകരണ വിതരണം, അക്വാകൾച്ചർ ടെക്നോളജി സേവനങ്ങൾ എന്നീ അനുബന്ധ ബിസിനസുകളെയും പരിപോഷിപ്പിക്കുന്നു. മത്സ്യപ്രജനനം, ഫാം മാനേജ്മെന്റ് മുതൽ ട്രേഡ് ലോജിസ്റ്റിക്സും വിപണനവും വരെയുള്ള മേഖലകളിൽ അനവധി തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനാൽ വിദഗ്ദ്ധരായ പ്രൊഫഷണലുകൾക്കും സംരംഭകർക്കും വൈവിധ്യമാർന്ന അവസരങ്ങൾ വാഗ്ദാനം ചെയ്യുന്നു. ഇത് സ്ഥായിയായ വരുമാന സമ്പാദനത്തിനും ജീവിത സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും സഹായകമാകുന്നു.

## വെല്ലുവിളികൾ

കേരളത്തിലെ അലങ്കാര മത്സ്യ കൃഷി അതിവേഗം സംരംഭക പ്രീതി നേടിയെങ്കിലും സുസ്ഥിരമായ വളർച്ചയ്ക്കായി വെല്ലുവിളികളും അഭിമുഖീകരിക്കുന്നുണ്ട്. ഈ വെല്ലുവിളികളിൽ രോഗ നിയന്ത്രണം, ഗുണനിലവാര നിയന്ത്രണം, വിപണിയിലെ ഏറ്റക്കുറച്ചിലുകൾ, നിയന്ത്രണങ്ങൾ പാലിക്കൽ എന്നിവ ഉൾപ്പെടുന്നു. അലങ്കാര മത്സ്യകൃഷിയുടെ സാധ്യതകൾ പരമാവധി വർദ്ധിപ്പിക്കുന്നതിന്, ഗവേഷണത്തിലും വിജ്ഞാന വ്യാപനത്തിലും വ്യവസായ സഹകരണത്തിലും കൂടുതൽ ശ്രദ്ധ കേന്ദ്രീകരിക്കേണ്ടതുണ്ട്. കൂടാതെ, കേരളത്തിലെ അലങ്കാര മത്സ്യ കൃഷിയുടെ വികാസത്തിന് പരിസ്ഥിതി സുസ്ഥിരതയും ധാർമ്മികതയിലൂന്നിയ കൃഷി രീതികളും അനിവാര്യമാണ്.

പ്രകൃതി വിഭവങ്ങളുടെ ലഭ്യത, തൊഴിൽ വൈദഗ്ധ്യം, നൂതന സാങ്കേതിക സംവിധാനങ്ങൾ, രാജ്യാന്തര തലത്തിൽ നേടിയ ശ്രദ്ധ എന്നിവ പ്രയോജനപ്പെടുത്തുന്നതിലൂടെ കേരളത്തിന് ആഗോള അലങ്കാര മത്സ്യ വിപണന മേഖലയിൽ ഒരു പ്രമുഖ സ്ഥാനം ഉറപ്പാക്കാനാകും. വിത്ത് ഉല്പാദനം, കൃഷി, വിപണനം, കയറ്റുമതി എന്നിവ ഉൾപ്പെടുന്ന അലങ്കാര മത്സ്യകൃഷിയുടെ മുഴുവൻ സാധ്യതകളും സാക്ഷാത്കരിക്കുന്നതിൽ സുസ്ഥിരമായ സമ്പ്രദായങ്ങൾ സ്വീകരിക്കുന്നതും വ്യവസായ വെല്ലുവിളികളെ അഭിമുഖീകരിക്കുന്നതും കേരളത്തിന് നിർണായകമാകും.



# സുസ്ഥിര മത്സ്യസമ്പത്ത് അപകടരഹിത മത്സ്യബന്ധനം

എം. താജുദീൻ

നമ്മുടെ രാജ്യത്തിന്റെ സമ്പദ്ഘടനയുടെ വളർച്ചയ്ക്ക് ഗണ്യമായ പങ്ക് വഹിക്കുന്നവരാണ് കേരളത്തിലെ മത്സ്യത്തൊഴിലാളികൾ. മറ്റ് മേഖലയിലെ തൊഴിലുമായി താരതമ്യപ്പെടുത്തുമ്പോൾ മത്സ്യബന്ധനം വളരെ അപകടകരവും, തൊഴിലാളികളുടെ മരണനിരക്ക് പല മടങ്ങ് കൂടുതലുമാണ്. കേരളത്തിൽ പ്രതിവർഷം ശരാശരി നാൽപതോളം മത്സ്യത്തൊഴിലാളികൾ മത്സ്യബന്ധനത്തിനിടെ കടലിൽ അപകടത്തിൽപ്പെട്ട് മരണപ്പെടുന്നുണ്ടെന്നാണ് കണക്ക്. എത്ര നന്നായി നീന്താൻ കഴിയുന്ന ആളാണെങ്കിൽ പോലും ഒരു അപകടത്തിൽപ്പെട്ട് മണിക്കൂറുകളോളം കടലിൽ മുങ്ങിക്കിടക്കേണ്ടി വന്നാൽ ശരീര ഊഷ്മാവ് സാധാരണ നിലയിൽ നിന്നും താഴാനും പിന്നീട് ഹൈപോതെർമിയ കാരണം മരണം വരെ സംഭവിക്കാനും സാധ്യതയുണ്ട്. എന്നിരുന്നാലും പ്രതികൂലമായ കാലവസ്ഥയെ വെല്ലുവിളിച്ചും അതിജീവിച്ചും മത്സ്യബന്ധനം നടത്തി ഉപജീവനം കണ്ടെത്തുന്ന മത്സ്യത്തൊഴിലാളികളുടെ സുരക്ഷ ഉറപ്പുവരുത്തുക എന്നത് മത്സ്യബന്ധന യാന ഉടമയുടെയും യാനങ്ങളിൽ പണിയെടുക്കുന്ന എല്ലാവരുടെയും തീരദേശ ജനതയുടേയും കൂടി ഉത്തരവാദിത്വമാണ്. ഉചിതമായ സുരക്ഷാ മാർഗ്ഗങ്ങൾ സ്വീകരിക്കുന്നതിലൂടെ മത്സ്യത്തൊഴിലാളികളുടെ ജീവനും, മത്സ്യബന്ധന യാനത്തിനും സുരക്ഷ ഉറപ്പാക്കുന്നതിനു പുറമെ മത്സ്യബന്ധനത്തിനിടെ കടലിൽ വെച്ച് സംഭവിക്കുന്ന ഗുരുതരമായ അപകടങ്ങൾ ഒരു പരിധിവരെ തടയുന്നതിനും കഴിയും. മത്സ്യത്തൊഴിലാളികളുടെ സുരക്ഷ ഉറപ്പു വരുത്തുന്നതിനും അതോടൊപ്പം അപകടരഹിത മത്സ്യബന്ധനം പ്രോത്സാഹിപ്പിക്കുന്നതിനും നാം മുന്തിയ പരിഗണന നൽകുകയും ആയതിൽ മത്സ്യത്തൊഴിലാളികളുടെ കൂടി പങ്കാളിത്തം ഉറപ്പാക്കുകയും വേണം. മത്സ്യത്തൊഴിലാളി യുവതയുടെ പ്രാതിനിധ്യത്തോടെയുള്ള കടൽ രക്ഷാ സ്ക്വാഡുകൾ ഇത്തരത്തിലുള്ള ആദ്യ കാൽവയ്പ് ആണ്. പരമാവധി ഹാർബറുകളിൽ ഇവരുടെ സേവനം ലഭ്യമാക്കി വരുന്നു.

## ജീവൻ രക്ഷാ ഉപകരണങ്ങൾ

### ലൈഫ് ജാക്കറ്റ്

- യാനത്തിൽ പണിയെടുക്കുന്ന എല്ലാ മത്സ്യത്തൊഴിലാളികൾക്കും അംഗീകൃത തരത്തിലുള്ള ലൈഫ് ജാക്കറ്റ് ഉണ്ടായിരിക്കണം.
- മത്സ്യബന്ധനത്തിൽ ഏർപ്പെടുമ്പോൾ നിർബന്ധമായും ലൈഫ് ജാക്കറ്റ് ധരിച്ചിരിക്കണം.
- ലൈഫ് ജാക്കറ്റ് ധരിച്ചിരിക്കുന്ന ആൾ കടലിൽ വീണാൽ രക്ഷപ്പെടാനുള്ള സാധ്യത വളരെ കൂടുതലാണ്.
- യാനത്തിൽ എളുപ്പത്തിൽ എടുക്കാവുന്ന സ്ഥലത്തായിരിക്കണം ലൈഫ് ജാക്കറ്റ് സൂക്ഷിക്കേണ്ടത്.

### ലൈഫ് ബോയ്

- കടലിൽ വീണ ആളെ രക്ഷിക്കുന്നതിനായി യാനത്തിൽ ലൈഫ്ബോയ് (ജീവൻ രക്ഷാ വളയം) ഉണ്ടായിരിക്കണം. സ്വയം പ്രകാശിക്കുന്ന വിളക്ക് അല്ലെങ്കിൽ പൊങ്ങികിടക്കുന്ന സുരക്ഷാ കയർ ഘടിപ്പിച്ചിരിക്കുന്ന ലൈഫ്ബോയ് യാനത്തിൽ തയ്യാറാക്കി വെയ്ക്കണം.

### റഡാർ റിഫ്ളക്ടർ

- കപ്പലുകൾക്ക് വളരെ ദൂരെ നിന്നും മത്സ്യബന്ധന യാനങ്ങളുടെ സ്ഥാനം അറിയുന്നതിനും അപകടം ഒഴിവാക്കുന്നതിനും സാധിക്കും.

### ഫസ്റ്റ് എയ്ഡ് കിറ്റ്

- കടലിൽവെച്ചുള്ള അപകടത്തിൽ അടിയന്തിര വൈദ്യ സഹായത്തിന്

### ഫയർ എസ്റ്റിൻഗ്യുഷർ

- തീപിടുത്ത സാധ്യത മുന്നിൽ കണ്ടുള്ള കരുതലാണിത്.

## നാവിഗേഷൻ ഉപകരണങ്ങൾ

### ഗ്ലോബൽ പൊസിഷനിംഗ് സിസ്റ്റം (ജി.പി.എസ്)

ഭൂമിയിൽ എവിടെ നിന്നും ഏതു സമയത്തും ഏത് കാലാവസ്ഥയിലും സ്ഥാനവും സമയവും നിർണ്ണയിക്കാനുള്ള നാവിഗേഷൻ സംവിധാനത്തെയാണ് 'ജി.പി.എസ്' എന്ന് വിശേഷിപ്പിക്കുന്നത്. ഇതിന്റെ പ്രവർത്തനം സാധ്യമാകുന്നത് പ്രധാനമായും സാറ്റ്ലൈറ്റുകളുടെയും അവയുടെ നിരീക്ഷണത്തിനും നിയന്ത്രണത്തിനുമുള്ള ഭൗമ കേന്ദ്രങ്ങളുടെയും സഹായത്താലാണ്. ജി.പി.എസ് യാനങ്ങളിൽ ഉപയോഗിക്കുകയാണെങ്കിൽ കടലിൽ യാനത്തിന്റെ സ്ഥാനം അറിയുക, മത്സ്യബന്ധനത്തിന് അനുയോജ്യമായ സ്ഥലങ്ങളിൽ കൃത്യതയോടും വേഗത്തിലും എത്തിച്ചേരുക, കടലിലെ സഞ്ചാരം എളുപ്പമാക്കൽ, കടൽ രക്ഷാപ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുക എന്നിങ്ങനെ നേട്ടങ്ങൾ ധാരാളം.

### വി.എച്ച്.എഫ് മറൈൻ റേഡിയോ

മത്സ്യബന്ധന യാനങ്ങളിൽ ഉപയോഗിക്കുന്ന പ്രധാനപ്പെട്ട കമ്മ്യൂണിക്കേഷൻ ഉപകരണമാണിത്. കരയിൽ നിന്ന് യാനങ്ങളിലേക്കും, യാനങ്ങൾ പരസ്പരവും വിവരങ്ങൾ കൈമാറുന്നത് VHF വഴിയാണ്. കടൽ രക്ഷാപ്രവർത്തനങ്ങൾ സുഗമമാക്കുന്നതിൽ VHF ന്റെ ഉപയോഗം വിലപ്പെട്ടതാണ്. അപകടമോ ദുരന്തമോ ഉണ്ടാവുമ്പോൾ രക്ഷാപ്രവർത്തനത്തിന് Channel16 ലൂടെ വിവരങ്ങൾ കൈമാറേണ്ടതാണ്. VHF ലൂടെ വിവരങ്ങൾ കൈമാറുന്നത് വഴി യാനങ്ങൾ തമ്മിലുള്ള കൂട്ടിയിടി ഒഴിവാക്കുവാനും സാധിക്കും.

### ഓട്ടോമാറ്റിക് ഐഡന്റിഫിക്കേഷൻ സിസ്റ്റം (എ ഐ എസ്)

മത്സ്യബന്ധനത്തിലേർപ്പെടുന്ന എല്ലാ യന്ത്രവൽകൃത യാനങ്ങളിലും ഓട്ടോമാറ്റിക്ക് ഐഡന്റിഫിക്കേഷൻ സിസ്റ്റം നിർബന്ധമായും ഘടിപ്പിക്കേണ്ടതാണ്. യാനങ്ങളുടെ സ്ഥാനം, ഗതി, വേഗത എന്നിവ അറിയുവാൻ ഇതുമൂലം സാധിക്കുന്നു. AIS ഘടിപ്പിച്ച ചുറ്റുമുള്ള യാനങ്ങളെ Display യിൽ കാണുന്നതിനാൽ യാനങ്ങൾ തമ്മിലുള്ള കൂട്ടിമുട്ടൽ ഒഴിവാകുന്നു. ഇത് നാവിഗേഷന് സഹായിക്കുന്നതിനൊപ്പം കടൽ രക്ഷാപ്രവർത്തനം കൂടുതൽ സുഗമമാക്കുന്നു.












### ഡിസ്ട്രസ് അലർട്ട് ട്രാൻസ്മിറ്റർ (DAT)

ആഴക്കടൽ മത്സ്യബന്ധനത്തിലേർപ്പെടുന്നവർക്ക് ഉപയോഗിക്കാവുന്ന രക്ഷാ ഉപകരണമാണിത്. ഇതിൽ ഘടിപ്പിച്ചിട്ടുള്ള അപകട മുന്നറിയിപ്പുകൾ നൽകാൻ കഴിയുന്ന ബട്ടണുകൾ (എഞ്ചിൻ ട്രബിൾ, വൈദ്യസഹായം, തീപിടുത്തം, തൊഴിലാളി കടലിൽ വീഴുമ്പോൾ തുടങ്ങിയവ) ആവശ്യാനുസരണം അമർത്തിയാൽ ടി മുന്നറിയിപ്പ് കോസ്റ്റ് ഗാർഡിന്റേയും ഫിഷറീസ് വകുപ്പിന്റേയും കൺട്രോൾ റൂമുകളിൽ ഉടൻ ലഭ്യമാകുന്നതിനാൽ അതിവേഗം രക്ഷാ പ്രവർത്തനം സാധ്യമാവുകയും ചെയ്യും.

### അഗ്നിശമന ഉപകരണങ്ങൾ

അഗ്നിശമന ഉപകരണങ്ങളായ ഫയർ എക്സ്റ്റിൻഗിഷർ, മണൽ നിറച്ച തൊട്ടി എന്നിവ പെട്ടെന്ന് എടുക്കാവുന്ന സ്ഥലത്ത് വെക്കുകയും അവ എവിടെയാണ് വെച്ചിരിക്കുന്നത് എന്നും, എങ്ങിനെയാണ് ഉപയോഗിക്കേണ്ടതെന്നും ബോട്ടിലുള്ള എല്ലാ ജീവനക്കാർക്കും അറിവ് നൽകുകയും അവ നിശ്ചിത ഇടവേളകളിൽ പരിശോധിക്കുകയും, സർവ്വീസ് ചെയ്യേണ്ടതുമാണ്. പെട്ടെന്നുണ്ടാകുന്ന തീ പിടുത്തം ശമിപ്പിക്കുവാൻ ഇത് സഹായകരമാകും

### മത്സ്യബന്ധന യാനങ്ങളിൽ ഉപയോഗിക്കുന്ന വിളക്കുകൾ (ലൈറ്റുകൾ)

മത്സ്യബന്ധനത്തിൽ ഏർപ്പെടുന്ന യാനം കടലിലൂടെ സഞ്ചരിക്കുമ്പോഴോ രാത്രി മുഴുവനും നങ്കൂരമിട്ട് നിശ്ചലമായി കിടക്കുമ്പോഴോ വലയിടുമ്പോഴോ ചട്ട പ്രകാരമുള്ള വിളക്കുകൾ പ്രകാശിപ്പിക്കേണ്ടതാണ്.

**പായ്മര കൊടിമര വിളക്ക്** (Mast Head Light)

ബോട്ടിന്റെ അണിയവും അമരവും ബന്ധിപ്പിച്ച് മധ്യഭാഗത്തുകൂടി പോകുന്ന നേർരേഖക്കുമുകളിൽ വെച്ചിട്ടുള്ളതും ബോട്ടിന്റെ മുൻപിൽ നിന്നും വശങ്ങളിൽ തുലത്തിന്റെ 22.5 ഡിഗ്രി പിറകിൽ വരെയുള്ള വൃത്തഭാഗത്തേക്ക് തുടർച്ചയായി വെള്ള വെളിച്ചം കാണിക്കുന്ന തരത്തിൽ സ്ഥാപിച്ചിട്ടുള്ള ലൈറ്റ് കുറഞ്ഞത് ഹള്ളിൽ നിന്നും 6 മീറ്റർ ഉയരത്തിൽ സ്ഥാപിക്കണം

**പാർശ്വ വിളക്കുകൾ** (Side Lights)

ബോട്ടിന്റെ വലതു വശം (Star Board Side) പച്ച ലൈറ്റും ഇടതു വശം (Port Side) ചുവന്ന ലൈറ്റും ആണ് നൽകുന്നത്.

ഈ ലൈറ്റുകൾ ഇരുവശത്തേക്കും തുടർച്ചയായി വെളിച്ചം പ്രകാശിപ്പിക്കേണ്ടതാണ്. ഇതിന്റെ വെളിച്ചം അണിയം മുതൽ തുലാത്തിന്റെ 22.5 ഡിഗ്രി പിറകിൽ വരെ ലഭിക്കുന്നു. ബോട്ടിന്റെ നീളം 20 മീറ്ററിൽ താഴെ ആണെങ്കിൽ രണ്ട് സൈഡ് ലൈറ്റുകളും ഒരുമിച്ചാക്കിയ സംയുക്ത വിളക്ക് മധ്യത്തിലൂടെയുള്ള അണിയത്തു നിന്നും അമരത്തേക്കുള്ള നേർ രേഖക്കു മുകളിൽ സ്ഥാപിച്ചിരിക്കണം.

**പിൻ വിളക്ക്** (Stern Light)

ബോട്ടിന്റെ പിന്നറ്റത്ത് മധ്യഭാഗത്തായി നേരെ പിറകിൽ നിന്നും ഇരുവശത്തും 67.5 ഡിഗിയിൽ കാണത്തക്കവിധം അമരത്തിന്റെ കഴിയുന്നത്ര അഗ്രത്ത് സ്ഥാപിക്കുന്നു.

**ചുറ്റും കാണുന്ന വിളക്ക്** (All Round White Light)

ആങ്കർ ചെയുന്ന സമയത്ത് പ്രദർശിപ്പിച്ചിരിക്കുന്നതും, ചക്രവാള വൃത്താംശത്തിനു അനുസരിച്ച് 360 ഡിഗ്രിക്ക് സമാനമായ സ്ഥലത്ത് തുടർച്ചയായി പ്രകാശം ലഭ്യമാക്കുന്ന ലൈറ്റാണിത്.

**കെട്ടി വലിക്കുന്നതിനുള്ള വിളക്ക്** (Towing Light)

കേടായ ബോട്ട് ടഗ്ഗ് ചെയ്ത് കൊണ്ടുവരുമ്പോൾ പ്രദർശിപ്പിച്ചിരിക്കണം. 2 മാസ്റ്റ് ഹെഡ് ലൈറ്റുകൾ കൂടി ഇതിനോടൊപ്പം പ്രദർശിപ്പിച്ചിരിക്കണം.
സുരക്ഷിതമായി ജോലി ചെയ്യുന്നതിനാവശ്യമായ വെളിച്ചം യാനത്തിന്റെ എല്ലാ ഭാഗത്തും ഉണ്ടായിരിക്കണം.

### ജീവൻ രക്ഷയ്ക്കും സുരക്ഷിതമായ മത്സ്യബന്ധനത്തിനും ഒപ്പം കൂട്ടേണ്ടവ

- ആവശ്യത്തിനുള്ള കുടിവെള്ളം
- ആവശ്യത്തിനുള്ള ഭക്ഷണം
- ടോർച്ച്, അധിക ബൾബ്, ബാറ്ററി
- ലോഹകണ്ണാടി – അപകടത്തിൽപ്പെട്ടാൽ പ്രകാശ സിഗ്നൽ നൽകുന്നതിനായി
- ടൂൾ കിറ്റ് – കടലിൽ വെച്ച് യാനത്തിനുണ്ടാകുന്ന കേടുപാടുകൾ അടിയന്തിരമായി പരിഹരിച്ച് തിരിച്ച് കരയിലെത്തുവാൻ സഹായകരമാണ്.
- ജാക്ക് നൈഫ്
- അധിക ഇന്ധനം – രക്ഷാ പ്രവർത്തനത്തിന് കൂടുതൽ ദിവസം എടുക്കുന്ന സാഹചര്യത്തിൽ കടലിൽ പെട്ടുപോയാൽ ഉപയോഗിക്കുന്നതിനായി.
- അപകട മുന്നറിയിപ്പുകൾ അടങ്ങിയ ചാർട്ട്



# മത്സ്യബന്ധന സാമൂഹിക സാമ്പത്തിക സെൻസസ് 2023

ശിവലാൽ. എം

ഒരോ പത്തു വർഷത്തിലൊരിക്കലും ഫിഷറീസ് വകുപ്പ് മത്സ്യത്തൊഴിലാളികളുടെ സാമൂഹിക സാമ്പത്തിക വിവരശേഖരണ റിപ്പോർട്ട് പ്രസിദ്ധീകരിക്കാറുണ്ട്. എന്നാൽ ഇതുവരെയുള്ള റിപ്പോർട്ടിൽ നിന്നും വ്യത്യസ്തമായി 2023 വർഷം വിശദമായ സെൻസസ് ആണ് വിഭാവനം ചെയ്തിട്ടുള്ളത്. മത്സ്യബന്ധന സാമൂഹിക സാമ്പത്തിക സെൻസസ് 2023 ജിയോഗ്രാഫിക് ഇൻഫർമേഷൻ സിസ്റ്റം (ജിഐഎസ്) അടിസ്ഥാനമാക്കിയുള്ളതാണ്. ജിയോഗ്രാഫിക് ഇൻഫർമേഷൻ സിസ്റ്റം (ജിഐഎസ്) എന്നത് സ്പേഷ്യൽ റഫറൻസ് (spatially referenced) ചെയ്ത ഡാറ്റയുമായി പ്രവർത്തിക്കാൻ രൂപകൽപ്പന ചെയ്ത കമ്പ്യൂട്ടർ അധിഷ്ഠിത വിവര സംവിധാനമാണ്. മികവുറ്റ ദൃശ്യവൽക്കരണവും ഭൂമിശാസ്ത്രപരമായ വിശകലന കഴിവുകളും മറ്റ് വിവര സംവിധാനങ്ങളിൽ നിന്ന് GIS-നെ വേർതിരിക്കുന്നു വിവിധ പദ്ധതികൾ വിശദീകരിക്കുന്നതിനും ഫലങ്ങൾ പ്രവചിക്കുന്നതിനും ആസൂത്രണം ചെയ്യുന്നതിനും ഇത് വളരെ അധികം സഹായിക്കുന്നു.

മത്സ്യത്തൊഴിലാളികളുടെ അടിസ്ഥാന വിവരങ്ങളായ ജനസംഖ്യ, സാമ്പത്തിക സ്ഥിതി, തൊഴിൽ വിശദാംശങ്ങൾ, ആരോഗ്യം, അസുഖം, വിദ്യാഭ്യാസം, പാർപ്പിട സ്ഥിതി, ആസ്തികൾ, അടിസ്ഥാന സൗകര്യവിവരങ്ങൾ, മുതലായവ ശേഖരിക്കുക എന്നതാണ് സെൻസസിന്റെ ലക്ഷ്യം. ഈ വിശദാംശങ്ങൾ ഫിഷറീസ് ഇൻഫർമേഷൻ മാനേജ്മെൻറ് സിസ്റ്റം (FIMS) ലെ ഡാറ്റാബേസിൽ അപ്‌ലോഡ് ചെയ്യുന്നത് മൂലം മത്സ്യത്തൊഴിലാളികളുടെ വിവിധ തരം സാമൂഹികസാമ്പത്തിക സൂചകങ്ങൾ ലഭിക്കുന്നു. കേരളത്തിലെ മറൈൻ മേഖലയിലെയും ഉൾനാടൻ മേഖലയിലെയും അനുബന്ധ തൊഴിലാളികളും പെൻഷൻകാരും ഉൾപ്പെടെയുള്ള എല്ലാ മത്സ്യത്തൊഴിലാളി കുടുംബങ്ങളിൽ നിന്നും വിവരങ്ങൾ ശേഖരിക്കാനാണ് സാമൂഹിക സാമ്പത്തിക സെൻസസ് ലക്ഷ്യമിടുന്നത്.

മത്സ്യത്തൊഴിലാളി കുടുംബങ്ങളുടെ പ്രാഥമിക ലിസ്റ്റ് FIMS ൽ ലഭ്യമാണ്. ഈ ലിസ്റ്റ് സെൻസസിന്റെ ഫ്രെയിമായി എടുക്കും.

സെൻസസിന് ഫിഷറീസ് വകുപ്പിന്റെ സാഗര മിത്രയുടെയും അക്വാകൾച്ചർ പ്രൊമോട്ടർമാരുടെയും സേവനമാണ് ഉപയോഗിക്കുന്നത്.

ഫിഷറീസ് വില്ലേജുകളുടെ ചുമതലയുള്ള ഉദ്യോഗസ്ഥരും ജില്ലാ ഓഫീസർമാരും ഇവ അവലോകനം ചെയ്യും.

സാമൂഹിക സാമ്പത്തിക സെൻസസ് 2022 - 23 മറൈൻ മേഖലയിലും ഉൾനാടൻ മേഖലയിലും നടത്താൻ നിർദ്ദേശിക്കപ്പെട്ടിരിക്കുന്നു. അതിനാൽ കേരളത്തിലെ എല്ലാ മത്സ്യത്തൊഴിലാളി കുടുംബങ്ങളെയും ഈ സെൻസസിൽ ഉൾപ്പെടുത്തും.

FIMS-ൽ രജിസ്റ്റർ ചെയ്യാത്ത കുടുംബങ്ങളുടെയും ഡാറ്റ ശേഖരിക്കും. ആ കുടുംബത്തെയും സെൻസസ് ഫ്രെയിമിൽ ഉൾപ്പെടുത്തുകയും അങ്ങനെ ശേഖരിക്കുന്ന ഡാറ്റ FIMS-ൽ അപ്‌ലോഡ് ചെയ്യുകയും ചെയ്യും.

സാഗരമിത്ര/ അക്വാകൾച്ചർ പ്രൊമോട്ടർ വീടുതോറുമുള്ള സന്ദർശനം നടത്തി ശേഖരിക്കുന്ന വിവരങ്ങൾ ഡയറക്ടറേറ്റിലെ സ്റ്റാറ്റിസ്റ്റിക്കൽ സ്റ്റാഫിന്റെ സഹായത്തോടെ ഫിഷറീസ് വില്ലേജിലെ ചാർജ് ഓഫീസർമാർ ഫിഷറീസ് വില്ലേജ് തലത്തിൽ മുഴുവൻ ഫോർമാറ്റുകളുടെയും സൂക്ഷ്മപരിശോധന നടത്തും.

സെൻസസ് വിവരങ്ങൾ നേരിട്ട് സ്റ്റേറ്റ് ഡാറ്റാ സെന്ററിൽ (എസ്ഡിസി) ശേഖരിക്കുന്നതിനും സംഭരിക്കുന്നതിനുമായി ഒരു മൊബൈൽ സെൻസസ് ആപ്ലിക്കേഷൻ വികസിപ്പിച്ചെടുത്തിട്ടുണ്ട്. അതിനാൽ ഡാറ്റാ ശേഖരണം മുതൽ FIMS ഡാറ്റാബേസുമായുള്ള സംയോജനം വരെ ഡാറ്റ സുരക്ഷ ഉറപ്പാക്കും. ഡാറ്റാ ദൃശ്യവൽക്കരണത്തിനും ഡാഷ്ബോർഡ് ഉപയോഗിച്ചുള്ള വിശകലനത്തിനുമുള്ള ജിഐഎസ് അടിസ്ഥാനമാക്കിയുള്ള വെബ് പ്രവർത്തനക്ഷമമാക്കിയ അസറ്റ് മാനേജ്മെന്റ് സിസ്റ്റം വികസിപ്പിച്ചെടുക്കും.

മൊബൈൽ ആപ്ലിക്കേഷൻ ഉപയോഗിച്ച് ഡാറ്റ ശേഖരിക്കുകയും പരിശോധിച്ചുറപ്പിക്കുകയും ചെയ്തുകഴിഞ്ഞാൽ, അത് ഡാറ്റ മൂല്യനിർണ്ണയ പ്രക്രിയയ്ക്ക് വിധേയമാകണം. മൂല്യനിർണ്ണയത്തിന് ശേഷം, ജിഐഎസ് പ്രാപ്തമാക്കിയ വെബ് പോർട്ടലിലേക്ക് ഡാറ്റ പ്രസിദ്ധീകരിക്കും, അതിൽ നിന്ന് ഉപഭോക്താവിന് ഡാറ്റ ആക്സസ് ചെയ്യാനും സ്പേഷ്യൽ (spatial) വിശകലനം നടത്താനും ആവശ്യമുള്ളപ്പോൾ റിപ്പോർട്ടുകൾ സൃഷ്ടിക്കാനും കഴിയും.

നിലവിൽ എല്ലാ ജില്ലകളിലും ഫീൽഡ് തല ഡാറ്റാ ശേഖരണം നടന്നു വരുന്നു. സെൻസസിന്റെ അന്തിമ റിപ്പോർട്ട് മെയ് മാസത്തോടെ പ്രസിദ്ധീകരിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.



# പായലേറും ജലാശയങ്ങൾ മത്സ്യ സമൃദ്ധിയിലേക്ക്.

**ഡോ. നീത സൂസൻ ഡേവിഡ്**

44 നദികളും ഒട്ടനവധി ജലസംഭരണികളും സമൃദ്ധമായി പെയ്യുന്ന മഴയും കൊണ്ട് ജലസമൃദ്ധമാണ് നമ്മുടെ കൊച്ചു കേരളം. ഈ ജലസമൃദ്ധിയിലൂന്നിയതാണ് നമ്മുടെ മത്സ്യ സമൃദ്ധിയും. എന്നാൽ സ്വാതന്ത്ര്യാനന്തര ഭാരതത്തിൽ വൈദ്യുതിക്കും ജലസേചനത്തിനുമായി നദികൾക്ക് കുറുകെ അണക്കെട്ടുകൾ നിർമ്മിച്ചതോടെ ഒഴുക്ക് ജല ആവാസവ്യവസ്ഥയ്ക്ക് പകരമായി നിശ്ചല ജല ആവാസ വ്യവസ്ഥകൾ നിലവിൽ വന്നു. സ്വാഭാവിക ആവാസ വ്യവസ്ഥയിൽ ഉണ്ടായ ഈ സമൂലമായ മാറ്റം കുയിൽ മത്സ്യങ്ങൾ അടക്കമുള്ള പല ജലജീവികളുടെയും പോഷണത്തേയും ദേശാടനത്തേയും പ്രജനനത്തേയും ബാധിച്ചു. മുഴുവൻ ജലവും ജലസംഭരണികളിൽ തടഞ്ഞു നിർത്തപ്പെട്ടതിനാൽ പുഴയുടെ ജീവൻ നിലനിർത്താനുള്ള ഒഴുക്കുപോലും അണക്കെട്ടിന് താഴെ അനുവദിക്കാത്തതിനാൽ പല പുഴകളും അണക്കെട്ടിനു താഴെ ഒഴുക്ക് മുറിഞ്ഞു മരിച്ചു. ഇതുമൂലം പുഴയിലെ മത്സ്യ സമ്പത്തും അന്യമായി. വനമേഖല മുതൽ കടൽ വരെയുള്ള പാരിസ്ഥിതിക കണ്ണി അറ്റ് പോകുകയും ഒഴുക്കില്ലാതെ ചിലയിടങ്ങളിൽ കെട്ടിനിന്ന വെള്ളം പായലുകളും മാലിന്യങ്ങളും കൊണ്ട് നിറയുന്ന അവസ്ഥയും സംജാതമായി. ഇതിന്റെ ദൂഷ്യഫലം ആദ്യം ഏറ്റുവാങ്ങിയതും പുഴയിലെ മത്സ്യങ്ങൾ ആയിരുന്നു. കാർഷിക വികസനവും ഭക്ഷ്യോല്പാദനവും ലക്ഷ്യമിട്ട് കേരളത്തിൽ കുട്ടനാട് വികസന പദ്ധതിയുടെ ഭാഗമായി നടപ്പാക്കിയ തോട്ടപ്പള്ളി സ്പിൽവേയും തണ്ണീർമുക്കം ബണ്ടും നിലവിൽ വന്നതോടെ ഉൾനാടൻ മത്സ്യ സമ്പത്തിൽ പ്രത്യേകിച്ച് ആറ്റുകൊഞ്ച്, തൂളി, കറുവ, കക്ക എന്നിവയുടെ ഉല്പാദനത്തിൽ കുറവുണ്ടായി. 1960 കളിൽ 400 ടൺ ആയിരുന്ന ആറ്റുകൊഞ്ച് ഉല്പാദനം 1990 കളിൽ 39 ടൺ ആയി കുറഞ്ഞു. 1967ലെ കറുത്ത കക്കയുടെ ഉല്പാദനം 28,000 ടൺ ആയിരുന്നത് 1990 കളിൽ 12000 ടൺ ആയി കുത്തനെ ഇടിഞ്ഞു.

പൗരാണിക കാലം മുതൽ മത്സ്യബന്ധനം ഉപജീവനമാർഗ്ഗമായി അവലംബിച്ചിരുന്ന നമ്മുടെ ഉൾനാടൻ മത്സ്യത്തൊഴിലാളികൾക്ക് ജീവനോപാധി നഷ്ടം സംഭവിച്ചു. അതിലുപരി ചെലവുകുറഞ്ഞ മാംസ്യാഹാരത്തിന്റെ ലഭ്യതയേയും ഇത് ബാധിച്ചു. തന്മൂലം മത്സ്യത്തിനായി പുഴകളെയും ജലാശയങ്ങളെയും ആശ്രയിച്ചിരുന്ന ജനവിഭാഗങ്ങൾക്ക് പോഷകാഹാര ദൗർലഭ്യവും ഉണ്ടായി. ഈ സാഹചര്യം നിലനിൽക്കെയാണ് ഒമ്പതാം പഞ്ചവത്സര പദ്ധതിക്കാലത്ത് മത്സ്യകൃഷിയിലൂടെ മത്സ്യോല്പാദനം വർദ്ധിപ്പിക്കുന്നതിനായി ജനകീയ മത്സ്യകൃഷി പദ്ധതിക്ക് തുടക്കം കുറിച്ചത്. പദ്ധതിയുടെ ഭാഗമായി മത്സ്യകൃഷിയെ ജനകീയവൽക്കരിച്ച് പ്രാദേശികമായി എത്തിക്കുവാൻ കഴിഞ്ഞു എന്നതിനു പുറമേ ഉൾനാടൻ മത്സ്യോല്പാദനം പതിന്മടങ്ങ് വർദ്ധിപ്പിക്കുന്നതിനും സാധിച്ചു. തുടർന്ന് നടപ്പിലാക്കിയ മത്സ്യ കേരളം, മത്സ്യ സമൃദ്ധി പദ്ധതികളും ഇപ്പോൾ നടപ്പിലാക്കിവരുന്ന ജനകീയ മത്സ്യകൃഷി രണ്ടാംഘട്ടവുമെല്ലാം സംസ്ഥാനത്ത് മത്സ്യകൃഷിയിലൂടെയുള്ള മത്സ്യോല്പാദനം വർദ്ധിപ്പിക്കുന്നതിന് കാരണമായിട്ടുണ്ട്. എന്നിരുന്നാലും വിവിധ കാരണങ്ങളാൽ വർഷങ്ങളായി പായലുകളും മാലിന്യങ്ങളും കൊണ്ട് നിറഞ്ഞ് ഒഴുക്ക് തടസ്സപ്പെട്ട് മാലിന്യ കൂമ്പാരങ്ങളായും കൊതുകു പോലുള്ള രോഗവാഹകരുടെ പ്രജനന കേന്ദ്രങ്ങളായും മാറിക്കഴിഞ്ഞ ഒട്ടനവധി ജലാശയങ്ങളേയും കൈത്തോടുകളേയും മത്സ്യകൃഷിക്ക് ഉപയുക്തമാക്കുന്നതിന് കഴിഞ്ഞിരുന്നില്ല. ഈ സാഹചര്യത്തിലാണ് അവയെ പുനരുജീവിപ്പിച്ച് മത്സ്യകൃഷിക്ക് ഉപയുക്തമാക്കുന്ന എംബാങ്ക്മെന്റ് മത്സ്യകൃഷിക്ക് 2023-24 വർഷം സർക്കാർ തുടക്കം കുറിച്ചത്.

**വൈദ്യുതിക്കും ജലസേചനത്തിനുമായി നദികൾക്ക് കുറുകെ അണക്കെട്ടുകൾ നിർമ്മിച്ചതോടെ ഒഴുക്ക് ജല ആവാസവ്യവസ്ഥയ്ക്ക് പകരമായി നിശ്ചല ജല ആവാസ വ്യവസ്ഥകൾ നിലവിൽ വന്നു. സ്വാഭാവിക ആവാസ വ്യവസ്ഥയിൽ ഉണ്ടായ ഈ സമൂലമായ മാറ്റം കുയിൽ മത്സ്യങ്ങൾ അടക്കമുള്ള പല ജലജീവികളുടെയും പോഷണത്തേയും ദേശാടനത്തേയും പ്രജനനത്തേയും ബാധിച്ചു.**

## എംബാങ്ക്മെന്റ് മത്സ്യകൃഷി ?

നിലവിൽ മത്സ്യകൃഷിക്ക് ഉപയുക്തമാക്കാത്തതും പൊതുജലാശയങ്ങളുമായി ബന്ധപ്പെട്ടു കിടക്കുന്ന തോടുകൾ, കനാലുകൾ, കൈവഴികൾ, അരുവികൾ തുടങ്ങി മത്സ്യകൃഷിക്ക് അനുയോജ്യമായ ജലാശയങ്ങളിൽ മത്സ്യകൃഷി നടത്തുകയും അതുവഴി മത്സ്യോല്പാദനം വർദ്ധിപ്പിക്കുകയും സുസ്ഥിര വരുമാനം ഉറപ്പാക്കുകയും ചെയ്യുക എന്ന ലക്ഷ്യത്തോടെ സംസ്ഥാന സർക്കാർ ധനസഹായത്തോടെ നടപ്പാക്കുന്ന പദ്ധതിയാണിത്. ജലാശയങ്ങളിൽ വല വളപ്പുകൾ നിർമ്മിച്ചും പരിസ്ഥിതി സൗഹൃദ രീതിയിൽ താൽക്കാലിക ചിറകൾ (തടയണകൾ) കെട്ടിയും തദ്ദേശീയ മത്സ്യ വിത്തുകൾ നിക്ഷേപിച്ച് ശാസ്ത്രീയ പരിപാലന മുറകളിലൂടെ വളർത്തിയെടുക്കുന്നു. ആദ്യഘട്ടമായി 50 ഹെക്ടർ ജലാശയത്തിൽ എംബാങ്ക്മെന്റും 40 യൂണിറ്റ് വലവളപ്പുകളും സ്ഥാപിച്ച് മത്സ്യകൃഷി നടത്തുന്നതിനാണ് ലക്ഷ്യമിടുന്നത്. ഇതിനകം 19 ഹെക്ടർ എംബാങ്ക്മെന്റ് പൂർത്തീകരിക്കുകയും 28 യൂണിറ്റ് വലവളപ്പുകളിൽ കുഞ്ഞുങ്ങളെ നിക്ഷേപിക്കുകയും ചെയ്തിട്ടുണ്ട്. 492 ലക്ഷം രൂപ ഇതിനായി വകയിരുത്തിയിട്ടുണ്ട്. ഇതിലൂടെ 90 ടൺ മത്സ്യത്തിന്റെ അധിക ഉല്പാദനം ലക്ഷ്യമിടുന്നു.

കുടുംബശ്രീ, മത്സ്യത്തൊഴിലാളി സഹകരണസംഘം, സ്വയം സഹായ സംഘങ്ങൾ എന്നിങ്ങനെ ഗ്രൂപ്പ് അടിസ്ഥാനത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി ചേർന്നാണ് പദ്ധതി നടപ്പിലാക്കുന്നത്.







**എംബാങ്ക്മെന്റ് പദ്ധതിയുടെ യൂണിറ്റ് ചെലവ് ഒരു ഹെക്ടറിന് പരമാവധി 15 ലക്ഷം രൂപ വരെയും ഒരു പെൻ യൂണിറ്റിന് 1.75 ലക്ഷം രൂപയുമാണ്. 60 % സർക്കാർ സഹായം നൽകുന്നതാണ്. എംബാങ്ക്മെന്റ് പദ്ധതിയിൽ മത്സ്യവിത്ത് സൗജന്യമായി അനുവദിക്കുകയും ചെയ്യുന്നു.**

### നേട്ടങ്ങൾ

- ഒഴുക്ക് നഷ്ടപ്പെട്ട് കളസസ്യങ്ങളും മാലിന്യങ്ങളും നിറഞ്ഞ ജലാശയങ്ങൾക്ക് പുതുജീവൻ നൽകി മത്സ്യോല്പാദനം വർദ്ധിപ്പിക്കുവാൻ കഴിയുന്നു.
- ജലാശയങ്ങൾ മാലിന്യമുക്തമാക്കി പരിസ്ഥിതി സംരക്ഷണം ഉറപ്പുവരുത്തുവാൻ കഴിയുന്നു.
- തൊഴിലും തൊഴിൽദിനങ്ങളും അതിലൂടെ വരുമാന വർദ്ധനവും സാധ്യമാകുന്നു.
- ജലാശയങ്ങൾക്ക് പുതുജീവൻ ലഭിക്കുന്നതിനാൽ മത്സ്യബന്ധനം ടൂറിസം മേഖലകളിലും പ്രതിഫലനം സൃഷ്ടിക്കുന്നു.
- ലഭ്യമായ ജലസ്രോതസ്സുകളെ ഫലപ്രദമായി വിനിയോഗിക്കുവാനും മലിനീകരണം തടഞ്ഞു മത്സ്യോല്പാദനം വർദ്ധിപ്പിക്കുവാനും കഴിയുന്നു.





# കേരളവും മത്സ്യ വിപണനത്തിൽ ലോകോത്തര നിലവാരത്തിലേക്ക്

## കോഴിക്കോട് ആലുവ മത്സ്യ മാർക്കറ്റ് സമുച്ചയങ്ങൾക്ക് 103 കോടി രൂപ

**ശ്യാംകുമാർ. എസ്**

മത്സ്യ ഉല്പാദന മേഖലയിൽ ശ്രദ്ധേയമായ സ്ഥാനം നമുക്ക് കൈവരിക്കുവാൻ കഴിഞ്ഞിട്ടുണ്ടെങ്കിലും മത്സ്യ സംസ്കരണത്തിലും വിപണനത്തിലും അന്തർദേശീയ നിലവാരം ഉറപ്പിക്കുക എന്നത് കേരളത്തിന്റെ സ്വപ്നമായിരുന്നു. അതിന്റെ ആദ്യ പടിയായി മാർക്കറ്റുകളെ നവീകരിച്ച് ആധുനിക സൗകര്യങ്ങളോട് കൂടിയ മാർക്കറ്റുകളാക്കി ഉയർത്തേണ്ടതുണ്ട്. മാർക്കറ്റുകൾ ആധുനികവത്ക്കരിക്കുന്നത് വിപണന മേഖലയുടെ നിലവാരം മെച്ചപ്പെടുത്തുന്നതിനും ഗുണനിലവാരമുള്ള ഉൽപ്പന്നങ്ങളുടെ വിപണനം വർദ്ധിപ്പിക്കുന്നതിനും സഹായകമാകും.

മത്സ്യബന്ധനവും അതിന്റെ സംസ്കരണവും വിപണനവും എല്ലാം കേരളത്തിന്റെ പ്രാദേശിക സമ്പദ്‌വ്യവസ്ഥയിലും സംസ്കാരത്തിലും പ്രധാന പങ്ക് വഹിക്കുന്നതാണ്. ജലസമൃദ്ധിയിലും സാങ്കേതികവിദ്യയിലൂന്നിയ മത്സ്യബന്ധന പ്രവർത്തനങ്ങളും മത്സ്യ സംസ്കരണത്തിലും അവയുടെ കയറ്റുമതിയിലും ഇന്ത്യയിൽ പ്രഥമ സ്ഥാനമാണ് കേരളത്തിനുള്ളത്. ഇതിനാൽ തന്നെ രാജ്യത്തെ മത്സ്യബന്ധന പ്രവർത്തനങ്ങളുടെ ഒരു കേന്ദ്രമായി കേരളം മാറി കഴിഞ്ഞിട്ടുണ്ട്. മത്സ്യം കേരളീയരുടെ പ്രധാന ഭക്ഷണത്തിൽ ഒന്നു മാത്രമല്ല കേരളത്തിലേക്ക് വിദേശികളെ ആകർഷിക്കുന്നതിനും ടൂറിസം പ്രോത്സാഹിപ്പിക്കുന്നതിനും സഹായകമായ ഒരു ഘടകം കൂടിയാണ്. കേരളത്തിലെ സമുദ്ര, കായൽ മത്സ്യവിഭവങ്ങളുടെ രുചി കേട്ടറിഞ്ഞ് കരിമീൻ പൊള്ളിച്ചതും ആറ്റുകൊഞ്ച് റോസ്റ്റും തിരുതക്കറിയും കഴിക്കാനായി കേരളത്തിൽ എത്തുന്ന ടൂറിസ്റ്റുകളും ഏറെയാണ്. ഈ സാധ്യതകളെ പ്രയോജനപ്പെടുത്തണമെങ്കിൽ നമ്മുടെ മത്സ്യ വിപണന സൗകര്യങ്ങൾ ഇനിയും ഏറെ മെച്ചപ്പെടേണ്ടതുണ്ട്. ഇതിന്റെ ആദ്യഘട്ടം എന്ന നിലയിലാണ് കോഴിക്കോട്, ആലുവ മത്സ്യ മാർക്കറ്റുകളെ ലോകോത്തര നിലവാരത്തിലേക്ക് ഉയർത്തുന്നതിന് 103 കോടി രൂപ നീക്കി വെച്ചിട്ടുള്ളത്. കേരളത്തിൽ മത്സ്യ വിപണനം ഏറിയ പങ്കും നടക്കുന്നത് മത്സ്യ മാർക്കറ്റുകൾ അഥവാ മീൻ ചന്തകൾ എന്നറിയപ്പെടുന്ന പ്രാദേശിക വിപണിയിലൂന്നിയാണ്. മത്സ്യത്തൊഴിലാളികൾ, കച്ചവടക്കാർ, ഉപഭോക്താക്കൾ എന്നിവർ വിവിധയിനം മത്സ്യങ്ങൾ വിൽക്കുവാനും വാങ്ങുവാനും ഒന്നു ചേരുന്ന ഊർജ്ജസ്വലമായ കേന്ദ്രങ്ങളാണ് ഇവിടം. പലപ്പോഴും പുലർച്ചെയാണ് ഇവിടങ്ങളിൽ മത്സ്യ വിൽപന ഏറിയ പങ്കും നടക്കുന്നത്. വാങ്ങുന്നവർക്ക് മത്സ്യം പരിശോധിക്കുന്നതിനും മീൻപിടുത്തക്കാർക്ക് മത്സ്യം ലേലം ചെയ്ത് വിൽക്കുന്നതിനുള്ള സൗകര്യവും ഉണ്ട്. ഇതിലൂടെ ഗുണനിലവാരമുള്ള മത്സ്യം ഉപഭോക്താവിനും ഉയർന്ന വില മത്സ്യത്തൊഴിലാളികൾക്കും ലഭിക്കുന്നു. തലച്ചുമടായി വീടു വീടാന്തരം കൊണ്ടുപോയി മത്സ്യവിപണനം നടത്തുന്ന ചില്ലറ വിൽപ്പന രീതി നിലവിലുണ്ടായിരുന്നു. ഇവ ഇരുചക്ര വാഹനങ്ങളിലേക്കും ഓൺലൈൻ സംവിധാനത്തിലേക്കും ഫ്രഷ് ഫിഷ് പോയിന്റിലേക്കും അന്തിപ്പച്ചയിലേക്കും മാറിയിട്ടുണ്ട്. മത്സ്യം, ചെമ്മീൻ, മറ്റ് സമുദ്രോല്പന്നങ്ങൾ എന്നിവ ഉൾപ്പെടെയുള്ള സമുദ്ര വിഭവങ്ങളുടെ കയറ്റുമതിയിൽ മുൻപന്തിയിൽ നിൽക്കുന്ന ഇന്ത്യയിലെ ഒരു സംസ്ഥാനം കൂടിയാണ് കേരളം. കയറ്റുമതി അധിഷ്ഠിത മത്സ്യവിപണന ബിസിനസുകൾക്ക് കേരളത്തിന്റെ സമ്പത്ത് വ്യവസ്ഥയിൽ നിർണായക സ്ഥാനമാണുള്ളത്. കേരളത്തിലെ സമുദ്രോല്പന്നങ്ങളുടെ ഗുണനിലവാരവും പുതുമയും കാരണം മിഡിൽ ഈസ്റ്റ്, യൂറോപ്പ്, അമേരിക്ക, തെക്ക് കിഴക്കൻ ഏഷ്യ എന്നിവിടങ്ങളിലെ അന്താരാഷ്ട്ര വിപണിയിൽ വലിയ പ്രിയമാണുള്ളത്. അന്താരാഷ്ട്ര വിപണിയുടെ ആവശ്യകതകൾ നിറവേറ്റുന്ന കർശനമായ ഗുണനിലവാര മാനദണ്ഡങ്ങളും ചട്ടങ്ങളും ശുചിത്വവും സുസ്ഥിരത ഉറപ്പാക്കുന്നതിനുള്ള സാക്ഷ്യപ്പെടുത്തലും എല്ലാം ഇതിൽ ഉൾപ്പെടുന്നു. കൂടാതെ സംസ്ഥാനത്തിന്റെ സമ്പന്നമായ മത്സ്യബന്ധന പാരമ്പര്യത്തെയും പ്രാദേശിക ആഗോള വിപണികളിലേയും അതിന്റെ പ്രാധാന്യത്തെയും ഇത് പ്രതിഫലിപ്പിക്കുന്നു. മാറിക്കൊണ്ടിരിക്കുന്ന ഉപഭോക്തൃ മുൻഗണനകളും വിപണന ആവശ്യകതകളും പ്രവണതകളിലും ഊന്നിയുള്ള വികസനമാണ് ഉണ്ടാകേണ്ടത്. ഇത്തരത്തിൽ മത്സ്യത്തിന്റെ പുതുമ നിലനിർത്താൻ മാർക്കറ്റിൽ മതിയായ ശീതീകരണവും ശുചിത്വ സംവിധാനവും ശുദ്ധജല ലഭ്യതയും മാലിന്യ സംസ്കരണ യൂണിറ്റുകളും ശുചിമുറികളും വിശ്രമസ്ഥലവും എല്ലാം ഒരുക്കിയാണ് കോഴിക്കോടും ആലുവയിലും മാർക്കറ്റ് നിർമ്മിക്കുന്നത്

ഈ സമുച്ചയങ്ങളിൽ ഓൺലൈൻ വിപണന സൗകര്യം, മൾട്ടി ക്യൂസീൻ റസ്റ്റോറന്റുകൾ, വിശാലമായ ഹൈപ്പർ മാർട്ടുകൾ, പാർക്കിംഗ് സൗകര്യം, ലിഫ്റ്റ് സൗകര്യം, എയർകണ്ടീഷനിംഗ് എന്നിവയെല്ലാം ഉൾപ്പെടുത്തിയിട്ടുണ്ട്. ഉൽപ്പന്നങ്ങൾ കയറ്റി ഇറക്കുന്നതിനും, സംഭരിക്കുന്നതിനുമുള്ള സൗകര്യങ്ങളും ഒരുക്കിയിട്ടുണ്ട്. വിശാലമായ ഔട്ട്ലെറ്റുകൾ, ശൌചാലായ സൗകര്യം, വിശ്രമ മുറികൾ, ഫുഡ്കോർട്ടുകൾ, കിയോസ്കുകൾ, വിൽപ്പന ഔട്ട്ലെറ്റുകൾ, സൂപ്പർമാർക്കറ്റ് എന്നിവയും ഉൾപ്പെടുത്തിയിരിക്കുന്നു. മാലിന്യ നിർമ്മാർജ്ജനത്തിന് ആധുനിക രീതിയിലുള്ള ETP/STP സൗകര്യവും ഉൾപ്പെടുത്തിയിട്ടുണ്ട്. ബഹുനിലകളായി വിഭാവനം ചെയ്തിട്ടുള്ള മാർക്കറ്റ് കേരളത്തിന്റെ സാംസ്കാരിക തനിമ ഒട്ടും ചോരാതെ വാസ്തുചാരുതയും കോർത്തിണക്കിയാണ് നിർമ്മിക്കുന്നത് എല്ലാ ആധുനിക സജ്ജീകരണങ്ങളും ഒരുക്കിയിട്ടുള്ള മത്സ്യമാർക്കറ്റുകൾ മത്സ്യവിപണന രംഗത്തിന് ഒരു മുതൽക്കൂട്ടും മാതൃകയുമാകും.

# അറിയിപ്പുകൾ

**മത്സ്യകൃഷി പദ്ധതികൾക്ക് അപേക്ഷ ക്ഷണിച്ചു.**
കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ ധനസഹായത്താൽ മത്സ്യകൃഷി ചെയ്യുന്നതിന് താത്പര്യമുള്ളവരിൽ നിന്നും അപേക്ഷകൾ ക്ഷണിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് മത്സ്യഭവനുകളുമായി ബന്ധപ്പെടുക.



## ജില്ലാ മത്സ്യഭവൻ

| ജില്ല | ഫോൺ നമ്പർ |
|---|---|
| തിരുവനന്തപുരം | 04712450773 |
| കൊല്ലം | 04742792850 |
| പത്തനംതിട്ട | 04682223134 |
| ആലപ്പുഴ | 04772252367 |
| കോട്ടയം | 04812566823 |
| ഇടുക്കി | 04869222326 |
| എറണാകുളം | 04842394476 |
| തൃശ്ശൂർ | 04872331132 |
| പാലക്കാട് | 04912815245 |
| മലപ്പുറം | 04942666428 |
| കോഴിക്കോട് | 04952383780 |
| വയനാട് | 04936255214 |
| കണ്ണൂർ | 04972731081 |
| കാസർഗോഡ് | 04672202537 |

## കടൽ രക്ഷാപ്രവർത്തനം

**മാസ്റ്റർ കൺട്രോൾ റൂം:**
**0471 2960896, 8547155621**

## മേഖല കൺട്രോൾ റൂമുകൾ

| | |
|---|---|
| വിഴിഞ്ഞം | 0471 2480335, 9447141189 |
| വൈപ്പിൻ | 04842502768, 9496007048 |
| ബേപ്പൂർ | 04952414074, 9496007038 |

## ഫിഷറീസ് സ്റ്റേഷൻ

| | |
|---|---|
| നീണ്ടകര | 04762680036 |
| തോട്ടപ്പള്ളി | 04772297707 |
| അഴിക്കോട് | 04802996090 |
| പൊന്നാനി | 04942667428 |
| കണ്ണൂർ | 04972732487 |
| കാസർഗോഡ് | 9747558835 |

## ടോൾ ഫ്രീ നമ്പർ 18004253183

## 0471 2525200

## ഗുണമേന്മയുള്ള മത്സ്യവിത്തുകൾക്ക്

| | |
|---|---|
| നെയ്യാർ ഡാം | 0471 2966917 |
| ഓടയം | 9400699410 |
| വെസ്റ്റ് കല്ലട | 8089087431 |
| കുളത്തൂപ്പുഴ | 0475 2912800 |
| നീണ്ടകര | 9207019320 |
| തേവള്ളി | 9495474881 |
| പന്നിവേലിച്ചിറ | 04682214589, 9207046696 |
| പോളച്ചിറ | 9539930476, 9747668168 |
| പള്ളം | 0481 2434039 |
| ഭൂതത്താൻകെട്ട് | 9446663309 |
| പീച്ചി | 0487 2960205 |
| അഴീക്കോട് | 0480 2819698 |
| മലമ്പുഴ | 9496208766 |
| മംഗലം | 8891517615 |
| വാളയാർ | 7012593668 |
| മീങ്കര | 8547705877 |
| ചുള്ളിയാർ | 9447533527 |
| ഉള്ളനം | 0494 2961018 |
| കല്ലനോട് | 0496 2617833 |
| തളിപ്പുഴ | 9497450499 |
| കാരാപ്പുഴ | 9497479045 |
| പൊയ്യ | 0480 2890133 |
| ആയിരംതെങ്ങ് | 8078791606 |
| എരഞ്ഞോളി | 0490 2354073 |

# തീരസദസ്സ് മണ്ഡലങ്ങളിലൂടെ...



































തീരസദസ്സ്

# ജില്ലകളിലൂടെ...



കൃത്രിമപാര് നിക്ഷേപം – തിരുവനന്തപുരം



ആഴക്കടൽ മത്സ്യബന്ധന ബോട്ട് വിതരണം – കൊല്ലം



സാമൂഹിക മത്സ്യ കൃഷി – പത്തനംതിട്ട



പടനിലം മാർക്കറ്റ് തറകല്ലിടൽ – ആലപ്പുഴ



അലങ്കാര മത്സ്യ കൃഷി സെമിനാർ – തിരുവനന്തപുരം



ആധാരം തിരിച്ച് നൽകൽ – കൊല്ലം



അലങ്കാര മത്സ്യ കൃഷി ധനസഹായ വിതരണം
തിരുവനന്തപുരം



മത്സ്യസേവന കേന്ദ്രം – തൃശ്ശൂർ












മത്സ്യഫെഡ് ഫിഷ് മാർട്ട്
മടത്തറ
MATSYAFED FISH MART
MADATHARA





# കേരളത്തിന്റെ മത്സ്യ മേഖല

| | |
|---|---|
| തീരദേശം | 590 Km |
| ഭൂവിസ്തൃതി | 38863Km2 |
| വൻകരത്തിട്ട | 39139 Km2 |
| Exclusive Economic Zone (EEZ) | 218536 Km2 |
| മത്സ്യത്തൊഴിലാളി കുടുംബങ്ങൾ (FIMS)- | 2,06,549 |
| മത്സ്യത്തൊഴിലാളി ജനസംഖ്യ (Estimated) 2023-24 | 10,69,116 |
| സജീവ മത്സ്യത്തൊഴിലാളി 2023 | 2,36,992 |
| മറൈൻ | 1,91,016 |
| ഉൾനാടൻ | 49,958 |
| അനുബന്ധമത്സ്യത്തൊഴിലാളികൾ 2023 | 79,598 |
| വേലിയേറ്റ രേഖയിൽ നിന്നും 50 മീറ്ററിനുള്ളിൽ അധിവസിക്കുന്ന കുടുംബങ്ങൾ | 18,685 |
| മത്സ്യബന്ധന വില്ലേജുകൾ | 335 |
| പ്രാഥമിക മത്സ്യബന്ധന സഹകരണ സംഘങ്ങൾ (മത്സ്യഫെഡിൽ അഫിലിയേറ്റ് ചെയ്തത്) | 696 |
| ആകെ മത്സ്യബന്ധന യാനങ്ങൾ (13/02/2024) | 44694 |
| യന്ത്രവത്കൃത ബോട്ടുകൾ | 6822 |
| മോട്ടോർഘടിപ്പിച്ച യാനങ്ങൾ | 34296 |
| മോട്ടോർ ഘടിപ്പിക്കാത്ത യാനങ്ങൾ | 3576 |
| നദികൾ (എണ്ണം) | 44 |
| നദികൾ (വിസ്തൃതി) | 85,000 ഹെക്ടർ |
| അഴിമുഖം (എണ്ണം) | 37 |
| പൊഴി (എണ്ണം) | 43 |
| കുളങ്ങളും ടാങ്കുകളും (വിസ്തൃതി) | 27,625 ഹെക്ടർ |
| കായലുകൾ (വിസ്തൃതി) | 46,129 ഹെക്ടർ |
| കൃഷിക്ക് അനുയോജ്യമായ ഓരുജല കുളങ്ങൾ | 2,543 ഹെക്ടർ |
| കൃഷിക്ക് അനുയോജ്യമായ ശുദ്ധജല കുളങ്ങൾ | 8470 ഹെക്ടർ |
| ചെമ്മീൻ വാറ്റ് പാടങ്ങൾ | 12,873 ഹെക്ടർ |
| ആകെ മാർക്കറ്റുകൾ (എണ്ണം) | 1290 |
| മത്സ്യ മാർക്കറ്റുകൾ (എണ്ണം) | 228 |
| മത്സ്യ ഉല്പാദനം 2021-22 | 8.26 ലക്ഷം ടൺ |
| മത്സ്യ ഉല്പാദനം 2022-23 | 9.20 ലക്ഷം ടൺ |
| സമുദ്ര മത്സ്യ ഉല്പാദനം 2021-22 | 6.008 ലക്ഷം ടൺ |
| സമുദ്ര മത്സ്യ ഉല്പാദനം 2022-23 | 6.90 ലക്ഷം ടൺ |
| ഉൾനാടൻ മത്സ്യ ഉല്പാദനം 2021-22 | 2.25 ലക്ഷം ടൺ |
| ഉൾനാടൻ മത്സ്യ ഉല്പാദനം 2022-23 | 2.29 ലക്ഷം ടൺ |
| മത്സ്യകൃഷിയിലൂടെ മത്സ്യ ഉൽപാദനം 2021-22 | 37521 ടൺ |
| മത്സ്യകൃഷിയിലൂടെ മത്സ്യ ഉൽപാദനം 2022-23 | 38172 ടൺ |
| ഇന്ത്യയിലെ സമുദ്ര മത്സ്യ ഉല്പാദനത്തിൽ കേരളത്തിൻറെ പങ്ക് (2021-22) | 14.56% |
| ഇന്ത്യയിലെ സമുദ്ര മത്സ്യ കയറ്റുമതിയിൽ കേരളത്തിന്റെ പങ്ക് (2022-23) | 12.95% |



# NO TO DRUGS

ലഹരി വിമുക്തമാം നല്ലൊരു നാളെയ്ക്കായി...
നമുക്കൊരുമിക്കാം...
കൈകോർക്കാം...
സൃഷ്ടിക്കാം...
സമാധാന തീരം, സുന്ദര തീരം...

കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ്